പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അൻപത്തിയൊന്നാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അൻപത്തിയൊന്നാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

829/2024.

<u>ഉള്ളടക്കം</u>

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I :		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	..	80
അനുബന്ധം II :		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	..	88

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ അൻപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ജൂൺ 27.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12, 2012-13 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

സാംസ്കാരികകാര്യ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

അവലോകന റിപ്പോർട്ട്

ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതി

ഹിന്ദിയിലും മറ്റ് ആധുനിക ഇന്ത്യൻ ഭാഷകളിലും ശാസ്ത്രസാങ്കേതിക പദങ്ങൾ ഉൾക്കൊള്ളിച്ച് നിഘണ്ടുക്കൾ, പദകോശങ്ങൾ, നിർവ്വചന നിഘണ്ടുകൾ, വിജ്ഞാന കോശങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ മാനവശേഷി വികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക പദാവലി കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് (CSTT - Commission for Scientific and Technical Terminology). ഇതിന്റെ ഭാഗമായി 2009-10, 2010-11 കാലയളവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (സിൽ) മുഖേന വിവിധ വിഷയങ്ങളിലുള്ള ഇംഗ്ലീഷ്-മലയാളം-ഹിന്ദി ത്രിഭാഷാ നിഘണ്ടുവും നിർവ്വചന നിഘണ്ടുവും തയ്യാറാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സി.എസ്.റ്റി.റ്റി.-യും തമ്മിൽ 3-7-2009-ൽ കരാറിലേർപ്പെട്ടു. പ്രസ്തുത പദകോശങ്ങളുടെ നിർമ്മാണപദ്ധതി ഓഡിറ്റ് അവലോകനം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2009-10 വർഷത്തിലാണ് ആദ്യമായി ഈ പദ്ധതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്നത്. ഗ്ലോസറി നിർമ്മാണം ഘട്ടം ഘട്ടമായിട്ടാണ് നടന്നത്. ഒരു സംഘം വിദഗ്ധർ അക്കാദമിക് സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് ഗ്ലോസറി പ്രവർത്തനം നടത്തിയത്. കയ്യെഴുത്തുപ്രതി തയ്യാറായാൽ അത് കമ്മീഷന്റെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത സംരംഭമായി പ്രസിദ്ധീകരിക്കുന്നു.

1. ഓഡിറ്റ് കണ്ടെത്തലുകൾ

(എ) ധാരണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും

3-7-2009 -ൽ ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധനകൾ പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് തന്നെ അക്കാഡമിക്ക് സൂപ്പർവൈസറായി പ്രവർത്തിക്കാവുന്നതാണ്. ഒരേസമയം ഇൻസ്റ്റിറ്റ്യൂട്ടിനും അക്കാഡമിക്ക് സൂപ്പർവൈസർക്കും പരമാവധി 6-ഉം 3-ഉം വിഷയങ്ങൾ യഥാക്രമം കൈകാര്യം ചെയ്യാവുന്നതാണ്. എന്നാൽ 2009-10 ലും 2010-11 ലും ഇൻസ്റ്റിറ്റ്യൂട്ട് 8 വിഷയങ്ങൾ വീതം കൈകാര്യം ചെയ്തിരിക്കുന്നു. അക്കാഡമിക്ക് സൂപ്പർവൈസർക്ക് വിദഗ്ധരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഓരോ വിഷയങ്ങളിലുമുള്ള വിദഗ്ധരെ തെരഞ്ഞെടുത്തതിന് ശേഷമുള്ള യോഗങ്ങളിൽ എല്ലാ ദിവസവും അക്കാഡമിക്ക് സൂപ്പർവൈസറുടെ മേൽനോട്ടമുണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ 2010-11 ൽ തിരുവനന്തപുരത്ത് കൈകാര്യം ചെയ്ത 5 വിഷയങ്ങളുടെയും അക്കാഡമിക്ക് സൂപ്പർവൈസർ അസി. ഡയറക്ടറായിരുന്ന ശ്രീ.മൊഹമ്മദ് മാഹീനാണ്. അതനുസരിച്ചുള്ള ഓണറേറിയവും കൈപ്പറ്റിയിട്ടുണ്ട്.

(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി

2009-10, 2010-11 കാലയളവിലെ ത്രിഭാഷാ പദകോശത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ വൻതുക ഓണറേറിയമായി കൈപ്പറ്റിയിട്ടുണ്ട്. അക്കാദമിക്ക് സൂപ്പർവൈസർ, വിദഗ്ധർ, സെക്രട്ടേറിയൽ അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചതിനാണ് സി.എസ്.റ്റി.റ്റി.യിൽ നിന്നും ഓണറേറിയം ലഭിച്ചത്. 2009-10 കാലയളവിൽ പ്രതിദിനം 500/- രൂപ നിരക്കിലും 2010-11 കാലയളവിൽ പ്രതിദിനം 1,000 രൂപ നിരക്കിലുമായിരുന്നു ഓണറേറിയം അനുവദിച്ചിരുന്നത്. എന്നാൽ വൻതുക കൈപ്പറ്റുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും മുൻകൂട്ടിയുള്ള അനുമതി തേടിയില്ല.

ഓണറേറിയം കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്രമ നമ്പർ	പേര്	തസ്തിക	കൈപ്പറ്റിയ തുക
(1)	(2)	(3)	(4)
1	ഡോ. പി. കെ. പോക്കർ	ഡയറക്ടർ	34000
2	എസ്. സുരേഷ്	അസി. ഡയറക്ടർ	87500
3	എ. ജി. ഒലീന	റിസർച്ച് ഓഫീസർ	76500

(1)	(2)	(3)	(4)
4	ഡോ. എ. മുഹമ്മദ് മാഹീൻ	അസി. ഡയറക്ടർ	68000
5	സി. അശോകൻ	എഡിറ്റോറിയൽ അസിസ്റ്റന്റ്	67000
6	ജി. ബി. ഹരീന്ദ്രനാഥ്	ടി	46000
7	ഡോ. ബി. സുഗീത	ടി	66000
8	ഡോ. ആർ. രാധാകൃഷ്ണൻ	യു.ഡി.സി.	26000
9	എസ്. ഹരിപ്രിയ	യു.ഡി.സി.	16000
10	കെ. സെയ്തലവി	കാഷ്യർ	57000
11	ദിവ്യ കെ. വി.	യു.ഡി.സി.	4000
		ആകെ (രൂപ)	**548000**

(സി) <u>സി.എസ്.റ്റി.റ്റി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ</u>

ഗ്ലോസറി നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന സി.എസ്.റ്റി.റ്റി. ഗ്രാന്റിൽ നിന്നോ (സർവ്വകലാശാല തലത്തിലുള്ള പുസ്തകങ്ങൾ നിർമ്മിക്കുന്നതിന്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടിൽ നിന്നോ ചെലവാക്കിയതിനു ശേഷം കമ്മീഷൻ ആയത് റീഇംബേഴ്സ് ചെയ്തു നൽകുമെന്നതാണ് ധാരണാപത്രത്തിലെ നിബന്ധന. 2009-10 വർഷത്തിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് ആറ് ഘട്ടങ്ങളിലായും, കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിൽ വച്ച് അഞ്ച് ഘട്ടങ്ങളിലായുമാണ് ഗ്ലോസറി നിർമ്മാണം നടന്നിരുന്നത്. ആകെ 8 വിഷയങ്ങളിൽ നടന്ന ഗ്ലോസറി പ്രവർത്തനത്തിനായി 30,21,451/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2010-11 കാലയളവിൽ തിരുവനന്തപുരത്ത് ആറ് ഘട്ടങ്ങളിലായും കോഴിക്കോട് ഏഴ് ഘട്ടങ്ങളിലായും ആകെ 8 വിഷയങ്ങളിൽ ഗ്ലോസറി നിർമ്മാണ പ്രവർത്തനം നടന്നു. ഇതിനായി ആകെ 71,71,147/- രൂപ ചെലവായി. സി.എസ്.റ്റി.റ്റി.യിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുള്ള ആകെ വരവ് 1,00,82,606/- രൂപയാണ്. 2009-10 -ലെ ചെലവ് 30,21,451/- രൂപയും 2010-11 -ലെ ചെലവ് 71,71,147/-രൂപയും ഉൾപ്പെടെ ആകെ ചെലവ് 1,01,92,598/- രൂപയാണ്.

ഗ്ലോസറി പ്രവർത്തനവുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 10 പ്രകാരം കേന്ദ്ര ധനസഹായം പ്രത്യേകം അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. സ്പെഷ്യൽ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ ചട്ടം 38-ൽ അനുശാസിക്കും പ്രകാരം അപ്രോപ്രിയേഷൻ രജിസ്റ്ററിൽ (AF No.20) എഴുതി സൂക്ഷിക്കേണ്ടതാണ്. ഗ്ലോസറി പ്രവർത്തനത്തിനുള്ള ചെലവ് തുക മുഴുവനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് ആധാരമായ വൗച്ചറുകളൊന്നും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ ഫിനാൻഷ്യൽ അസിസ്റ്റന്റോ കണ്ടിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിന്റെ ഡ്രോയിംഗ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണെന്നിരിക്കെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അഭിപ്രായം തേടാതിരുന്നതും, സാമ്പത്തിക കാര്യങ്ങളിൽ ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെ ഉപദേശം തേടാത്തതും ഗുരുതരമായ വീഴ്ചയാണ്.

(ഡി) <u>ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച</u>

സി.എസ്.റ്റി.റ്റി.-യുമായി ഇൻസ്റ്റിറ്റ്യൂട്ട് ഒപ്പിട്ട ധാരണാപത്രത്തിലെ നിബന്ധന പ്രകാരം പുറത്തിറക്കുന്ന പ്രസിദ്ധീകരണത്തിന്റെ പകർപ്പവകാശം കമ്മീഷനും ഇൻസ്റ്റിറ്റ്യൂട്ടിനും കൂടിയാണ്. നിബന്ധന 8 പ്രകാരം ഗ്ലോസറികളുടെ വില ഇൻസ്റ്റിറ്റ്യൂട്ടിന് തന്നെ നിശ്ചയിക്കാവുന്നതാണ്. സിൽ ഫിനാൻസ് ആന്റ് അക്കൗണ്ട്സ് റൂൾസിലെ ചട്ടം 70 പ്രകാരമാണ് ഡയറക്ടർ വില നിശ്ചയിക്കുന്നത്.

2009-10 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	തിരുവനന്തപുരം	ക്രമ നമ്പർ	കോഴിക്കോട്
1	ഭൗതികശാസ്ത്രം	1	ചരിത്രം
2	രസതന്ത്രം	2	തത്വചിന്ത
3	സസ്യശാസ്ത്രം	3	ജേർണലിസം
4	ജന്തുശാസ്ത്രം		
5	മൃഗപരിചരണം		

2010-11 വർഷം ഗ്ലോസറി പ്രവർത്തനം നടന്ന വിഷയങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	തിരുവനന്തപുരം	ക്രമ നമ്പർ	കോഴിക്കോട്
1	ഇക്കണോമിക്സ്	1	നിയമം
2	ജ്യോഗ്രഫി	2	പൊളിറ്റിക്കൽ സയൻസ്
3	അഗ്രികൾച്ചർ	3	കൾച്ചറൽ സ്റ്റഡീസ് (Definition Dictionary)
4	ജിയോളജി		
5	ഫിലോസഫി (Definition Dictionary)		

2009-10-ൽ തയ്യാറാക്കിയ ഗ്ലോസറികൾ എല്ലാം പുറത്തിറക്കിയിട്ടുണ്ട്. 2010-11-ൽ പൂർത്തിയായ ഗ്ലോസറികളിൽ 2 എണ്ണം ഒഴികെ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. രണ്ട് സാമ്പത്തിക വർഷം പിന്നിടുമ്പോഴും ബാക്കി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാത്തത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നു.

(ഇ) <u>ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റുവരവ്, വിൽപ്പന നിലവാരം</u>

ത്രിഭാഷാ പദകോശങ്ങളുടെ 1100 കോപ്പികൾ വീതമാണ് പ്രിന്റ് ചെയ്തിട്ടുള്ളത് (100 കോംപ്ലിമെന്ററി). ഇവയെല്ലാം മെയിൻ ഗോഡൗണിലെ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടുണ്ട്. ഗ്ലോസറിയുടെ വിറ്റുവരവ് തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. 1100 കോപ്പികൾ വീതം അച്ചടിച്ച ഗ്ലോസറികൾക്ക് നല്ല വിൽപ്പനയുള്ളതായി കാണുന്നു. 16-2-2013-ൽ നടത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ അവശേഷിക്കുന്ന ഗ്ലോസറികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

സിൽ നമ്പർ	ത്രിഭാഷാ പദകോശം	സ്റ്റോക്കിൽ അവശേഷിക്കുന്ന എണ്ണം
2547	ജന്തുശാസ്ത്രം	211
2549	രസതന്ത്രം	229
2553	മാധ്യമ പഠനം	43
2554	മൃഗസംരക്ഷണം	249
2555	സസ്യശാസ്ത്രം	221
2558	ഭൗതിക ശാസ്ത്രം	284
2583	ചരിത്രം	161
2589	തത്വചിന്ത	117
2608	രാഷ്ട്രതന്ത്രം	235
2612	നിയമം	3

2. ഓഡിറ്റ് നിഗമനങ്ങൾ

◆ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും ത്രിഭാഷാ പദകോശത്തിനായി നടത്തിയ ചെലവുകൾക്ക് കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

◆ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അഭിപ്രായം ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുടെ ഒരു ഘട്ടത്തിലും തേടിയില്ല.

◆ സി.എസ്.റ്റി.റ്റി. യിൽ നിന്നുമുള്ള വരവ്-ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടില്ല.

◆ പദകോശങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വരുത്തുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമുണ്ടാക്കുന്നു.

3. ഓഡിറ്റ് ശിപാർശകൾ

◆ പ്രത്യേക പദ്ധതികൾക്കായി അനുവദിക്കുന്ന ധനസഹായത്തിന്റെ വരവ്- ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

◆ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടായ റിവോൾവിംഗ് ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി പാസ്സാക്കേണ്ടതാണ്.

◆ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബാക്കി ത്രിഭാഷാ പദകോശങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഇക്കണോമിക്സ്, ഫിലോസഫി എന്നീ വിഷയങ്ങളിലെ ഗ്ലോസറികൾ നാളിതുവരെ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടില്ലെന്നതും ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റിയെന്നതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പരാമർശങ്ങളെന്നും ത്രിഭാഷാ പദകോശനിർമ്മാണത്തിൽ വന്ന അപാകതകളാണ് പ്രധാനമായും പറഞ്ഞിട്ടുള്ളതെന്നും ഓരോ ഇനത്തിനും മറുപടി തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

(എ) ധാരണാപത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും

2. പ്രസ്തുത പരാമർശം സംബന്ധിച്ച് പദകോശനിർമ്മാണത്തിന് വിദഗ്ധരെ തിരഞ്ഞെടുക്കാനുള്ള അധികാരം അക്കാദമിക് സൂപ്പർവൈസർമാർക്കാണെന്നും അസിസ്റ്റന്റ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ വന്ന ഡോ. മുഹമ്മദ് മാഹീനായിരുന്നു അന്ന് അക്കാദമിക് സൂപ്പർവൈസറായി ജോലി ചെയ്തിരുന്നതെന്നും ഡയറക്ടർക്ക് ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ളതിനാലാണ് അസിസ്റ്റന്റ് ഡയറക്ടർക്ക് ചുമതല നൽകിയതെന്നും അങ്ങനെ ചെയ്യാമെന്ന് കരാറിലും ഉണ്ടായിരുന്നുവെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

3. ശ്രീ. മുഹമ്മദ് മാഹീൻ കോഴിക്കോട് സർവ്വകലാശാലയിൽ ചരിത്ര വിഭാഗം പ്രൊഫസറും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ തന്നെ ഒരു ഉദ്യോഗസ്ഥനുമായതിനാൽ പ്രസ്തുത വിഷയത്തിൽ പ്രശ്നമുണ്ടെന്ന് തോന്നുന്നില്ലെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ബോധിപ്പിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

(ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി

4. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇൻസ്റ്റിറ്റ്യൂട്ടിലെ കുറച്ച് ജീവനക്കാരെ മാത്രമാണ് പദവിജ്ഞാനകോശം നിർമ്മിക്കുന്ന ജോലിയിൽ നിയോഗിച്ചിരുന്നതെന്നും ബാക്കിയുള്ളവർ പുറത്തുനിന്നുള്ളവരായിരുന്നുവെന്നും ദൈനംദിന ജോലികൾ കൂടാതെയുള്ള അധിക ജോലിയെന്ന രീതിയിലാണ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് 2009-10 കാലയളവിൽ പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിലും 2010-11 കാലയളവിൽ പ്രതിദിനം ആയിരം രൂപ നിരക്കിലും ഓണറേറിയം നൽകിയിരുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

5. ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരന് ഓണറേറിയം നൽകുന്നത് സർവ്വീസ് ചട്ടപ്രകാരം ശരിയല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇവർക്ക് ഓണറേറിയം നൽകിയ തെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച് എ.ജി. ഓഡിറ്റ് തടസ്സ മൊന്നും ഉന്നയിച്ചിരുന്നില്ലെന്നും പ്രസ്തുത പ്രവൃത്തിക്ക് സി.എസ്.ടി.ടി. അനുമതി നൽകി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

6. എ.ജി.-യുടേത് റാൻഡം ഓഡിറ്റായിരുന്നതുകൊണ്ട് പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകില്ലെന്നും അതുകൊണ്ടുതന്നെ എ.ജി.-യുടെ ഓഡിറ്റ് പരാമർശ മുണ്ടായിട്ടില്ലെന്നുള്ളത് ന്യായീകരണമല്ലെന്നും വളരെ വലിയ തുക ശമ്പളം വാങ്ങുന്നവരാണ് ഇവിടെ ഓണറേറിയം കൈപ്പറ്റിയിരിക്കുന്നതെന്നും നിയമവിരുദ്ധമായി ഇത്തരം കാര്യങ്ങൾ ചെയ്യാനനുവദിച്ചാൽ പിന്നീടതൊരു കീഴ്‌വഴക്കമായി മാറുമെന്നും ഇങ്ങനെയുള്ള കാര്യങ്ങൾ തിരുത്തണമെന്നും ഇത് വർഷങ്ങൾക്ക് മുമ്പുനടന്ന കാര്യമായതിനാൽ ഇവരിൽ പലരും നിലവിൽ സർവ്വീസിലുണ്ടാകാനിടയില്ലെന്നും എന്നിരുന്നാലും അവരിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ/മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയിൽനിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കാമെന്ന് സുപ്രീംകോടതി വിധി വന്നിട്ടുള്ളതിനാൽ നടപടിയെടുക്കാതെ പോകുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

7. ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയാണോ പ്രസ്തുത പ്രവൃത്തി ചെയ്തതെന്ന സമിതിയുടെ ചോദ്യത്തിന് പദകോശ നിർമ്മാണത്തിന് ഗവേണിംഗ് ബോഡിയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രതിഫലം നൽകുന്നതിനുള്ള അംഗീകാരം വാങ്ങിയിട്ടില്ലെന്നും സംസ്ഥാന ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

8. ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ വൈദഗ്ദ്ധ്യവും പ്രാവീണ്യവും കണക്കിലെടുത്ത് പ്രസ്തുത ജോലിക്കായി അവിടുത്തെ ജീവനക്കാരെ തെരഞ്ഞെടുത്തതിനല്ല, അതോറിറ്റിയുടെ അംഗീകാരം വാങ്ങാതെ അവർക്ക് ഓണറേറിയം നൽകിയതു സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം വന്നിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന് ഇത് പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള ജോലിയായതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ തന്നെ വൈദഗ്ദ്ധ്യമുള്ള ജീവനക്കാരെ ഉപയോഗിച്ച് ചെയ്തുവെന്നാണ് പറയുന്നതെന്നും എന്നാൽ ഇക്കാര്യത്തിന് സർക്കാർ അംഗീകാരം വാങ്ങാതെ ചെയ്തത് ശരിയല്ലെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു.

9. ഇത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാധാരണ ജോലിയാണെന്നും അത്തരം ജോലിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനക്കാരെക്കൊണ്ട് ജോലി സമയത്ത് ചെയ്യിപ്പിക്കുകയും ശമ്പളത്തോടൊപ്പം അധിക വേതനം നൽകുകയും ചെയ്യുമ്പോൾ അതിന് സർക്കാരിന്റെ സാധൂകരണം ആവശ്യമാണെന്നും പ്രസ്തുത പ്രോജക്ടിന്റെ സമയക്രമം പാലിക്കാൻ പുറത്തുനിന്നുള്ള വിദഗ്ധരെ ഉപയോഗിക്കുന്നത് പ്രായോഗികമല്ല എന്നൊരു വാചകം റിപ്പോർട്ടിൽ കാണുന്നുണ്ടെന്നും അത് അംഗീകരിക്കാൻ കഴിയുന്നതാണോയെന്ന് സർക്കാർ പരിശോധിച്ച് മറുപടി നൽകിയാൽ മതിയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന് ഓണറേറിയം നൽകിയത് നിയമപ്രകാരമാണോയെന്ന് പരിശോധിച്ച് നിയമലംഘനമാണെങ്കിൽ അതിന് പരിഹാരമുണ്ടാക്കാനും പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

(സി) സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

10. സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ, സി.എസ്.ടി.ടി. (കമ്മീഷൻ ഫോർ സയന്റിഫിക് ആൻഡ് ടെക്നിക്കൽ ടെർമിനോളജി) ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് ചെയ്യുന്നതിന് വൗച്ചറുകളുടെ ഒറിജിനൽ സി.എസ്.ടി.ടി.-യുടെ ഡൽഹി കേന്ദ്രത്തിലേക്ക് അയയ്ക്കുകയും പരിശോധന പൂർത്തിയാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ വൗച്ചറുകളുടെയും മറ്റും കോപ്പി സൂക്ഷിക്കാതിരുന്നതിനാൽ സംസ്ഥാന ഓഡിറ്റിംഗ് നടന്നപ്പോൾ ആയവ ഹാജരാക്കാൻ കഴിഞ്ഞിരുന്നില്ലെന്നുമുള്ള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

(ഡി) ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച

11. പ്രസിദ്ധീകരിക്കാൻ അവശേഷിക്കുന്ന രണ്ട് ഗ്ലോസറികൾ [ഇക്കണോമിക്സ്, ഫിലോസഫി (definition & dictionary)] സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച വരുത്തിയതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പന്ത്രണ്ട് ഗ്ലോസറികളിൽ പതിനൊന്ന് എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇക്കണോമിക്സ് ഗ്ലോസറിയുടെ പ്രവൃത്തി മാത്രമാണ് ഇനി അവശേഷിക്കുന്നതെന്നും ഇതിന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ത്രിഭാഷാ പദകോശമാണ് (ഇംഗ്ലീഷ്-ഹിന്ദി- മലയാളം) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

12. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

(ഇ) ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റു വരവ്, വിൽപ്പന നിലവാരം

13. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ഓഡിറ്റ് നിഗമനങ്ങൾ

14. ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിങ് ഫണ്ടിൽ നിന്നും ത്രിഭാഷാ പദകോശത്തിനായി നടത്തിയ ചെലവുകൾക്ക് കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ ഓഡിറ്റിങ്ങിനായി ഡൽഹി കേന്ദ്രത്തിലേക്ക് അയയ്ക്കുകയും കോപ്പി സൂക്ഷിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചതെന്ന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

15. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അഭിപ്രായം ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുടെ ഒരു ഘട്ടത്തിലും തേടിയില്ല എന്ന പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും തുക പിൻവലിക്കുവാൻ കഴിയില്ലെന്നും പണമിടപാടുകൾ കൈകാര്യം ചെയ്തിരുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

16. സി.എസ്.ടി.ടി.-യിൽ നിന്നുമുള്ള വരവ്-ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടില്ല എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശം വന്നശേഷം വരവ് ചെലവ് കണക്കുകൾ പ്രത്യേകം അക്കൗണ്ട് ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

17. സ്പെസിഫിക് പർപ്പസ് ഗ്രാന്റ് സംബന്ധിച്ച വിഷയമാണ് ഇവിടെയുള്ളതെന്നും കണക്കുകൾ വേർതിരിച്ച് അറിയുന്നതിന് സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾക്ക് പ്രത്യേക അക്കൗണ്ട് ആവശ്യമാണെന്നും പ്രോജക്ടുകൾ എത്രത്തോളം പ്രായോഗികമായിട്ടാണ് നടപ്പാക്കുന്നത് മുതലായ കാര്യങ്ങൾ അക്കൗണ്ടുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നും അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ആവശ്യമായ വിവരങ്ങളുടെ അഭാവം ഉണ്ടായിട്ടുണ്ടെന്നും പ്രോജക്ട് നടപ്പാക്കുന്നതിന് ഫണ്ട് വിനിയോഗിക്കുകയും യഥാർത്ഥ ഫലം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതേപ്പറ്റി പരിശോധിക്കുന്നത് നല്ലതായിരിക്കുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തി.

18. ഓരോ പ്രോജക്ടും ചെയ്യുമ്പോഴും അതിന്റേതായ പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണെന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രോജക്ടുകൾ പ്രായോഗികമായി ചെയ്യാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ആവശ്യമാണെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

19. പ്രസ്തുത ഓഡിറ്റ് പരാമർശം വന്നതിനുശേഷം ഓരോ പ്രോജക്ടിനും പ്രത്യേകമായി അക്കൗണ്ടിംഗ് സംവിധാനം ഉണ്ടെന്നും മുമ്പ് പ്രത്യേകമായി അക്കൗണ്ട്സ് തയ്യാറാക്കാതെ തനത് ഫണ്ടിൽ `നിന്ന് ചെലവഴിക്കുകയും പിന്നീട് ആവശ്യമായ രേഖകൾ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭിക്കുകയുമാണ് ചെയ്തിരുന്നതെന്നും ഡിക്ഷ്ണറിയുടെ നിർമ്മാണ ചെലവുമായി ബന്ധപ്പെട്ട് പ്രത്യേകം കണക്ക് സൂക്ഷിച്ചിരുന്നുവെന്നും സി.എസ്.ടി.ടി.-ക്ക് അത് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്നും എന്നാൽ വൗച്ചറുകളുടെ കോപ്പി സൂക്ഷിക്കാതിരുന്നതിനാൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നുള്ളത് വീഴ്ചയാണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

20. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

3. ഓഡിറ്റ് ശിപാർശകൾ

21. പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

22. ത്രിഭാഷാ പദകോശ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിലെ നിബന്ധനകളും അവയുടെ ലംഘനവും സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

23. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ശമ്പളത്തോടൊപ്പം വൻതുക ഓണറേറിയമായി കൈപ്പറ്റി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓണറേറിയം നൽകിയത് നിയമപ്രകാരമാണോയെന്ന് പരിശോധിക്കണമെന്നും നിയമലംഘനമുണ്ടായിട്ടുണ്ടെങ്കിൽ തുക തിരിച്ചുപിടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. സി.എസ്.ടി.ടി. ഫണ്ട് വിനിയോഗത്തില അപകാതകൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

25. ഗ്ലോസറികൾ സമയബന്ധിതമായി പുറത്തിറക്കുന്നതിൽ വീഴ്ച എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പന്ത്രണ്ട് ഗ്ലോസറികളിൽ പതിനൊന്ന് എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇക്കണോമിക്സ് ഗ്ലോസറിയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

26. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഗ്ലോസറികളുടെ സ്റ്റോക്ക്, വിറ്റുവരവ്, വിൽപ്പന നിലവാരം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

27. ഓഡിറ്റ് നിഗമനങ്ങൾ എല്ലാം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

28. ഓഡിറ്റ് ശിപാർശകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദേശ പുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചില്ല - ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന് 54,742/- രൂപ നഷ്ടം

(2009-10 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 8)

ഇംഗ്ലീഷ് ഭാഷയിലുള്ള മൂന്ന് വിദേശ പുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ 2009-ൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രസാധകരും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. (ഫയൽ നമ്പർ പി/3179(2)/2008/സിൽ). പ്രസിദ്ധീകരണാവകാശം നേടിയെടുക്കാൻ 54,742/- രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസാധകർക്ക് നൽകി. എന്നാൽ ധാരണാപത്രത്തിലെ

സമയപരിധിക്കുള്ളിൽ മലയാളം പരിഭാഷകൾ പ്രസിദ്ധീകരിക്കാത്തതിനാൽ പ്രസിദ്ധീകരണാവകാശവും അടച്ച പണവും ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) Jeffery D Sachs രചിച്ച് ലണ്ടനിലെ Wylie Agency പ്രസിദ്ധീകരിച്ച "End of Poverty: Economic possibilities for our Time", "Common Wealth; Economics for a Crowded Planet" എന്നീ രണ്ട് പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള 23-7-2009-ലെ ധാരണാ പത്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പു വച്ചത് 3-10-2009-നാണ്. പുസ്തകങ്ങളുടെ പ്രസിദ്ധീകരണ അവകാശത്തിനായി 38,181/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവ് ചെയ്തു.

ധാരണാ പത്രത്തിലെ 5-ാം വ്യവസ്ഥയിൽ കരാർ ഒപ്പു വച്ച് 18 മാസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കണമെന്നും, ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാക്കപ്പെടുമെന്നും, അടച്ച പണം നഷ്ടമാവുമെന്നും വീക്ഷിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പ് വച്ച് മൂന്ന് വർഷമായിട്ടും പുസ്തകങ്ങളുടെ തർജ്ജമ പ്രസിദ്ധീകരിക്കാത്തതിനാൽ മേൽ പുസ്തകങ്ങളുടെ പ്രസിദ്ധീകരണാവകാശവും ചെലവായ 38,181/- രൂപയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടമായിരിക്കുകയാണ്.

(ii) Slavoj Zizek രചിച്ച "The Sublime object of Ideology” എന്ന പുസ്തകത്തിന്റെ പ്രസാധകരായ ലണ്ടനിലെ VERSO എന്ന സ്ഥാപനവുമായി പുസ്തകത്തിന്റെ മലയാളം തർജ്ജമ പ്രസിദ്ധീകരിക്കുവാനുള്ള ധാരണാ പത്രത്തിൽ 27-10-2009-ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഒപ്പുവച്ചു. പ്രസിദ്ധീകരണാവകാശത്തിനായി 16,561/- രൂപയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ചെലവായത്.

VERSO-യും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ഒപ്പുവച്ച കരാറിലെ 8-ാം നിബന്ധന പ്രകാരം ധാരണാപത്രം ഒപ്പു വച്ച് 12 മാസത്തിനുള്ളിൽ പുസ്തകം പ്രസിദ്ധീകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം കരാർ റദ്ദാവുമെന്നും അടച്ച തുക നഷ്ടമാകുമെന്നും നിബന്ധന 16(എ) യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ പുസ്തകവും പ്രസിദ്ധീകരിക്കാൻ നാളിതുവരെയായി ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ലാത്തതിനാൽ പ്രസിദ്ധീകരണാവകാശവും ചെലവാക്കിയ 16,561/- രൂപയും നഷ്ടമായിരിക്കുകയാണ്.

മേൽ പുസ്തകങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസിദ്ധീകരിക്കാത്തതിനാൽ 54,742/- (38181 + 16561) രൂപയുടെ നഷ്ടം ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നുമുണ്ടായിട്ടുണ്ട്. കരാർ വ്യവസ്ഥ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഡയറക്ടറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം 2012-13 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം സിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 16-4-2013-ലെ എൽ.എഫ്.സിൽ/എ 2/180/2013 നമ്പർ കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ അറിയിച്ചിരുന്നു. ആയതിന് സിൽ ഡയറക്ടർ 29-4-2013-ലെ എ 1/948/13/സിൽ നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ഡോ.പി.കെ.പോക്കർ,

സരോവരം, നല്ലളം, കോഴിക്കോട്

(പ്രൊഫസർ, ഫിലോസഫി വകുപ്പ്, കോഴിക്കോട് സർവ്വകലാശാല)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. വിദേശ പുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിനാൽ ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന് ധനനഷ്ടമുണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് പുസ്തകങ്ങളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ടെന്നും ഒരു പുസ്തകത്തിന്റെ ജോലി അധികം വൈകാതെ തന്നെ പൂർത്തീകരിക്കാമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ടെന്നും മൂന്ന് മാസത്തിനുള്ളിൽ എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിക്കാനാകുമെന്നും വൈജ്ഞാനിക ശാഖകളിലെ പുതിയ വികാസങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പരിഭാഷ തയ്യാറാക്കുമ്പോൾ സാങ്കേതിക പദാവലികൾക്ക് സമമായ വാക്കുകൾ മലയാളത്തിൽ കണ്ടെത്തുക എന്നത് വിഷമകരമാണെന്നും അത്തരം വൈജ്ഞാനിക ശാഖകളിൽ അവഗാഹം ഉള്ളവർക്ക് മാത്രമേ യോജിച്ച രീതിയിൽ പരിഭാഷപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും അങ്ങനെയുള്ള പരിഭാഷകരെ കണ്ടെത്താനുണ്ടായ കാലതാമസം മൂലമാണ് പുസ്തകങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയാതിരുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

30.ഇത്തരം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ ആസൂത്രണം ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, പുസ്തകങ്ങളുടെ വിൽപ്പന നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്ന് ആരാഞ്ഞതിന്, മേളകൾ, ലൈബ്രറി കൗൺസിൽ

എന്നിവ വഴിയാണ് പുസ്തകങ്ങളുടെ വില്പന നടത്തുന്നതെന്നും നല്ല രീതിയിൽ വിൽപ്പന നടക്കുന്നുണ്ടെങ്കിലും സ്റ്റോക്ക് കുറച്ചധികമുണ്ടെന്നും സ്കൂൾ കോളേജ് ലൈബ്രറികളിലേക്ക് ഒരു നിശ്ചിത ശതമാനം പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വാങ്ങണം എന്ന നിർദ്ദേശം ഉണ്ടായാൽ സഹായകരമായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിൽ കൂടിക്കാഴ്ച നടത്തുന്നുണ്ടെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

31. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

32. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

വിനോദസഞ്ചാര വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും വിനോദസഞ്ചാര വാരാഘോഷവും

അവലോകന റിപ്പോർട്ട്

പൈതൽമല ടൂറിസം കോംപ്ലക്സും ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്ററും

1955-ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ചാണ് 14 ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നത്. അതാത് ജില്ലാ കളക്ടർമാരാണ് കൗൺസിലുകളുടെ ചെയർമാൻമാർ. 12-7-2002-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3724/2002/ധന, 17-6-2010-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 338/2010/ധന. എന്നീ ഉത്തരവുകൾ പ്രകാരമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

കണ്ണൂർ ഡി.റ്റി.പി.സി.-യുടെ പൈതൽമല ടൂറിസം കോംപ്ലക്സ്, ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികളെ കുറിച്ച് നടത്തിയ പ്രവർത്തനാവലോകനത്തിലെ പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. പൈതൽമല ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിലെ പൈതൽമല ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസം വകുപ്പ് 1999-ൽ 6,25,474/- രൂപ ചെലവഴിച്ച് പൊട്ടംപ്ലാവ് എന്ന സ്ഥലത്ത് ഒരു ബേസ് സെന്റർ

നിർമ്മിക്കുകയുണ്ടായി. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ശരിയാംവിധം മാർക്കറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ബേസ് സെന്ററിന്റെ നടത്തിപ്പ് വനം വകുപ്പിന് കൈമാറി. എന്നിട്ടും പുരോഗതിയൊന്നു മുണ്ടായില്ല എന്നു മാത്രമല്ല കെട്ടിടത്തിന്റെ വൈദ്യുതി ബന്ധം വരെ വിച്ഛേദിക്കപ്പെടുകയും കെട്ടിടം ജീർണ്ണാവസ്ഥയിലാവുകയും ചെയ്തു.

2011 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത പൈതൽമല ടൂറിസം കോംപ്ലക്സിന്റെ നിർമ്മാണത്തിനായി വിനോദ സഞ്ചാര വകുപ്പ് 1.54 കോടി രൂപയാണ് ചെലവഴിച്ചത്. ഒരു ഓഫീസ് കോംപ്ലക്സ്, രണ്ട് കോട്ടേജുകൾ എന്നിവയാണ് അന്ന് നിർമ്മിച്ചത്. പദ്ധതിയിലേയ്ക്കുള്ള റോഡുവികസനത്തിനായി ടൂറിസം വകുപ്പ് 71 ലക്ഷം രൂപയും ചെലവഴിച്ചു. വൈദ്യുതിയ്ക്കായി 31.5 ലക്ഷം രൂപ കെ.എസ്. ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് വൈദ്യുതി, ജലലഭ്യത എന്നിവ ഇതുവരെയും ഉറപ്പാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ സംരക്ഷണവകയിൽ 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകി വരുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ പരിപാലനം ശോച്യാവസ്ഥയിലാണ്. സീലിംഗുകൾ, വാതിലുകൾ, ജനലുകൾ, ഗേറ്റ്, കൈവരി എന്നിവ ജീർണ്ണാവസ്ഥയിലാണ്. വേക്കൻസി റെമിഷന് യഥാസമയം അപേക്ഷ നൽകാത്തതു കാരണം വസ്തു നികുതിയിനത്തിൽ 14,675/- രൂപയും ഒടുക്കു വരുത്താനിടയായി.

ടൂറിസം കോംപ്ലക്സ് ഇതുവരെയും തുറന്ന് പ്രവർത്തിക്കാത്തതിനാലും ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന പദ്ധതി പ്രദേശത്ത് എൻട്രി ഫീ, പാർക്കിംഗ് ഫീ എന്നിവ ഏർപ്പെടുത്താത്തതിനാലും വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണുണ്ടായത്. പൊതു ഖജനാവിൽ നിന്നും കോടികൾ ചെലവഴിച്ച് നിർമ്മിച്ച പദ്ധതി ഇപ്പോഴും പ്രയോജന രഹിതമാണ്.

2. ധർമ്മടം ടൂറിസം പദ്ധതി

കണ്ണൂർ ജില്ലയിൽ തലശ്ശേരിക്കടുത്ത് ധർമ്മടം ഗ്രാമപഞ്ചായത്തിൽ പത്തേക്കറോളം വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന അതിമനോഹരമായ ബീച്ചും 1000 മീറ്റർ അകലെ മാറി അറബിക്കടലിലുള്ള കേരവൃക്ഷ സമൃദ്ധമായ 6 ഏക്കർ വിസ്തൃതിയിലുള്ള ഒരു ചെറുദ്വീപും ഉൾപ്പെട്ടതാണ് വിനോദസഞ്ചാര വകുപ്പിന്റെ ഈ പദ്ധതി. സുനാമി പുനരധിവാസ ഫണ്ടിൽ നിന്നുള്ള 1,48,39,797/-രൂപ ഉപയോഗിച്ച് പണി പൂർത്തീകരിച്ചതാണ് പ്രസ്തുത പദ്ധതി. 5-2-2011-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പദ്ധതിയുടെ ഭാഗമായി ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം, ബീച്ച് സെന്റർ, കഫ്റ്റീരിയ, ടോയ്‌ലെറ്റ് ബ്ലോക്ക്, വാക്ക് വേ എന്നിവ മനോഹരമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്.

എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നിട്ടും ആവശ്യമായ ഇലക്ട്രിക് ഫിറ്റിംഗുകളോ ജലലഭ്യതയോ ഉറപ്പു വരുത്താത്തതിനാൽ പദ്ധതി നാളിതുവരെ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട പൈതൽമല ടൂറിസം പദ്ധതിക്ക് ഇലക്ട്രിക് - പ്ലംബിംഗ് ഫിറ്റിംഗുകൾ വാങ്ങി നൽകിയിട്ടും ധർമ്മടം പദ്ധതിക്കുവേണ്ടി ആവശ്യമായ ഇലക്ട്രിക് - പ്ലംബിംഗ് ഫിറ്റിംഗുകൾ ലഭ്യമാക്കാൻ ഡി.റ്റി.പി.സി.-ക്ക് കഴിഞ്ഞിട്ടില്ല. ധർമ്മടം ഐലന്റിലേക്ക് ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സാധ്യതാ പഠനത്തിനായി 98,500/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. ദിനംപ്രതി 500-ഓളം വിനോദ സഞ്ചാരികൾ എത്തുന്ന ഈ സ്ഥലത്ത് പ്രവേശന ഫീസോ, പാർക്കിംഗ് ഫീസോ ഏർപ്പെടുത്തി വരുമാനം നേടിയെടുക്കാൻ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. പൊതുഖജനാവിൽ നിന്നും കോടികൾ മുടക്കിയ പദ്ധതി പ്രയോജനമില്ലാത്ത സ്ഥിതിയിലാണ്.

കോടിക്കണക്കിന് രൂപ ചെലവഴിച്ച മേൽ പദ്ധതികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വിനോദസഞ്ചാരികൾക്ക് തുറന്നു കൊടുക്കേണ്ടതാണ്. പാർക്കിംഗ് ഫീ, എൻട്രി ഫീ എന്നിവ ഏർപ്പെടുത്തി ഡി.റ്റി.പി.സി.-ക്ക് വരുമാനം നേടേണ്ടതും പദ്ധതി പ്രദേശങ്ങൾ ശരിയാംവിധം പരിപാലിക്കേണ്ടതുമാണ്.

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33.1999-ലാണ് കണ്ണൂർ ജില്ലയിലെ പൈതൽമല ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചതെന്നും 2011-ൽ പദ്ധതിയുടെ നിർവ്വഹണ ചുമതല കെ.ടി.ഡി.സി.-ക്ക് നൽകാൻ തീരുമാനിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന ചുമതല കണ്ണൂർ ഡി.ടി.പി.സി.-യെ ഏൽപ്പിക്കുകയാണുണ്ടായതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ പണികൾ 2015-ൽ കരാർ അടിസ്ഥാനത്തിൽ നൽകുകയുണ്ടായെന്നും വാടക തുകയിൽ കുടിശ്ശിക വരുത്തിയതിനാൽ കേസ് നടക്കുകയും ആർബിട്രേഷൻ നടപടികൾ ആരംഭിക്കുകയും കരാറുകാരൻ 17 ലക്ഷം രൂപ ഡി.ടി.പി.സി.-ക്ക് അടയ്ക്കണമെന്ന് 2022 ജൂൺ മാസം കോടതി ഉത്തരവ് ഉണ്ടാവുകയും ചെയ്തുവെന്നും ഏഴ് ലക്ഷം രൂപ നേരിട്ട് അടയ്ക്കാമെന്നും 10 ലക്ഷം രൂപ തവണകളായി അടയ്ക്കാനുള്ള സൗകര്യം ഒരുക്കിനൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം ഡി.ടി.പി.സി.-യുടെ ചെയർമാനായ കളക്ടർ കമ്മിറ്റി കൂടി വാടക കുടിശ്ശിക മാസത്തവണ കളായി അടയ്ക്കാൻ അനുവദിക്കുന്നതിന് നിയമതടസ്സമില്ലെന്ന് തീരുമാനമെടുക്കുകയുണ്ടായിയെന്നും

നിലവിൽ പ്രസ്തുത പ്രോജക്റ്റിന് വേണ്ടി 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി SILK-നാണ് നൽകിയിട്ടുള്ളതെന്നും അവർ 4.25 ശതമാനം സെന്റേജ് ചാർജ് വാങ്ങിയാണ് പ്രവൃത്തി ചെയ്യുന്നതെന്നും പദ്ധതി പുരോഗമിച്ച് വരുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

34. യോഗ്യതയില്ലാത്തതും സമയബന്ധിതമായി കാര്യനിർവ്വഹണം നടത്താൻ കഴിയാത്തതുമായ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണ ചുമതലയും സെന്റേജ് ചാർജും നൽകിയ ടൂറിസം സെന്ററുകളിൽ പലതും നിലവിലും പൂർത്തിയാകാതെ കിടക്കുന്നുണ്ടെന്നും ധാരാളം പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിക്കപ്പെട്ട സാഹചര്യമുണ്ടായിട്ടുള്ളതിനാൽ വിശ്വാസ്യതയുള്ള അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കണമെന്നും അവരുടെ പഴയകാല പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിക്കുന്നത് നല്ലതായിരിക്കുമെന്നും സമിതി നിരീക്ഷിച്ചു. എഞ്ചിനീയറോ ഭരണകർത്താക്കളോ ഇല്ലാത്ത ഒരു സ്ഥാപനത്തിന് സെന്റേജ് ചാർജ് കൊടുത്താൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ എങ്ങനെയാണ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതെന്നും വീഴ്ച വരുത്തിയ ഏജൻസികൾക്ക് വീണ്ടും പ്രോജക്ട് നിർവ്വഹണ ചുമതല നൽകുന്നത് ശരിയായ രീതിയാണോ എന്നുമുള്ള സമിതി ചോദ്യത്തിന് ഇക്കാര്യത്തിൽ സർക്കാർ ശക്തമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്നും പദ്ധതികൾ നിർവ്വഹണ പ്രാപ്തിയുള്ള ഏജൻസികൾക്ക് മാത്രം നൽകാൻ കഴിയുന്നൊരു സിസ്റ്റത്തിലേക്ക് മാറുന്നതിന് മുടങ്ങിക്കിടക്കുന്ന മുഴുവൻ പദ്ധതികളും കണ്ടെത്തി അർഹരായ ഏജൻസികൾക്ക് നൽകുന്ന തരത്തിലുള്ള സംവിധാനത്തിലേക്ക് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും വീഴ്ച വരുത്തുന്ന ഏജൻസികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും പല പ്രോജക്ടുകൾക്കും ഫണ്ടും ഭരണാനുമതിയും അനുവദിച്ചുകഴിയുമ്പോഴായിരിക്കും നിർദ്ദിഷ്ട സ്ഥലം മറ്റൊരു വകുപ്പിന്റെയോ അല്ലെങ്കിൽ സ്വകാര്യ വ്യക്തിയുടെയോ ആണെന്ന് കണ്ടെത്തുന്നതെന്നും കോടിക്കണക്കിന് രൂപയുടെ നഷ്ടം ഇത്തരത്തിൽ ഉണ്ടായിട്ടുണ്ടെന്നും ഇങ്ങനെയുള്ള കാര്യങ്ങൾ കണ്ടുപിടിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

35. സ്വതന്ത്ര സ്ഥാപനമെന്ന നിലയിൽ ഡി.ടി.പി.സി.-യുടെ ഓഡിറ്റിങ്ങ് 14 ജില്ലകളിലും വ്യത്യസ്തമായ രീതിയിലാണ് നടത്തുന്നതെന്നും പ്രാദേശിക സർക്കാരുകൾ ഡി.ടി.പി.സി.-കളുടെ അസറ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും എല്ലാ ഡി.ടി.പി.സി.-കൾക്കും പ്രാദേശിക സർക്കാരുകൾ ഗ്രാന്റ് നൽകുന്നുണ്ടെങ്കിലും സംസ്ഥാന തലത്തിൽ ഏകോപിതമായൊരു അക്കൗണ്ടിംഗ് സിസ്റ്റമില്ലെന്നും വ്യത്യസ്ത ഏജൻസികൾ വലിയ അളവിൽ സഹകരിക്കേണ്ട മേഖലയെന്ന നിലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനത്തിന്റെ അക്കൗണ്ടിംഗും പ്രവർത്തനവും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കേണ്ടതാണെന്നും

ഇതിനായി നിയമനിർമ്മാണം/ചട്ടങ്ങളുടെ രൂപീകരണം അനിവാര്യമാണെന്നും വിനോദസഞ്ചാര വകുപ്പ് മുൻകൈ എടുക്കുകയാണെങ്കിൽ ഓഡിറ്റ് വകുപ്പിന്റെ സഹകരണം തീർച്ചയായും ഉണ്ടാകുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

36. ടൂറിസം വകുപ്പ് ഡി.ടി.പി.സി.-യുടെ ഫണ്ടിംഗ് അതോറിറ്റിയാണെന്നും മേൽനോട്ട ചുമതല മാത്രമാണുള്ളതെന്നും കളക്ടർമാരാണ് ഡി.ടി.പി.സി.-കളുടെ ചെയർമാൻമാരെന്നും അക്കൗണ്ടിംഗിനും ഓഡിറ്റിംഗിനും ഏകോപന സംവിധാനമുണ്ടാകണമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും സംസ്ഥാനത്തെ 14 ഡി.ടി.പി.സി.-കളിലെയും ഓഡിറ്റ് രീതികൾ വ്യത്യസ്തമാണെന്ന് മാത്രമല്ല അവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിലും വ്യത്യാസം വരുന്നുണ്ടെന്നും വ്യത്യസ്ത ഡി.ടി.പി.സി.-കളിലെ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഒരേ ശമ്പളമല്ല വാങ്ങുന്നതെന്നും അതെല്ലാം ഏകോപിപ്പിച്ച് ഒരേ പൂളിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

37. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പണത്തിന്റെ ഉപയോഗം ശരിയായ രീതിയിൽ നടത്തുന്നതിനും ഒരു ഏകീകൃത രീതി ആവശ്യമാണെന്നും അതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കണമെന്നും ഡി.ടി.പി.സി.-യുടെ സ്വതന്ത്ര സ്വഭാവം നിലനിർത്തിക്കൊണ്ട് ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കണമെന്നും നിർദ്ദേശിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

2. ധർമ്മടം ടൂറിസം പദ്ധതി

38. സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

39. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പണത്തിന്റെ ഉപയോഗം ശരിയായ രീതിയിൽ നടത്തുന്നതിനും ഒരു ഏകീകൃത രീതി ആവശ്യമാണെന്നും അതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കണമെന്നും ഡി.ടി.പി.സി.-യുടെ സ്വതന്ത്ര സ്വഭാവം നിലനിർത്തിക്കൊണ്ട് ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

40. പൈതൽമല ടൂറിസം പദ്ധതി, ധർമ്മടം ടൂറിസം പദ്ധതി എന്നീ പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ്

ദേവസ്വത്തിന്റെ കല്യാണമണ്ഡപം നിർമ്മാണം - നിർവ്വഹണത്തിൽ അപാകതകൾ

(പുത്തനാൽക്കൽ ഭഗവതി ദേവസ്വം - 2010-2011 ഓഡിറ്റ്റിപ്പോർട്ട് - ഖണ്ഡിക -16)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലുള്ള പുത്തനാൽക്കൽ ഭഗവതി ദേവസ്വത്തിൽ വർഷങ്ങൾക്ക് മുൻപ് നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിച്ചിരുന്ന കല്യാണമണ്ഡപത്തിന്റെ ബേസ്മെന്റ് ഫ്ലോറിലെ പ്രവൃത്തികൾക്ക് 7,60,000/- രൂപയുടെയും, ഗ്രൗണ്ട് ഫ്ലോറിലെ പ്രവൃത്തികൾക്ക് 15,55,000/- രൂപയുടെയും എസ്റ്റിമേറ്റും പ്ലാനും മലബാർ ദേവസ്വം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ 8-2-2007-ലെ എ 5/1651/2005 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മണ്ഡപനിർമ്മാണം ടെണ്ടർ മുഖേന ചെയ്യുന്നതിന് ട്രസ്റ്റി ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് ബേസ്മെന്റ് ഫ്ളോറിന്റെ പ്രവൃത്തിക്ക് മാത്രം ടെണ്ടർ ക്ഷണിച്ചതനുസരിച്ച് കെ. ഗോപകുമാർ, വിശ്വേശ്വര എഞ്ചിനീയറിംഗ് ഗ്രൂപ്പ്, തിരൂർ എന്ന വ്യക്തിയുടെ എസ്റ്റിമേറ്റ് തുകയേക്കാൾ 28% അധിക തുകയ്ക്കുള്ള ടെണ്ടർ (ടെണ്ടർ എസ്റ്റിമേറ്റ് 7 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നു) ഉറപ്പിക്കുകയും, ആയത് ദേവസ്വം കമ്മീഷണറുടെ എച്ച്.ആർ.എച്ച്. 6/5063/07(ഡി.ഡിസ്) 22-7-2007 പ്രകാരം അംഗീകരിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 8,96,000/- രൂപ (7,00,000 + 1,96,000)-യുടെ ടെണ്ടർ മാത്രമാണ് ദേവസ്വം കമ്മീഷണർ അംഗീകരിച്ചിട്ടുള്ളത്.

എന്നാൽ ഗ്രൗണ്ട് ഫ്ളോറിലെ പ്രവൃത്തികൾക്ക് കണക്കാക്കിയ എസ്റ്റിമേറ്റ് തുകയായ 15,55,000/- രൂപയിൽ ഉൾപ്പെടുന്ന മിക്ക പ്രവൃത്തികളും ടെണ്ടർ വിളിക്കാതെ അതേ കരാറുകാരനുതന്നെ 28% അധിക നിരക്കിൽ നൽകിയിട്ടുള്ളതായി വർക്ക് ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എം.ബുക്ക് പ്രകാരം ആകെ പ്രവൃത്തിമൂല്യം 17,85,343/- രൂപയും അധിക നിരക്ക് ഉൾപ്പെടെ കരാറുകാരന് നൽകിയിട്ടുള്ള ആകെത്തുക 22,85,240/- രൂപയുമാണ്. (ഇറിഗേഷൻ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. കെ. രാമൻ എന്നയാളാണ് എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. എം.ബുക്കിന് നമ്പർ ഇട്ടിട്ടില്ല. 1 മുതൽ 54 പേജ് വരെ ഒരു തീയതി പോലും വെയ്ക്കാതെ അളവുകൾ

രേഖപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തികൾ വേർതിരിച്ചു കാണിച്ചിട്ടില്ല. മാത്രവുമല്ല, അളവുകൾ ചെക്ക് മെഷർ ചെയ്തിട്ടുമില്ല).

മേൽക്കാണിച്ച പ്രവൃത്തികൾക്ക് പുറമെ എസ്റ്റിമേറ്റിൽപ്പെടാത്തതും, എന്നാൽ അനുബന്ധ പ്രവൃത്തികൾ ആയവയുമായ ഏതാനും മരാമത്ത് പ്രവൃത്തികൾ ഇതേ കരാറുകാരൻ തന്നെ ടെന്റർ എടുക്കുകയും 5,45,008/- രൂപ ഈ ഇനത്തിലേക്ക് നൽകിയിട്ടുമുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കെല്ലാം കൂടി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	തുക	ചെക്ക് നമ്പർ/തീയതി	എസ്.ബി. അക്കൗണ്ട് നമ്പർ	ഇനം
(1)	(2)	(3)	(4)	(5)
1.	3,00,000	85172/13-8-2007	168	ബേസ്മെന്റ് കൺസ്ട്രക്ഷൻ മുൻകൂർ
2.	4,00,000	749158/22-10-2007	2204153	”
3.	1,00,000	82703/19-11-2007	168	”
4.	1,00,000	749159/19-11-2007	2204153	”
5.	2,00,000	82704/22-11-2007	168	ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം
6.	4,00,000	66937/31-12-2007	5738	”
7.	1,00,000	82709/8-3-2008	168	”
8.	85,000	283742/8-3-2008	168	”
9.	25,000	991031/8-3-2008	3453	”

(1)	(2)	(3)	(4)	(5)
10.	15,000	25403/18-3-2008	1268	”
11.	75,000	66939/10-3-2008	5738	”
12.	1,50,000	28374/13-12-2008	3453	ഗ്രൗണ്ട് ഫ്ലോർ ട്രസ് വർക്ക്
13.	1,23,000	88930/9-5-2008	168	”
14.	1,50,000	88939/15-9-2008	168	ഇനം വ്യക്തമല്ല
15.	1,50,000	182099/23-9-2008	1268	”
16.	75,000	18249/23-9-2008	1268	”
17.	1,00,000	25104/18-8-2010	168	”
18.	1,67,980	10688/23-11-2011	168	ഫൈനൽ ബിൽ (ഉ.നമ്പർ ജെ.5-3003/10/എഡി. ബി/കെ.ഡിസ്. തീയതി 10-10-11)
ആകെ	27,15,980			

2285240 +

545008

2830248

(-) നികുതികൾ 114261

2715987 (rounded to 2715980)

എസ്റ്റിമേറ്റിൽ ഉൾപ്പെടാതെ, കരാറുകാരനതന്നെ ടെണ്ടർ നൽകി, പ്രവൃത്തിക്കുവേണ്ടി കൈമാറിയ 5,45,008/- രൂപയിൽ നിന്നും നിയമാനുസൃത നികുതികൾ (ആദായ നികുതി = 5450/- രൂപ, വാറ്റ് = 16350/- രൂപ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി 5450/- രൂപ) ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഇവ തിരിച്ചു പിടിച്ച് അതത് ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

മേൽ കാരണങ്ങളാൽ ഈയിനത്തിൽ മൊത്തം ചെലവു വന്ന 28,30,248/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. പി. ശിവശങ്കരൻ, (എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ പുത്തനാൽക്കൽ ഭഗവതി ദേവസ്വം),പടിഞ്ഞാറേ വീട്ടിൽ, മാങ്ങോട് പി.ഒ., ചെർപ്പുളശ്ശേരി, പാലക്കാട്

(കാലയളവ്: 26-8-2006 മുതൽ 17-9-2010 വരെ)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.8.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഭക്തജനങ്ങളുടെ കൂടി സഹായത്തോടെ 2010-11 കാലയളവിൽ നടന്ന ജോലിയാണിതെന്നും ക്വട്ടേഷൻ തുകയുമായി ബന്ധപ്പെട്ട് Value Added Tax (VAT), Tax Deducted at Source (TDS) തുടങ്ങിയവ സാങ്കേതിക കാരണങ്ങളാൽ അടയ്ക്കാൻ കഴിഞ്ഞില്ലെന്നും ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് തടസ്സം ഉന്നയിച്ചിട്ടില്ലെന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങളില്ലെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

42. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത അനുബന്ധ പ്രവൃത്തികൾക്കായി അധികം ചെലവഴിച്ച 5,45,008/- രൂപയിൽനിന്ന് നിയമാനുസൃത നികുതികൾ ഈടാക്കിയിരുന്നില്ലെന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും പ്രവൃത്തിയിൽ ക്രമക്കേടുകളില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ജോലിയിൽ തിരിച്ചെടുത്തിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

43. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

44. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ക്ഷേത്രത്തിന്റെ വിലപിടിച്ച വസ്തുക്കളുടെ സൂക്ഷിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ

(ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം, ചെറുകുന്ന്, 2006-10 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:17)

- കാലാകാലങ്ങളിൽ സ്ഥലം മാറിപ്പോകുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ ക്ഷേത്രത്തിലെ വിലപിടിച്ച വസ്തുക്കൾ തുടർന്ന് ചാർജ്ജെടുക്കുന്ന ഉദ്യോഗസ്ഥർക്ക് രേഖാമൂലം കൈമാറുന്നില്ല.
- വിലപിടിപ്പുള്ള വസ്തുക്കൾ ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ സംയുക്തമായി സൂക്ഷിക്കുന്ന സംവിധാനം നാളിതുവരെ ദേവസ്വത്തിൽ നടപ്പിൽ വരുത്തിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലുള്ള ചിറയ്ക്കൽ കോവിലകം ദേവസ്വത്തിന്റെ കീഴിലുള്ള ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിന്റെ സ്വർണ്ണം, വെള്ളി തുടങ്ങിയ വിലപിടിച്ച വസ്തുക്കളുടെ രജിസ്റ്റർ, തിരുവാഭരണങ്ങളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുരുതരമായ കൃത്യവിലോപങ്ങൾ കാണുന്നു.

1) രേഖകൾ പ്രകാരം, ക്ഷേത്രത്തിലെ വിലപിടിച്ച വസ്തുക്കളുടെ ആധികാരികമായ പരിശോധന ഭരണവകുപ്പ് ഉദ്യോഗസ്ഥർ ആദ്യമായി നടത്തിയത് 2011 സെപ്റ്റംബറിലാണ്. ഭരണവകുപ്പ് വെരിഫിക്കേഷൻ ഓഫീസർ മൂല്യനിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മുൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. വി. വി. പ്രഭാകരനിൽ നിന്നും നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. എം. അരവിന്ദാക്ഷൻ ഏറ്റുവാങ്ങിയ സ്വർണ്ണം, വെള്ളി വസ്തുക്കളുടെ രേഖ, യഥാർത്ഥ ഇൻവെന്ററി രജിസ്റ്ററിലെ താഴെപ്പറയുന്ന പേജുകളിലെ സ്വർണ്ണം കൈമാറിയതായി കാണുന്നില്ല.

ക്രമ നമ്പർ	ഇൻവെന്ററി രജിസ്റ്റർ പേജ് നമ്പർ	സ്വർണ്ണത്തിന്റെ അളവ് (ഏകദേശം)
(1)	(2)	(3)
1	09	312 ഗ്രാം 25 മില്ലിഗ്രാം
2	12	32 ഗ്രാം 96 മില്ലിഗ്രാം

(1)	(2)	(3)
3	13	21 ഗ്രാം 60 മില്ലിഗ്രാം
4	14	20 ഗ്രാം 75 മില്ലിഗ്രാം
5	29	08 ഗ്രാം
ആകെ		393 ഗ്രാം 256 മില്ലിഗ്രാം

സ്വർണ്ണം കൈമാറാത്തത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറോട് ആവശ്യപ്പെട്ടതായി ഓഡിറ്റ് അന്വേഷണത്തിന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ക്ഷേത്രത്തിൽ വരവ് വന്നിരിക്കുന്ന ആകെ സ്വർണ്ണം ഇൻവെന്ററി രജിസ്റ്റർ പ്രകാരം പരിശോധിച്ചതിൽ മേൽ പ്രസ്താവിച്ച കൈമാറ്റം ചെയ്യപ്പെടാത്ത സ്വർണ്ണം ക്ഷേത്രത്തിന് നഷ്ടമായതായി കണക്കാക്കാവുന്നതാണ്. ഇത്രയും വലിയ അളവിൽ സ്വർണ്ണം നഷ്ടമായത് ഗുരുതരമായ കൃത്യവിലോപവും ക്ഷേത്രത്തിനെ സംബന്ധിച്ച് ഭീമമായ നഷ്ടവുമാണ്.

2) ക്ഷേത്രത്തിന്റെ ഇൻവെന്ററി രജിസ്റ്റർ എക്സിക്യൂട്ടീവ് ഓഫീസർമാർ കൃത്യമായി സാക്ഷ്യപ്പെടുത്തുന്നില്ല. കാലാകാലങ്ങളിൽ സ്ഥലം മാറിപ്പോകുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ വിലപിടിച്ച വസ്തുക്കൾ തൊട്ടുപിന്നാലെ ചാർജ്ജെടുക്കുന്ന ഓഫീസർമാർക്ക് രേഖാമൂലം കൈമാറുന്നില്ല. 13-8-2009-ന് സ്ഥലം മാറിപ്പോയ ശ്രീ. വി. വി. പ്രഭാകരൻ, എക്സിക്യൂട്ടീവ് ഓഫീസർ 14-8-2009-ന് ചാർജ്ജെടുത്ത ശ്രീ. കെ. എം. അരവിന്ദാക്ഷന് 27-9-11, 25-11-11, 6-12-11 എന്നീ തീയതികളിലായാണ് വിലപിടിപ്പുള്ള വസ്തുക്കളുടെ ചാർജ്ജ് കൈമാറിയത്. ഇത്രയും നീണ്ടകാലയളവിൽ ക്ഷേത്രത്തിലെ വിലപിടിപ്പുള്ള വസ്തുക്കൾ ശ്രീ. വി. വി. പ്രഭാകരൻ സ്വന്തം അധീനതയിലാണ് സൂക്ഷിച്ചത്. മാത്രമല്ല അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ ആരും തന്നെ സ്വർണ്ണം കൈമാറിയതിന് രേഖകളില്ല. കാലാകാലങ്ങളിൽ തങ്ങളുടെ സേവനകാലഘട്ടങ്ങളിലെ സ്വർണ്ണം കൈമാറാതെ സ്വന്തം അധീനതയിലാണ് സൂക്ഷിച്ചു വരുന്നത്. വിലപിടിച്ച വസ്തുക്കൾ കൈമാറാതെ സൂക്ഷിക്കുകവഴി ഇവ ദുരുപയോഗം ചെയ്തിരിക്കുകയാണ്.

3) ചിറയ്ക്കൽ സെൻട്രൽ ദേവസ്വത്തിലെ മുഴവൻ ക്ഷേത്രങ്ങളുടെയും ആവശ്യത്തിനുപയോഗിക്കുന്ന പൊതുവായ തിരുവാഭരണങ്ങളുടെ എണ്ണം, ഇനം, തൂക്കം, മാറ്റ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ ദേവസ്വത്തിൽ സൂക്ഷിച്ചിട്ടില്ല. തിരുവാഭരണങ്ങൾ ഉത്സവാവശ്യത്തിന് കൈമാറുന്ന ഒരു രജിസ്റ്റർ മാത്രമാണ് ഇത് സംബന്ധിച്ച് ഉള്ളത്. പ്രസ്തുത രജിസ്റ്ററിലാകട്ടെ ആഭരണങ്ങളുടെ ഇനവും എണ്ണവും മാത്രമാണ് കാണിച്ചിരിക്കുന്നത്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമല്ലാത്തതിനാൽ ദേവസ്വത്തിൽ യഥാർത്ഥത്തിൽ കൈവശമുണ്ടായിരുന്നതും നിലവിൽ കൈവശമുള്ളതുമായ തിരുവാഭരണങ്ങളുടെ ആധികാരികമായ കണക്ക് പരിശോധിക്കുവാനുള്ള സാഹചര്യം നിലവിലില്ല. കാലാകാലങ്ങളിൽ ദേവസ്വത്തിൽ സേവനമനുഷ്ഠിച്ചിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരോ, ക്ഷേത്രട്രസ്റ്റിയോ ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തിയിരുന്നില്ല.

4) മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 36, 100(2)(1) എന്നിവയ്ക്ക് കീഴിലെ ചട്ടം 4-ൽ വിലപിടിപ്പുള്ള വസ്തുക്കൾ ട്രസ്റ്റി, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ സംയുക്തമായി സൂക്ഷിക്കണമെന്ന് വിവക്ഷിച്ചിരിക്കെ ഇത്തരമൊരു സംവിധാനം നാളിതുവരെ ദേവസ്വത്തിൽ നടപ്പിൽ വരുത്തിയിട്ടില്ല.

വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിലെ സ്വർണ്ണത്തിലുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ക്ഷേത്രത്തിന്റെ അധീനതയിൽ വന്നു ചേർന്നിട്ടുള്ള മറ്റ് വിലപിടിപ്പുള്ള വസ്തുക്കളുടെയും നിജസ്ഥിതിയും അന്വേഷണ വിധേയമാക്കേണ്ടതാണ്.

നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. എം. അരവിന്ദാക്ഷനാണ്. അദ്ദേഹത്തിന്റെ മുൻഗാമികൾ ആരും തന്നെ രേഖാമൂലം ഇൻവെന്ററി രജിസ്റ്റർ മുഖേന പരിശോധന നടത്തി മൂല്യവസ്തുക്കൾ കൈമാറിയിട്ടില്ലാത്തതിനാൽ ചിറയ്ക്കൽ സെൻട്രൽ ഓഫീസ് ആരംഭിച്ചതു മുതൽ നാളിതുവരെയുണ്ടായിരുന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ എല്ലാവരും ഖണ്ഡികയിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് കാരണക്കാരാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.8.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സ്വർണ്ണ നഷ്ടം ഉണ്ടായെന്ന ഓഡിറ്റ് പരാമർശത്തെത്തുടർന്ന് അപ്രൈസർ ഉൾപ്പെടുന്ന സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തിയതിൽ സ്വർണ്ണനഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ലെന്നും എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

46. സ്വതന്ത്ര വാല്യൂവേഷൻ നടത്തിയപ്പോൾ ക്രമക്കേടില്ലെന്ന് കണ്ടെത്തിയതായും ഇൻവെന്ററി രജിസ്റ്ററിൽ വന്ന തെറ്റാണെന്നും ഓഡിറ്റ് വിഭാഗവുംകൂടി പരിശോധിച്ചാൽ മാത്രമേ ഇതിനൊരു കൃത്യത വരികയുള്ളൂവെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധ്യപ്പെടുത്തി.

47. പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധന നടത്താമെന്നും ക്ഷേത്രത്തിൽ ഒരേസമയം ഒന്നിലധികം ഇൻവെന്ററി രജിസ്റ്ററുകളുണ്ടാകുകയും അവ തമ്മിൽ ഏകീകരണം ഇല്ലാതിരിക്കുകയും ഓഡിറ്റിംഗിനായി ഇവയിൽ ഏതെങ്കിലും ഒരു രജിസ്റ്റർ മാത്രം ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇൻവെന്ററി സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും മലബാർ ദേവസ്വത്തിന്റെ ഇൻവെന്ററി രജിസ്റ്ററുകളുടെ ക്രമീകരണത്തിനായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ ഭാഗത്തുനിന്ന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും കാണിക്കയായും മറ്റും ലഭിക്കുന്ന വരുമാനം രേഖപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ കാലികമാക്കുന്നതിനുള്ള ക്രമീകരണം ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു. ഇതുസംബന്ധിച്ച് 2019-ൽ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നെന്നും ഇൻവെന്ററി രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യണമെന്നും ടി രജിസ്റ്ററുകൾ അതാത് ഓഡിറ്റ് വിഭാഗത്തിന് മുമ്പാകെ സമർപ്പിക്കുന്നതിന് എല്ലാ ക്ഷേത്ര ഭരണാധികാരികളും ബാധ്യസ്ഥരാണെന്നും അതിൽ നിർദ്ദേശിച്ചിരുന്നു വെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ വ്യക്തമാക്കി.

48. അവശ്യ സന്ദർഭങ്ങളിൽ സ്വർണ്ണം പുറത്തെടുത്തശേഷം തിരികെ വയ്ക്കുന്നത് ആരുടെ സാന്നിദ്ധ്യത്തിലാണെന്ന സമിതിയുടെ ചോദ്യത്തിന്, മലബാർ ദേവസ്വത്തിന്റെ മാന്വൽ പ്രകാരം ട്രസ്റ്റിയുടെയും എക്സിക്യൂട്ടീവ് ഓഫീസറുടെയും ജോയിന്റ് ലയബിലിറ്റിയിലാണ് സ്വർണ്ണം സൂക്ഷിക്കുന്നതെന്നും അതോറിറ്റിയായ എക്സിക്യൂട്ടീവ് ഓഫീസറുടെയും ട്രസ്റ്റിയുടെയും സാന്നിദ്ധ്യത്തിലായിരിക്കണം പുറത്തെടുത്ത സ്വർണ്ണം തിരികെ വയ്ക്കേണ്ടതെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഈ വ്യവസ്ഥ പാലിക്കാതിരിക്കുമ്പോഴാണ് വീഴ്ചയുണ്ടാകുന്നതെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

49. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവെന്ററി പ്രകാരം സ്വർണ്ണത്തിൽ കുറവുള്ളതായാണ് കാണുന്നതെന്നും ഒരു ക്ഷേത്രത്തിൽ ഇൻവെന്ററി പരിശോധന നടത്തേണ്ടതിന്റെ സമയപരിധി എത്രയാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന്, മലബാർ ദേവസ്വത്തിന് കീഴിലുള്ള 1400 ക്ഷേത്രങ്ങളിൽ വെരിഫിക്കേഷൻ നടത്തുന്നതിനായി മൂന്ന് വെരിഫിക്കേഷൻ ഓഫീസർമാർ മാത്രമാണുള്ളതെന്നും ഇതിൽത്തന്നെ രണ്ട് അപ്രൈസർ പോസ്റ്റിനാണ് അനുമതി നൽകിയിരിക്കുന്നതെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ വ്യക്തമാക്കി.

50. എക്സിക്യൂട്ടീവ് ഓഫീസർമാർ സ്ഥലംമാറിപ്പോകുമ്പോൾ വിലപിടിച്ച വസ്തുക്കൾ തൊട്ടുപിന്നാലെ ചാർജ്ജെടുക്കുന്ന ഓഫീസർമാർക്ക് രേഖാമൂലം കൈമാറാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പ്പെടുകയും ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

51. മലബാർ ദേവസ്വം ബോർഡിലെ ഇൻവെന്ററി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ക്രമീകരണം ആവശ്യമാണെന്നും ഇതുസംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് പുറപ്പെടുവിക്കുകയും അതനുസരിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യാമെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഇക്കാര്യം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ചിറയ്ക്കൽ ദേവസ്വം

52. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഇൻവെന്ററി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന 37.45 ഗ്രാം സ്വർണ്ണമാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്നതെന്നും ഇത് നവീകരണ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി ഇൻവെന്ററി രജിസ്റ്ററിലെ പതിമൂന്നാമത്തെ പേജിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വെരിഫിക്കേഷൻ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സ്വർണ്ണ നഷ്ടമുണ്ടായിട്ടില്ലെന്നും ഉപയോഗിച്ച സ്വർണ്ണം രജിസ്റ്ററിൽ കുറവുവരുത്തി ഒപ്പുവച്ചിട്ടില്ല എന്നുള്ളത് പ്രധാന പോരായ്മയായി കാണുന്നുവെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

53. ദേവസ്വം കമ്മീഷണറുടെയും ദേവസ്വം ഓഡിറ്റിന്റെയും ഓഫീസുകളിൽ ഒരേ സമയം വിവരങ്ങൾ കാലികമാക്കുന്നതിന് സംവിധാനമുണ്ടാകണമെന്നും ഒരു സമാന്തര നിയന്ത്രണ സംവിധാനം പരിപാലിക്കേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു.

54. ക്ഷേത്രത്തിലെ ഇൻവെന്ററി സംബന്ധിച്ച സമഗ്രവും കൃത്യവുമായ വിവരങ്ങൾ ഇപ്പോഴും ലഭ്യമല്ല എന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് പൊതുവേ മലബാർ ദേവസ്വത്തിൽ ഇൻവെന്ററിയുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും നൽകാമെന്നും റവന്യൂ (ദേവസ്വം) വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

55. ദേവസ്വത്തിന് സ്വന്തമായി ഒരു അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് ചർച്ചയിൽ ഓഡിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന്, സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ വ്യക്തമാക്കി.

56. സ്വർണ്ണം കൂടാതെ ക്ഷേത്രത്തിലെ മറ്റ് വിലപിടിപ്പുള്ള വസ്തുവകകൾ സംബന്ധിച്ചുള്ള രജിസ്റ്റർ ലഭ്യമാണോയെന്ന സമിതിയുടെ ചോദ്യത്തിന്, എല്ലാ വസ്തുവകകളും സംബന്ധിച്ച ഇൻവെന്ററി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെങ്കിലും പല ക്ഷേത്രങ്ങളും അങ്ങനെ ചെയ്യാറില്ലെന്നും മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്നതാണെങ്കിലും ക്ഷേത്രങ്ങളുടെ നിയന്ത്രണം ട്രസ്റ്റിമാർക്കാണെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ മറുപടി നൽകി.

57. ഫലപ്രദമായ നിയമത്തിന്റെ അഭാവമാണ് മലബാർ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നമെന്നും ക്ഷേത്രത്തിലെ സമ്പത്ത് സംരക്ഷിക്കപ്പെടുന്ന തരത്തിൽ നിലവിലെ നിയമം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും ഇതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

58. നിലവിൽ തയ്യാറാക്കിയ കരട് നിയമം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ ബോധിപ്പിച്ചു.

59. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

60. മലബാർ ദേവസ്വം ബോർഡിലെ ഇൻവെന്ററി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ക്രമീകരണം ആവശ്യമാണെന്നും ഇതു സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കണമെന്നും അതനുസരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

61. ഫലപ്രദമായ നിയമത്തിന്റെ അഭാവമാണ് മലബാർ ദേവസ്വം ബോർഡിൽ നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ക്ഷേത്രത്തിലെ സമ്പത്ത് സംരക്ഷിക്കപ്പെടുന്ന തരത്തിൽ നിലവിലെ നിയമം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും ഇതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

62. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷേത്രട്രസ്റ്റികൾക്ക് യാത്രാബത്ത, സ്പെഷ്യൽ അലവൻസ് എന്നിവയ്ക്ക് പുറമെ ഊരായ്മ അലവൻസും നൽകുന്നു

(ശ്രീ പിഷാരിക്കാവ് ദേവസ്വം, 2008-09 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 29)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലുള്ള ശ്രീ പിഷാരിക്കാവ് ക്ഷേത്രത്തിന്റെ 2008-09 വർഷങ്ങളിലെ ചെലവ് പരിശോധനയിൽ ക്ഷേത്രത്തിലെ എട്ട് പാരമ്പര്യ ട്രസ്റ്റികൾക്കും ഊരായ്മ അലവൻസ് നൽകുന്നതായി കാണുന്നു. 2008 വർഷം ആകെ 89,000/- രൂപയും 2009 വർഷം 98,500/- രൂപയുമാണ് ഈയിനത്തിൽ നൽകിയിട്ടുള്ളത്.

ഡെപ്യൂട്ടി കമ്മീഷണർ തീർപ്പാക്കിയ അപ്പീലിലാണ് (നമ്പർ ഒ.എ 25/05 തീയതി 31-1-2006) ട്രസ്റ്റികൾക്ക് ഊരായ്മ അലവൻസ് നൽകാൻ ഉത്തരവായത്. പ്രതിഭാഗത്തെ പ്രതിനിധീകരിച്ച് ആരുമില്ലാത്തതിനാൽ എക്സ്പാർട്ടിയായാണ് ഡെപ്യൂട്ടി കമ്മീഷണർ വിധി കൽപ്പിച്ചത്.

ദേവസ്വവുമായി ബന്ധപ്പെട്ടുള്ള ഏതു കാര്യത്തിനും യാത്ര ചെയ്യുന്നതിന് യാത്രാബത്ത ലഭിക്കാൻ ട്രസ്റ്റിക്ക് അർഹതയുണ്ടെന്നും എന്നാൽ ക്ഷേത്രത്തിലേക്കോ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തേയ്ക്കോ തന്റെ അധികാരങ്ങളും കർത്തവ്യങ്ങളും നടപ്പിലാക്കാനും ട്രസ്റ്റികളുടെയും ട്രസ്റ്റി ബോർഡിന്റെയും യോഗങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള യാത്രകൾക്ക് യാത്രാബത്ത അനുവദനീയമല്ലെന്നും, 1951-ലെ മദ്രാസ് ഹിന്ദുമതധർമ്മ സ്ഥാപന നിയമം 100(2)(ടി) ചട്ടങ്ങൾ ഉദ്ധരിച്ച് ഡെപ്യൂട്ടി കമ്മീഷണർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ട്രസ്റ്റിയുടെ ചുമതലയിൽപ്പെട്ട സാധാരണ കർത്തവ്യങ്ങൾ നിറവേറ്റാൻ മേൽചട്ടം അനുമതി നൽകാത്തതിനാൽ 'ഊരായ്മ ജീവിതം' എന്ന നിലയ്ക്ക് 750/- രൂപ പാരമ്പര്യ ട്രസ്റ്റിക്കു നൽകാൻ ഡെപ്യൂട്ടി കമ്മീഷണർ ഉത്തരവിറക്കുകയും ചെയ്തു. ഇത് പിന്നീട് 2008-ൽ 1000/- രൂപയായും 2009-ൽ 1500/- രൂപയായും വർദ്ധിപ്പിച്ചു.

എന്നാൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് യാത്ര ചെയ്യുന്നതിനും ട്രസ്റ്റികളുടെയും ട്രസ്റ്റി ബോർഡിന്റെയും യോഗങ്ങളിൽ പങ്കെടുക്കുന്നതിനും യാത്രാബത്തയ്ക്ക് അർഹതയുണ്ടെന്നും ദേവസ്വത്തിന്റെ വാർഷിക വരുമാനമനുസരിച്ച് കേരള സർക്കാർ സർവ്വീസിലെ ഗ്രേഡ് ഒന്ന് വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർ മുതൽ ഗ്രേഡ് മൂന്ന് ഉദ്യോഗസ്ഥർക്ക് വരെ ബാധകമായ യാത്രാബത്തയ്ക്കാണ് ട്രസ്റ്റികൾക്ക് അർഹതയുള്ളതെന്നും ഡെപ്യൂട്ടി കമ്മീഷണറുടെ ഉത്തരവിന് (31-1-2006) മുമ്പ് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. (ജി.ഒ.(എം.എസ്)നമ്പർ 212/2005/ആർ.ഡി. തീയതി: 27.06.2005) ഒന്നിൽ കൂടുതൽ ട്രസ്റ്റിമാരുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രവുമായി ബന്ധപ്പെട്ട പരിശോധനകൾക്കും കോടതിയിൽ ഹാജരാകുന്നതിനും മറ്റാവശ്യങ്ങൾക്കും ട്രസ്റ്റികൾ ചുമതലപ്പെടുത്തുന്ന ഒരു ട്രസ്റ്റിക്കു മാത്രമാണ് യാത്രാബത്തയ്ക്ക് അർഹതയെന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഷിക ഉത്സവത്തിനും മറ്റും ക്ഷേത്രവുമായി ബന്ധപ്പെട്ട ജോലികൾക്ക് ട്രസ്റ്റികൾക്ക് അനുവദനീയമായ പ്രത്യേക അലവൻസിന് പുറമെയാണ് മേൽപ്പറഞ്ഞ യാത്രാ ബത്തയ്ക്കുള്ള അർഹത.

സർക്കാർ ഭേദഗതി ഉത്തരവ് ശ്രദ്ധിക്കാതെ ഡെപ്യൂട്ടി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടവിരുദ്ധമാകയാൽ പ്രസ്തുത ഉത്തരവിന് സാധുതയില്ല. ആയതിനാൽ ട്രസ്റ്റിമാർക്ക് ദേവസ്വം ഫണ്ടിൽ നിന്നനുവദിച്ച ഊരായ്മ അലവൻസ് 1,87,500/- രൂപ (2008-ൽ 89,000/- രൂപ, 2009-ൽ 98,500/- രൂപ) ദേവസ്വം ഫണ്ടിലേക്ക് തിരിച്ച് അടയ്ക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. മോഹൻ കുമാർ,

ഡെപ്യൂട്ടി കമ്മീഷണർ,

മലബാർ ദേവസ്വം ബോർഡ്,

കോഴിക്കോട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.8.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

64. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ട്രസ്റ്റി ബോർഡ് തീരുമാനത്തിനും ക്ഷേത്ര താൽപ്പര്യത്തിനും വിരുദ്ധമായി വഴിപാട് കൂറ് ഇനത്തിൽ മേൽശാന്തി ഭീമമായ തുക കൈപ്പറ്റുന്നു

(ശ്രീ പിഷാരിക്കാവ് ക്ഷേത്രം, 2008-09 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 36)

- 2009 വർഷം മേൽശാന്തി വഴിപാട് വിഹിതമായി കൈപ്പറ്റിയത് 6,69,769/- രൂപ
- മറ്റ് ഉൾതുറൈ ജീവനക്കാരുടെ വഴിപാട് വിഹിതം വർഷങ്ങൾക്കു മുമ്പ് നിർത്തലാക്കിയെങ്കിലും മേൽശാന്തിയുടെ വിഹിതം നിലനിർത്തി പോരുന്നു.

2009 വർഷത്തെ ചെലവു പരിശോധനയിൽ ശ്രീ പിഷാരിക്കാവ് ക്ഷേത്ര മേൽശാന്തി ശ്രീ നാരായണൻ മൂസതിന് വഴിപാട് വിഹിതമിനത്തിൽ 6,69,769/-രൂപ

നൽകിയതായി കാണുന്നു. പ്രതിമാസം ശരാശരി 55,000/- രൂപയാണ് ശമ്പളത്തിനു പുറമെ ലഭിക്കുന്ന ഈ വഴിപാട് വിഹിതം. ട്രസ്റ്റി ബോർഡിന്റെ തീരുമാനത്തിനു വിരുദ്ധമായാണ് തുക മേൽശാന്തി കൈപ്പറ്റുന്നത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ/തീയതി	തുക
(1)	(2)	(3)
1.	287361/2-1-2009	19,462
2.	287388/16-1-2009	16,499
3.	288284/22-1-2009	17,733
4.	288344/6-2-2009	18,283
5.	288351/19-2-2009	19,436
6.	288358/24-2-2009	18,013
7.	289232/4-3-2009	13,285
8.	289263/17-3-2009	21,478
9.	289282/25-3-2009	15,000
10.	289332/10-4-2009	28,321
11.	289383/6-5-2009	29,342
12.	291082/20-5-2009	40,924
13.	291093/22-5-2009	20,151
14.	289371/18-6-2009	22,150
15.	404739/20-6-2009	15,941

(1)	(2)	(3)
16.	291176/4-7-2009	18,883
17.	405154/7-7-2009	18,958
18.	29400/16-7-2009	13,078
19.	294014/28-7-2009	13,078
20.	405535/5-8-2009	19,265
21.	405537/5-8-2009	10,000
22.	294041/27-8-2009	20,000
23.	293728/12-9-2009	21,769
24.	406433/26-9-2009	20,000
25.	297645/6-10-2009	20,000
26.	297656/12-10-2009	23,189
27.	296886/28-10-2009	25,000
28.	406897/6-11-2009	37,459
29.	297930/18-11-2009	20,000
30.	407146/2-12-2009	30,000
31.	299316/21-12-2009	13,072
32.	291317/21-12-2009	30,000
	ആകെ	**6,69,769**

കഴകം, മാലകെട്ട് തുടങ്ങിയ മറ്റ് ഉൾതുറൈ ജീവനക്കാരുടെ വഴിപാട് വിഹിതം വർഷങ്ങൾക്ക് മുമ്പ് നിർത്തലാക്കിയെങ്കിലും മേൽശാന്തിയുടെ വിഹിതം മാത്രം നിലനിർത്തിപ്പോന്നു.

18-12-2006-ലെ ട്രസ്റ്റി ബോർഡ് യോഗത്തിൽ വഴിപാട് കൂറ് നിർത്തലാക്കുവാനും 5 പുതിയ തസ്തികകൾ കീഴ്ശാന്തിയുടെ ശമ്പളസ്കെയിലിൽ അനുവദിക്കാൻ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് (ഇപ്പോൾ മലബാർ ദേവസ്വം ബോർഡ്) കമ്മീഷണറോട് അപേക്ഷിക്കുകയും ഇത് സംബന്ധിച്ച് മേൽശാന്തിയുടെ അഭിപ്രായം ആരായാനും തീരുമാനിച്ചു.

ശാന്തിക്കൂറ് നിലനിർത്തണമെന്ന മേൽശാന്തിയുടെ അഭിപ്രായം സ്വീകാര്യമല്ലാത്ത തിനാൽ 15-1-2009-ലെ ട്രസ്റ്റി ബോർഡിന്റെ യോഗ തീരുമാന പ്രകാരം ഇത് സംബന്ധിച്ച തീരുമാനത്തിനായി കമ്മീഷണറോട് അപേക്ഷിച്ചു. ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ 2-2-2007-ലെ എ 2/3868/06-ലെ കത്തിൽ ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ അഭിപ്രായവും ട്രസ്റ്റിബോർഡ് തീരുമാനവും നൽകാൻ ആവശ്യപ്പെട്ടു.

ക്ഷേത്രത്തിൽ മേൽശാന്തിയുടെ സഹായത്തിന് സ്ഥിരമായി ഒന്നോ രണ്ടോ പേർ മാത്രമാണുള്ളതെന്നും കീഴ്ശാന്തിയുടെ ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്താൻ മേൽശാന്തി ആവശ്യപ്പെട്ട 6 പേരിൽ 3 പേർ മേൽശാന്തിയുടെ അടുത്ത ബന്ധുക്കളാണെന്നും എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ശാന്തിക്കൂറ് നിർത്തലാക്കാതെ സഹായികളെ നിയമിക്കേണ്ടതില്ല എന്നാണ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചത്. ഇതിനെതിരെ ശാന്തിക്കാർ ദേവസ്വം മന്ത്രിക്ക് സമർപ്പിച്ച ഹർജിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ അസിസ്റ്റന്റ് കമ്മീഷണർ 13-7-2010-ലെ എ 2/1123/10/എം.ഡി.ബി. നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ടു.

എക്സിക്യൂട്ടീവ് ഓഫീസർ മേൽപ്പറഞ്ഞ പ്രകാരമുള്ള റിപ്പോർട്ട് (2-9-2010-ലെ പി.ഡി.116/10) അസിസ്റ്റന്റ് കമ്മീഷണർക്ക് സമർപ്പിച്ചു. വഴിപാട് പ്രസാദം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും കീഴ്ശാന്തിക്കാരെ നിയമിക്കാനും മേൽശാന്തിക്കുള്ള ശാന്തിക്കൂറ് പൂർണ്ണമായി നിർത്തലാക്കാനും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ 50-ാം വകുപ്പ് പ്രകാരം കമ്മീഷണർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷേത്രജീവനക്കാർക്ക് വഴിപാട് വിഹിതം എത്രയെന്ന് നിർണ്ണയിക്കുന്നതിനുള്ള അധികാരം ട്രസ്റ്റികൾക്കാണെന്ന് അനുശാസിക്കുന്നു. ക്ഷേത്ര

താൽപ്പര്യം പരിഗണിച്ച് മേൽശാന്തിക്കുള്ള വഴിപാട് ക്കൂറ് നിർത്തലാക്കുവാനും ആവശ്യകത പരിശോധിച്ച് കീഴ്ശാന്തിയുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 6.8.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. പ്രസ്തുത വിഷയം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

66. നിലവിൽ വിഷയം പരിഹരിച്ചിട്ടുണ്ടെന്നും മേൽശാന്തിക്ക് വഴിപാട്ക്കൂറ് നൽകുന്നില്ലെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകോപിതവും ആസൂത്രിതവുമായ ദിശാബോധം നൽകുന്നതിനും സമൂഹത്തിലെ വിവിധ വരുമാന പരിധിയിൽപ്പെടുന്നവർക്ക് അനുയോജ്യമായ ഭവനനിർമ്മാണ/വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമാണ് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (KSHB) രൂപം കൊണ്ടത്. ഇതിനു പുറമേ വിവിധ പദ്ധതികളായ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ, ഗസ്റ്റ് ഹൗസുകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, മിനി ടൗൺ ഷിപ്പുകൾ, ഹാബിറ്റാറ്റ് സെന്ററുകൾ, റെന്റൽ ഹൗസിംഗ് സ്കീമുകൾ എന്നിവയുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ ബോർഡിന്റെ കീഴിൽ നടന്നു വരുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെ കൺസൾട്ടൻസി ജോലികളും ഹൗസിംഗ് ബോർഡ് ഏറ്റെടുത്തു നടത്തുന്നുണ്ട്.

വായ്പ തുകകൾ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ കളക്ടർക്കും, ചീഫ് റവന്യൂ ഓഫീസർക്കും റിപ്പോർട്ട് ചെയ്ത റവന്യൂ റിക്കവറി കേസുകളിന്മേൽ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ബോർഡിന് ഈയിനത്തിൽ നഷ്ടം നേരിടേണ്ടി വരുന്നു. ചീഫ് റവന്യൂ ഓഫീസർ മുഖാന്തിരം റവന്യൂ റിക്കവറി നടപടിക്രമങ്ങൾ ഊർജ്ജിതമാക്കാൻ ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ അലോട്ട് ചെയ്യാതെയും വിറ്റഴിക്കാതെയും വിവിധ ഫ്ളാറ്റുകളും വസ്തുക്കളും ഉപയോഗശൂന്യമായി കിടക്കുന്നതുമൂലം ബോർഡിന് വലിയ നഷ്ടം നേരിടുന്നു. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. വായ്പ തുകകൾ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെയുള്ള റവന്യൂ റിക്കവറി കേസുകളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നും ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ അലോട്ട് ചെയ്യാതെയും വിറ്റഴിക്കാതെയും കിടക്കുന്ന വിവിധ ഫ്ലാറ്റുകളും വസ്തുക്കളും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമായിരുന്നു ഓഡിറ്റ് ശിപാർശയെന്നും പരമാവധി വായ്പാ തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിച്ചെടുത്തിട്ടുണ്ടെന്നും 1-4-2018-ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കഴിഞ്ഞപ്പോൾ 2547 ഫയലുകളിലായി 214.83 കോടി രൂപ കിട്ടാനുണ്ടായിരുന്നതിൽ ഇതുവരെ 1216 ഫയലുകൾ തീർപ്പാക്കിയതുവഴി 22.51 കോടി രൂപ ലഭിക്കുകയും 93.32 കോടി രൂപ എഴുതിത്തള്ളുകയും ചെയ്തുവെന്നും ഇനി 1331 വായ്പാ കുടിശ്ശിക ഫയലുകളിൽ നിന്നായി 119 കോടി രൂപ പിരിച്ചെടുക്കാനുണ്ടെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

68. ആരുടെയൊക്കെ വായ്പാ കുടിശ്ശികയാണ് എഴുതിത്തള്ളിയതെന്നും എഴുതിത്തള്ളിയ വായ്പകളുടെ കൂട്ടത്തിൽ ഉയർന്ന വരുമാനമുള്ളവരുടെ വായ്പകളുമുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, ദുർബ്ബല വിഭാഗത്തിന്റെയും താഴ്ന്ന വരുമാനക്കാരുടെയും കുടിശ്ശികയാണ് എഴുതിത്തള്ളിയതെന്നും ഉയർന്ന വരുമാനമുള്ളവരുടെ കേസുകളിൽ റവന്യൂ റിക്കവറി തുടരുന്നുണ്ടെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

69. വെള്ളം ലഭ്യമല്ലാത്ത സ്ഥലത്ത് ഫ്ലാറ്റ് നിർമ്മിച്ചത് കാരണം ബാലരാമപുരം ഹൗസിംഗ് സ്കീമിൽ നിർമ്മിച്ച ഫ്ലാറ്റുകൾ വിറ്റഴിക്കാൻ കഴിയാത്തതിനെക്കുറിച്ചും വിറ്റഴിച്ച ഫ്ലാറ്റുകളിൽ പോലും വെള്ളമില്ലാത്ത അവസ്ഥയെക്കുറിച്ചും ആരാഞ്ഞ സമിതി, വെള്ളവും മറ്റ് സൗകര്യങ്ങളും ലഭ്യമാണോയെന്ന് പരിശോധിക്കാതെ സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കുന്ന പ്രവണതയിൽ അതൃപ്തി രേഖപ്പെടുത്തി. അവിടെ താമസിക്കുന്നവർക്കെങ്കിലും വെള്ളം ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന്, നിലവിലുള്ള താമസക്കാർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ ശ്രമം നടത്തിയിരുന്നു വെന്നും എന്നാൽ കരമന ഭാഗത്ത് റെയിൽവേ ലൈൻ കട്ട് ചെയ്ത് ജലവിതരണ പൈപ്പ് കൊണ്ടുവരുന്നതിന് അനുവാദം ലഭിക്കുന്നില്ലെന്നതാണ് വിഷയമെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

70. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങളൊന്നും കണ്ടെത്താൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടപ്പോൾ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അവിടെ പുതിയ കണക്ഷൻ വരുന്നുണ്ടെന്നും അതുപ്രകാരം ആവശ്യത്തിന് വെള്ളം ലഭ്യമാകുമെന്നുമാണ് അറിയാൻ കഴിഞ്ഞതെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

71. ജലജീവൻ പദ്ധതിയും ജപ്പാൻ കുടിവെള്ള പദ്ധതിയുമൊക്കെ വരുമെന്നുപറഞ്ഞ് ഒന്നും ചെയ്യാതിരിക്കുന്നത് ശരിയല്ലെന്നും അവിടെ താമസിക്കുന്നവർക്ക് വെള്ളം ലഭ്യമാക്കാൻ കഴിയില്ലെങ്കിൽ അവരെ വെള്ളം ലഭിക്കുന്ന മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കാനും ഫ്ലാറ്റ് നിർമ്മിച്ചതിന് ഉത്തരവാദികളായവരെ കണ്ടുപിടിച്ച് അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിച്ചു.

72. കുടിവെള്ളത്തിന്റെ പ്രശ്നം മാത്രമല്ല ഉള്ളതെന്നും അവിടെ നിരവധി ഫ്ലാറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതിനാൽ സാമൂഹ്യവിരുദ്ധരുടെ ശല്യവുമുണ്ടാകുന്നുണ്ടെന്നും അവിടെ താമസിക്കുന്ന കുടുംബങ്ങളുടെ വിഷമങ്ങൾ കേൾക്കാനെങ്കിലും ബോർഡിലെ ഉദ്യോഗസ്ഥർ അവിടെവരെ പോകുന്നത് അവർക്കൊരു ആശ്വാസമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

73. ഹൗസിംഗ് ബോർഡ് ഒരു സബ് കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത സ്ഥലം സന്ദർശിച്ച് ഫ്ലാറ്റുകൾ പരിശോധിക്കുകയും അവയുടെ വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെന്നും കുടിവെള്ള പ്രശ്നം ഉൾപ്പെടെ പരിഹരിച്ച് ഫ്ലാറ്റുകൾ വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

74. മറൈൻ ഡ്രൈവ് കോമേഴ്സ്യൽ കോംപ്ലക്സ്, കോതമംഗലം റവന്യൂ ടവർ എന്നിവിട ങ്ങളിൽ പതിനായിരക്കണക്കിന് ചതുരശ്ര അടി സ്ഥലം നാളിതുവരെ വാടകയ്ക്ക് നൽകാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, അവിടെ ഓഫീസ് സ്പേസും കൊമേഴ്സ്യൽ സ്പേസും ഒരു കെട്ടിടത്തിൽത്തന്നെയായതിനാൽ പാർക്കിംഗുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ടെന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

75. പാർക്കിംഗിനായി കോംപ്ലക്സിനോട് ചേർന്നുള്ള വ്യവസായ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന്, അതിന് ശ്രമിച്ചിരുന്നുവെങ്കിലും ലഭിച്ചില്ലെന്നും മറൈൻ ഡ്രൈവ് കോമേഴ്സ്യൽ കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത വിഷയം അടുത്ത ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

76. കോതമംഗലം റവന്യൂ ടവറിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത റവന്യൂ ടവർ വിവിധ സർക്കാർ ഓഫീസുകൾക്കായി നിർമ്മിച്ചതായതുകൊണ്ട് വാണിജ്യ ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് സാങ്കേതിക തടസ്സമുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ഒഴിഞ്ഞുകിടക്കുന്നതും വാടകയ്ക്കെടുക്കാൻ സാധ്യത കുറവുള്ളതുമായ സ്ഥലങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് പരിഹാരമാർഗ്ഗം കണ്ടെത്തിയില്ലെങ്കിൽ ഇതൊക്കെ നശിച്ചുപോകുന്ന സ്ഥിതിയുണ്ടാകുമെന്നും നേരത്തെ നിശ്ചയിച്ച വാടക കുറവ് ചെയ്യേണ്ടതുണ്ടെങ്കിൽ അതുസംബന്ധിച്ചും സർക്കാർ തീരുമാനമുണ്ടാകേണ്ടതാണെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

77. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

<u>അവലോകന റിപ്പോർട്ട്</u>

വായ്പ പദ്ധതികളിൻമേലുള്ള റവന്യൂ റിക്കവറി നടപടികളും ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങളും

1961-ൽ സ്ഥാപിതമായ തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ തുടർച്ചയായി 1971-ൽ രൂപം കൊണ്ട കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങളുടെ വർദ്ധിതമായ പാർപ്പിട പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോജ്യമായതും വൈവിദ്ധ്യമാർന്നതുമായ ഭവനനിർമ്മാണ

പദ്ധതികളും വായ്പാപദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്ഥാപനമാണ്. സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഭവനനിർമ്മാണ മേഖലയിൽ മാർഗ്ഗദർശകമായി പ്രവർത്തിക്കുന്നതിനൊപ്പം ജനസേവനത്തിനുതകുംവിധം സർക്കാർ ഓഫീസുകളും വാണിജ്യ വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന റവന്യൂ ടവറുകളുടെ നിർമ്മാണം, പരിപാലനം, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ പദ്ധതികൾ, സുനാമി പുനരധിവാസ തീരദേശ ഭവന പദ്ധതി, എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, പ്രോജക്ട് മാനേജ്മെന്റ് പ്രവർത്തനങ്ങൾ, കൺസൾട്ടൻസി ജോലി, ഡെപ്പോസിറ്റ് ജോലികൾ മുതലായവയും ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്ത് തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തം താഴെകൊടുക്കുന്നു.

1. ഭവനനിർമ്മാണ പദ്ധതികളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ

സർക്കാർ ആവിഷ്കൃത പദ്ധതികൾക്ക് പുറമെ ബോർഡ് വിവിധ വരുമാനമുള്ള ജനവിഭാഗങ്ങൾക്കായി ഭവന വായ്പാ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പ്രസ്തുത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് ഒട്ടേറെ ഇളവുകൾ നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2004 മുതൽ നടപ്പിലാക്കുന്നുണ്ടെങ്കിലും തിരിച്ചടവിലെ പുരോഗതി നാമമാത്രമാണ്.

വായ്പാപദ്ധതികളുടെ തിരിച്ചടവിൽ മുടക്കം വരുത്തിയവർക്കെതിരെ ജില്ലാ കളക്ടർ, സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എന്നിവർ മുഖേന തുടരുന്ന റവന്യൂ റിക്കവറി നടപടികളിലൂടെ 2011-12 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ട 1,61,13,65,183/- രൂപയിൽ 27,71,23,368/- രൂപയുടെ കുടിശ്ശിക മാത്രമാണ് തീർപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സ്റ്റേ നടപടികളെത്തുടർന്ന് ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ 18,10,94,075/- രൂപ ഒഴികെയുള്ള 1,15,31,47,740/- രൂപയും ഈടാക്കുവാനായി ശേഷിക്കുന്നു.

റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാക്കിയ വായ്പകളിൽ 27.71 കോടിയിൽപ്പരം രൂപയുടെ കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിലും (ഒറ്റ തവണ തീർപ്പാക്കൽ + പിരിച്ചെടുത്തത്) പ്രസ്തുത കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയതിനാൽ യഥാർത്ഥത്തിൽ 23.45 കോടി രൂപ മാത്രമാണ് ഭവന നിർമ്മാണ ബോർഡിന് ലഭ്യമായിട്ടുള്ളത്.

ഭവനനിർമ്മാണ വായ്പ പദ്ധതികളിന്മേലുള്ള 2011-12 സാമ്പത്തിക വർഷത്തിലെ റവന്യൂ റിക്കവറി നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ആകെ ഡിമാന്റ് : 1,61,13,65,183

സ്റ്റേ നടപടികൾമൂലം

ഡിമാന്റിൽ നിന്ന് ഒഴിവാക്കിയ തുക : 18,10,94,075

ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഒഴിവാക്കിയ തുക : 25,41,44,345

ഡിമാന്റിൽ നിന്നും ഒഴിവാക്കിയ ആകെ തുക : 43,52,38,420

പിരിച്ചെടുക്കേണ്ട തുക : 1,17,61,26,763

പിരിച്ചെടുത്ത തുക : 2,29,79,023

ശേഷിക്കുന്ന തുക : 1,15,31,47,740

റവന്യൂ റിക്കവറി നടപടികളുടെ വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു

ക്രമ ന മ്പർ	ഓഫീസിന്റെ പേര്	ആകെ ഡിമാന്റ്	സ്റ്റേ നടപടി കളെ തുടർന്ന് ഒഴിവാക്കിയ തുക	ഒറ്റത്തവണ തീർപ്പാക്ക ലിനായി ഒഴിവാക്കിയ തുക	ഡിമാന്റിൽ നിന്നും ആകെ ഒഴിവാക്കിയ തുക	പിരിച്ചെട ക്കേണ്ട ഡിമാന്റ് തുക	പിരിച്ചെട ത്ത ഡിമാന്റ് തുക	ശേഷിക്കുന്ന തുക
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
1	തിരുവനന്തപുരം ഡിവിഷൻ	17160030		3090889	3090889	14069141	433754	13635387
2	ബാലരാമപുരം ബ്രാഞ്ച്	177906146	1420172	33070740	34490912	143415234	1865530	141549704
3	നെടുമങ്ങാട് ബ്രാഞ്ച്	164210312		34340809	34340809	129869503	1390849	128478654
4	കൊല്ലം ഡിവിഷൻ	47812306		12153347	12153347	35658959	2910590	32748369
5	കരുനാഗപ്പള്ളി ബ്രാഞ്ച്	29514335	473236	9947458	10420694	19093641	863656	18229985

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
6	പത്തനാപുരം ബ്രാഞ്ച്	15054343		5035003	5035003	10019340	236378	9782962
7	പത്തനംതിട്ട ഡിവിഷൻ	13670338		1245273	1245273	12425065	695666	11729399
8	കോന്നി ബ്രാഞ്ച്	9787428		321609	321609	9465819	1554967	7910852
9	ആലപ്പുഴ ഡിവിഷൻ	39531778		12984719	12984719	26547059	842522	25704537
10	ചേർത്തല ബ്രാഞ്ച്	11927474		2950356	2950356	8977118	51785	8925333
11	കോട്ടയം ഡിവിഷൻ	21076077		4165194	4165194	16910883	632018	16278865
12	ചങ്ങനാശ്ശേരി ബ്രാഞ്ച്	5238830		785819	785819	4453011	346054	4106957
13	കാഞ്ഞിരപ്പള്ളി ബ്രാഞ്ച്	9793544		1858600	1858600	7934944	77100	7857844
14	പാല ബ്രാഞ്ച്	20613268		3324746	3324746	17288522	315210	16973312
15	ഇടുക്കി ഡിവിഷൻ	66260811		16933197	16933197	49327614	110560	49217054
16	തൊടുപുഴ ജില്ലാ ഓഫീസ്	18963627		1525431	1525431	17438196	436635	17001561
17	എറണാകുളം ഡിവിഷൻ	14613240	120586	4121754	4242340	10370900	662000	9708900

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
18	പെരുമ്പാവൂർ ബ്രാഞ്ച്	32921687		4129912	4129912	28791775	244670	28547105
19	കോതമംഗലം ബ്രാഞ്ച്	9462215	1523067	1577322	3100389	6361826	30827	6330999
20	തൃശ്ശൂർ ഡിവിഷൻ	59788568		13856195	13856195	45932373	655000	45277373
21	ഇരിങ്ങാലക്കുട ബ്രാഞ്ച്	30090198		7315137	7315137	22775061	37900	22737161
22	പാലക്കാട് ഡിവിഷൻ	102375874		6332065	6332065	96043809	2001290	94042519
23	മലപ്പുറം ഡിവിഷൻ	19374964		4547812	4547812	14827152	655834	14171318
24	കോഴിക്കോട് ഡിവിഷൻ	194818009		24917934	24917934	169900075	1757883	168142192
25	വയനാട് ഡിവിഷൻ	182492534	177428444	5064090	182492534			
26	കണ്ണൂർ ഡിവിഷൻ	20408174	128570	4106292	4234862	16173312	225500	15947812
27	ഇരിട്ടി ബ്രാഞ്ച്	17144325		4039140	4039140	13105185	1133625	11971560
28	പിലാത്തറ ബ്രാഞ്ച്	21186137		2120286	2120286	19065851	266500	18799351
29	കാസർഗോഡ് ഡിവിഷൻ	238168611		28283216	28283216	209885395	2544720	207340675
	ആകെ	1611365183	181094075	254144345	435238420	1176126763	22979023	1153147740

വായ്പാ കുടിശ്ശിക ഇനത്തിലുള്ള ആകെ ഡിമാന്റ്, പിരിച്ചെടുത്ത തുക, ശേഷിക്കുന്ന തുക എന്നിവ സംബന്ധമായി വിവിധ സബ് ഓഫീസുകളിലും ഹെഡ് ഓഫീസിലും കണക്കാക്കിയിരിക്കുന്ന തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വായ്പാക്കാരുടെ തിരിച്ചടവ് ശേഷിയോ ഈടുനിൽക്കുന്ന വസ്തുതകളുടെ സാധുതയോ പരിഗണിക്കാതെ വായ്പകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ സമയബന്ധിതമായും നിയമാനുസൃതമായും പൂർത്തിയാക്കുന്നതിന് ഉതകും വിധം സബ് ഓഫീസുകളുടെയും റവന്യൂ റിക്കവറി വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ ഉപയോഗിച്ച് ബോർഡ് നൽകിയ വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പലിശ ഇളവ് നൽകുമ്പോൾ ആനുപാതിക വിഹിതം ബോർഡിന് ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

2. ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂപ്രദേശങ്ങൾ

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിയ ഭവന പദ്ധതികൾക്കായി ബോർഡ് നേരിട്ട് വാങ്ങിയതും പൊന്നും വില നടപടികളിലൂടെ ആർജ്ജിച്ചതും സർക്കാരിൽ നിന്നും വിട്ടുകിട്ടിയതും ദാനമായി ലഭിച്ചതുമായ ഭൂപ്രദേശങ്ങളിൽ പലതും ഉപയോഗക്ഷമമല്ലാതെ നശിക്കുന്നു. ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങൾ ചുറ്റുമതിലോ വേലിയോ കെട്ടി സംരക്ഷിക്കുന്നതിലും പോക്ക് വരവ് നടത്തി സ്വന്തം ഉടമസ്ഥതയിലാക്കി കരം ഒടുക്കുന്നതിലും ബോർഡ് വീഴ്ച വരുത്തുന്നു. അധീനതയിലുള്ള ഭൂപ്രദേശങ്ങൾ സംബന്ധമായ പൂർണ്ണ വിവരങ്ങൾ നൽകാൻ പല ഡിവിഷൻ ഓഫീസുകൾക്കും കഴിഞ്ഞിട്ടില്ല. ഭൂപ്രദേശങ്ങളുടെ വിവരങ്ങൾ, അവയുടെ നിലവിലുള്ള സ്ഥിതി എന്നിവ ക്രോഡീകരിക്കാനോ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കുവാനോ ഭൂപ്രദേശങ്ങൾ പ്രയോജനക്ഷമമാക്കുവാനും സംരക്ഷിക്കുവാനും ഉതകുന്ന നടപടികൾ സ്വീകരിക്കുവാനോ ബോർഡിന് കഴിഞ്ഞിട്ടില്ല. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

രാജീവ് ദശലക്ഷം ഭവനപദ്ധതിയിൽ ഭവനനിർമ്മാണ ബോർഡിന് ലഭ്യമായ ഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്താനോ നിർമ്മാണം പൂർത്തിയായ വീടുകൾ വിതരണം ചെയ്യാനോ ശേഷിക്കുന്ന ഭൂമി ബോർഡിന്റെ അധീനതയിലാക്കി സംരക്ഷിക്കുവാനോ കഴിഞ്ഞിട്ടില്ല. വിവിധ ഡിവിഷനുകളുടെ പരിധിയിലുള്ളതും രാജീവ് ദശലക്ഷം ഭവന പദ്ധതിക്കായി ബോർഡ് നേരിട്ട് വാങ്ങിയതുൾപ്പെടെയുള്ള ഭൂമി നിർമ്മിതി കേന്ദ്രത്തിന് കൈമാറിയതായി കാണുന്നു. പ്രസ്തുത കൈമാറ്റത്തിന്റെ കാരണമോ സാധുതയോ വ്യക്തമല്ല.

തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വരുന്ന അമ്പലനഗർ പദ്ധതിയിൽ രേഖകളുടെ അഭാവത്തിൽ വസ്തു നികുതി ഒടുക്കുവാൻ കഴിയുന്നില്ല. ജഗതി പദ്ധതിയിൽ 35.78 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ടെങ്കിലും 29.76 സെന്റിന് മാത്രമാണ് വസ്തു നികുതി ഒടുക്കുന്നത്. പ്രസ്തുത ഭൂമിക്ക് ബേസ്മെന്റ് കെട്ടി അതിരുകൾ നിർണ്ണയിച്ചിട്ടുള്ളതായും 35.78 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങിയെങ്കിലും റീസർവ്വേയ്ക്കുശേഷം ഭൂമിയുടെ അളവ് 29.76 സെന്റ് മാത്രമാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കിയിരിക്കുന്നു. വില നൽകി വാങ്ങിയ ഭൂമിയിൽ നിന്ന് 6.02 സെന്റ് ഭൂമി നഷ്ടമായതായി കാണുന്നു.

ആക്കുളം പദ്ധതിയിൽ സർക്കാരിൽ നിന്ന് പതിച്ച് കിട്ടിയ 14.67 ഏക്കർ ഭൂമിയിൽ രാജീവ്ഗാന്ധി ബയോടെക്നോളജി എന്ന സ്ഥാപനത്തിന് കൈമാറിയതിനു ശേഷം ബാക്കിയുള്ള 776 സെന്റ് ഭൂമി പോക്കുവരവ് നടത്തി ബോർഡിന്റെ പേരിലാക്കുവാനോ കരം ഒടുക്കുവാനോ കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം ഡിവിഷൻ II-ന്റെ നിയന്ത്രണത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങളിൽ ശേഷിക്കുന്ന തുണ്ട് ഭൂമികളും കൊമേഴ്സ്യൽ ഏരിയയ്ക്കായി മാറ്റി വച്ച പ്രദേശങ്ങളും പ്രയോജനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനോ ഭൂമി സംബന്ധമായ പൂർണ്ണ വിവരങ്ങൾ ഹാജരാക്കുവാനോ കഴിഞ്ഞിട്ടില്ല. ബോർഡ് വിലയ്ക്ക് വാങ്ങിയ മരുതുംകുഴി കൊമേഴ്സ്യൽ ഏരിയായുടെ ആധാരം നഷ്ടമായിരിക്കുകയാണ്. തിലക് നഗർ, പാറ്റൂർ, പി.റ്റി. ചാക്കോ നഗർ, എൻ.സി.സി. റോഡ്, അമ്പല നഗർ, പട്ടം നഗർ, നാവായ്ക്കുളം -ROMHS എന്നിവ സംബന്ധമായ പൂർണ്ണ വിവരങ്ങൾ തിരുവനന്തപുരം ഡിവിഷൻ II ൽ ലഭ്യമല്ല. തിരുവനന്തപുരം ഡിവിഷൻ II-ന്റെ പരിധിയിലുള്ള തിലക് നഗർ കൊമേഴ്സ്യൽ ഏരിയായിലും പാറ്റൂർ ഷോപ്പ് ഏര്യായിലും സമീപവാസികളുടെ കടന്നു കയറ്റം ഉണ്ടായിട്ടുണ്ട്.

എറണാകുളം ഡിവിഷന്റെ പരിധിയിലുള്ള തൃക്കാക്കര സാറ്റലൈറ്റ് ഭവനപദ്ധതിയുടെ സ്ഥലം പൊതുജനങ്ങൾ ഡ്രൈവിംഗ് പരിശീലനത്തിനായി ഉപയോഗിക്കുന്നതായും തൃക്കാക്കര പ്രദേശത്ത് ശേഷിക്കുന്ന 13.5 സെന്റ് സ്ഥലം കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ഉണ്ടായതിനുശേഷവും കടന്നുകയറ്റക്കാരന്റെ കൈവശമാണെന്നും വയനാട് ഡിവിഷന്റെ പരിധിയിലുള്ള തൃക്കരപറ്റ രാജീവ് ദശലക്ഷം ഭവനപദ്ധതിയിലെ 23 വീടുകൾ സാധുജനപരിപാലന സംഘം അനധികൃതമായി കൈവശം വച്ചിരിക്കുന്നതായും കൊല്ലം ഡിവിഷന്റെ പരിധിയിലുള്ള പേരയം രാജീവ് ദശലക്ഷം ഭവനപദ്ധതിയിൽ നിർമ്മിച്ച മുഴുവൻ വീടുകളും തകർന്നുപോയി എന്നും ഒരു വീടുപോലും വിതരണം ചെയ്തിട്ടില്ല എന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പേരയം രാജീവ് ദശലക്ഷം ഭവനപദ്ധതിയിലെ വീടുകൾ ജീർണ്ണാവസ്ഥയിലാണെന്നും പ്രസ്തുത വീടുകളിൽ ആൾതാമസം ഉള്ളതായും പദ്ധതി പ്രദേശത്ത് സമീപവാസികൾ കടന്നുകയറി കൃഷി നടത്തിയതായും പ്രാദേശിക

പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എറണാകുളം ഡിവിഷന്റെ തന്നെ പരിധിയിലുള്ള ROMHS-ൽ 54 വീടുകൾ പണിയാൻ ഉദ്ദേശിച്ചതിൽ 30 വീടുകൾ പൂർത്തിയാക്കിയതായും പ്രസ്തുത വീടുകളിൽ 16 എണ്ണത്തിൽ തദ്ദേശീയർ കരാർ വയ്ക്കാതെ താമസമാക്കിയതായും 2010-11-ലെ ഓഡിറ്റ് നോട്ടിന് 28-9-2012-ൽ നൽകിയ IAD/LF/AN/2010-11/EKM-ാം നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ഡിവിഷൻ II-ന്റെ പരിധിയിലുള്ള ത്രിവിക്രമംഗലം, കോട്ടയം ജില്ലയിലെ വെള്ളൂർ ഭവന പദ്ധതി, എറണാകുളം ഡിവിഷന്റെ പരിധിയിലുള്ള ഇടപ്പള്ളി മുതലായ പ്രദേശങ്ങളിലുൾപ്പെടുന്ന തുണ്ട് ഭൂമികൾ ഉപയോഗ ക്ഷമമാക്കിയിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേജ് 1 സെന്ററിൽ ഉൾപ്പെടുന്ന 31.71 സെന്റ് ഭൂമി 13 പേർക്കായി ലേലം ചെയ്തു നൽകിയെങ്കിലും അവയുടെ വില പൂർണ്ണമായും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം ഡിവിഷൻ II-ന്റെ പരിധിയിലുള്ള പി.റ്റി.പി. നഗർ, കൽപക നഗർ, മേലത്തുമേലെ, കാരോട് ROMHS, വെള്ളറട, പണ്ഡിറ്റ് കോളനി, കോട്ടയം ഡിവിഷന്റെ പരിധിയിലുള്ള ഉദയനാപുരം, വിജയപുരം, തുക്കൊടിത്താനം എന്നീ പ്രദേശങ്ങളിലുള്ള ഭൂമി ഉപയോഗക്ഷമമാക്കാതെ ശേഷിക്കുന്നുണ്ടോ എന്ന റിപ്പോർട്ട് ലഭ്യമാക്കാൻ ഡിവിഷൻ ഓഫീസുകൾക്ക് കഴിഞ്ഞിട്ടില്ല.

ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ളതും, ഉപയോഗക്ഷമമാക്കാ-ത്തതുമായ ഭൂമിയുടെ കൃത്യമായ വിവരങ്ങൾ ബോർഡിൽ ലഭ്യമല്ല. ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ കൈമാറ്റ ഉത്തരവുകളോ, രേഖകളോ, ആധാരങ്ങളോ ഇല്ല. പല ഭൂപ്രദേശങ്ങൾക്കും വസ്തുകരം ഒടുക്കുന്നില്ല. ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങളുടെ വിവരശേഖരണം, ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ ഉടമസ്ഥത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എന്നിവ റവന്യൂ, സർവ്വേ അധികാരികളുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. രാജീവ് ദശലക്ഷം ഭവനപദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിലേക്കും, ബോർഡിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളിലേക്കുമുള്ള കടന്നുകയറ്റം തടയുന്നതിനും വീടുകൾ സമയബന്ധിതമായി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ബോർഡ് അധികാരികൾ സ്വീകരിക്കേണ്ടതാണ് ബോർഡിന്റെ അധീനതയിൽ ശേഷിക്കുന്ന ഭൂമി വരുമാന വർദ്ധനയ്ക്ക് ഉതകും വിധം വിൽപ്പന നടത്തുകയോ വാണിജ്യ ആവശ്യങ്ങൾക്കായി നൽകുകയോ മറ്റ് ഭവനപദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യുക.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഭവനനിർമ്മാണ പദ്ധതികളിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ

78.റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങൾ

79. ഭവനനിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസിലെ ആസ്തി രജിസ്റ്ററിലെ വിവരങ്ങളും ഡിവിഷൻ ഓഫീസുകളിലെ ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ എല്ലാം കറക്ട് ചെയ്ത് അപ്-ടു-ഡേറ്റ് ആക്കിയിട്ടുണ്ടെന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

80. ഇതുസംബന്ധിച്ച വിവരം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാനും ഓഡിറ്റ് വിഭാഗം പരിശോധിച്ചതിന് ശേഷം പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

81. തിരുവനന്തപുരം ജില്ലയിൽ അവശേഷിക്കുന്ന തുണ്ട് ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കാനോ തിലക് നഗർ, പാറ്റൂർ ഷോപ്പിംഗ് ഏരിയ എന്നിവിടങ്ങളിലെ കടന്നുകയറ്റം ഒഴിപ്പിക്കാനോ ബോർഡിന് സാധിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും പരാമർശിത ഭൂമി എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, പ്രസ്തുത സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ചിലത് പ്ലോട്ട് തിരിച്ച് വിൽപ്പന നടത്തുന്നതിനും ചില സ്ഥലങ്ങളിൽ സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

82. പല സ്ഥലങ്ങളിലും ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിക്ക് കൃത്യമായ രേഖകളില്ലെന്നും രേഖയിലുള്ള സ്ഥലം പൂർണ്ണമായും കാണുന്നില്ലെന്നുമുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ബോർഡ് സ്ഥലമേറ്റെടുക്കുമ്പോൾ അളന്ന് തിട്ടപ്പെടുത്തിയല്ലേ ഏറ്റെടുക്കുന്നതെന്നും സമിതി ആരാഞ്ഞതിന്, ചില സ്ഥലങ്ങളിൽ ഭൂമിയുടെ അളവിൽ വ്യത്യാസം കണ്ടെത്തിയിട്ടുണ്ടെന്നും ഇതിനൊരു പരിഹാരം എന്ന നിലയിൽ നിലവിൽ ജി.ഐ.എസ്. (ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം) മാപ്പിംഗ് ആരംഭിച്ചിട്ടുണ്ടെന്നും ഇതുവഴി ഹൗസിംഗ് ബോർഡിന്റെ വസ്തുവകകൾ പൂർണ്ണമായും മാപ്പ് ചെയ്യാനും പ്രോപ്പർ റെക്കോർഡ്സ് പരിപാലിക്കാനും സാധിക്കുമെന്നും തിരുവനന്തപുരം ജില്ലയിലെ ജി.ഐ.എസ്. മാപ്പിംഗ് പൂർത്തിയായിട്ടുണ്ടെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി വ്യക്തമാക്കി.

83. കയ്യേറ്റം കാരണമാണ് ഭൂമിയുടെ അളവിൽ കുറവ് വന്നതെങ്കിൽ അത് തിരിച്ചുപിടിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി, ബോർഡ് വിലയ്ക്ക് വാങ്ങിയ മരുതുംകുഴി കൊമേഴ്സ്യൽ ഏരിയയുടെ ഡോക്യുമെന്റ്സ് നഷ്ടമായിരിക്കുന്നു എന്നത് സംബന്ധിച്ചും തിലക് നഗർ കൊമേഴ്സ്യൽ ഏരിയയിലെയും പാറ്റൂർ ഷോപ്പിംഗ് ഏരിയയിലെയും കയ്യേറ്റം ഒഴിപ്പിച്ചോയെന്നത് സംബന്ധിച്ചും ആരാഞ്ഞു. ഇതു സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടുണ്ടെന്നും കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ശ്രമിക്കുന്നുണ്ടെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയപ്പോൾ ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ /ശിപാർശകൾ

84. ഭവനനിർമ്മാണ പദ്ധതികളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് റവന്യൂ-റിക്കവറി നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

85. ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങൾ എന്ന ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വിഷയങ്ങളിന്മേലും സമഗ്രമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കവടിയാർ ഹൈറ്റ്സ് പദ്ധതി - ഹഡ്കോ വായ്പ അനുവദിച്ചില്ല;

വിവിധ നടപടി ക്രമങ്ങൾക്ക് ചെലവഴിച്ച 1,76,950/- രൂപ നഷ്ടം

(ഓഡിറ്റ് റിപ്പോർട്ട് 2010 - 11 ഖണ്ഡിക 2-7)

തിരുവനന്തപുരത്ത് കവടിയാറിലെ പണ്ഡിറ്റ് കോളനിക്ക് സമീപം കെ.എസ്.എച്ച്. ബി.-ക്ക് സ്വന്തമായുള്ള 57 സെന്റിൽ 1413.79 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'പണ്ഡിറ്റ്സ് കോളനി (എക്സ്റ്റൻഷൻ) ഭവനനിർമ്മാണ പദ്ധതിക്ക് സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 38/2007/ഭവനം, തീയതി 26.11.2007 പ്രകാരം അനുമതി നൽകി. എന്നാൽ പ്രസ്തുത പദ്ധതിക്കുള്ള Term Loan-കൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതല്ലെന്നും മേൽപ്പറഞ്ഞ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത പദ്ധതിക്കായി ഹഡ്കോയിൽ നിന്നും 14.50 കോടി രൂപ വായ്പയെടുക്കുന്നതിന് 28-5-2010-ലെ യോഗത്തിൽ ബോർഡ്

തീരുമാനമെടുക്കുകയും അതിൻപ്രകാരം വായ്പക്കുള്ള അപേക്ഷ 10-6-2010-ൽ സമർപ്പിക്കുകയും ചെയ്തു. അപേക്ഷയോടൊപ്പം ഡോക്യുമെന്റേഷൻ ചാർജ്ജിനത്തിൽ 1.50 ലക്ഷം രൂപയും (വൗച്ചർ നമ്പർ 374, 10-6-2010), സർവ്വീസ് ചാർജ്ജിനത്തിൽ 15,450/- രൂപയും (വൗച്ചർ നമ്പർ 375, 10-6-2010) നൽകി. തുടർന്ന്, Valuation fee ഇനത്തിൽ 4000/- രൂപയും, Title verification ഇനത്തിൽ 7,500/- രൂപയും (വൗച്ചർ നമ്പർ 504, 13-7-2010) ഉൾപ്പെടെ ആകെ 1,76,950/- രൂപ ഹഡ്കോയ്ക്ക് ബോർഡ് നൽകുകയുണ്ടായി. എന്നാൽ വായ്പ ലഭ്യമാക്കുന്നതിന് ഹഡ്കോ സർക്കാർ അനുമതി ആവശ്യപ്പെട്ടു. അതിൻപ്രകാരം ബോർഡ് 15-6-2010-ൽ PF1/8910/2010-ാം നമ്പർ കത്തിലൂടെ സർക്കാർ അനുമതി ആവശ്യപ്പെട്ടുവെങ്കിലും വായ്പയെടുത്ത് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുന്നതിന് സർക്കാർ വിസമ്മതിച്ചു. തുടർന്ന് 28-8-2010-ൽ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ വെച്ച് കൂടിയ യോഗത്തിൽ ഹഡ്കോ വായ്പ ഒഴിവാക്കി പ്രസ്തുത പദ്ധതി പാരസ്പര്യം പദ്ധതി പ്രകാരം നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുക്കുകയും, 22-9-2010-ലെ 4329/എ 3/2010/ഭവനം നമ്പർ കത്ത് പ്രകാരം ഈ വിവരം ബോർഡിനെ അറിയിക്കുകയും ചെയ്തു.

കവടിയാർ ഹൈറ്റ്സ് പദ്ധതിക്കുള്ള Term Loan-ന് സർക്കാർ ഗ്യാരന്റി നൽകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടും, വായ്പക്കുള്ള അപേക്ഷ ഫീസ്, Valuation charge, മറ്റ് ചെലവുകൾ എന്നിവ തിരികെ കൊടുക്കുന്നതല്ല എന്ന ഹഡ്കോ നിബന്ധന ഉണ്ടായിട്ടും ഇവയൊന്നും പരിഗണിക്കാതെ പ്രസ്തുത വായ്പയ്ക്കായി വിവിധ ഘട്ടങ്ങളിൽ ബോർഡ് ഹഡ്കോയ്ക്ക് നൽകിയ 1,76,950 രൂപ ബോർഡിന് നഷ്ടമായിട്ടുണ്ട്. ആയതിനാൽ ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബോർഡ് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

എസ്. ശങ്കരൻ കുമാർ & സി. ഡി. ആന്റണി,

ചീഫ് അക്കൗണ്ട്സ് ഓഫീസർമാർ, ഭവനനിർമ്മാണ ബോർഡ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സർക്കാർ ഗ്യാരന്റിയില്ലാതെ ഹൗസിംഗ് ബോർഡിന്റെ പ്രോജക്ടുകൾക്ക് ഹഡ്കോയിൽ നിന്ന്

ധനസഹായം ലഭ്യമാക്കാമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പയ്ക്കായി ഹഡ്കോയെ സമീപിക്കുകയും ഇനിഷ്യൽ ഡോക്യുമെന്റ് പ്രോസസ്സിംഗ് ചാർജ്ജിനത്തിൽ 1,76,950/- രൂപ അടയ്ക്കുകയും ചെയ്തുവെന്നും പിന്നീട് ചില കാരണങ്ങളാൽ പ്രസ്തുത ലോണിന് സർക്കാർ അനുമതി ലഭ്യമായില്ലെന്നും അതിനാൽ ഗുണഭോക്താക്കളുടെ കയ്യിൽ നിന്ന് തുക വാങ്ങി ഫ്ലാറ്റ് പണിത് വിൽക്കുകയാണ് ചെയ്തതെന്നും 1,76,950/- രൂപ ചെലവഴിച്ചത് ബോർഡ് മീറ്റിംഗിൽ അംഗീകരിച്ചിട്ടുണ്ടെന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

87. അമ്പലമുക്കിലെ ഫ്ലാറ്റുകളുടെ വിൽപ്പന പൂർത്തിയായോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ എല്ലാം ബുക്ക് ചെയ്തിരിക്കുകയാണെന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി ബോധ്യപ്പെടുത്തി.

88. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ /ശിപാർശകൾ

89. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

കേരള സർവ്വകലാശാല

സാമ്പത്തിക പ്രതിസന്ധി രൂക്ഷം; പെൻഷൻ ഫണ്ട് രൂപീകരിച്ചില്ല

വിവിധയിനം ഫീസുകൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ധനസഹായം തുടങ്ങിയവയാണ് സർവ്വകലാശാലയുടെ പ്രധാന വരുമാനങ്ങൾ. ഫീസുകൾ പിരിച്ചെടുക്കുന്നതിലുള്ള അനാസ്ഥയും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താനാവാത്തതും സർവ്വകലാശാലയെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നു. ഓഡിറ്റ് നടന്ന 2008-2009 വർഷം സ്കീമുകളും ഫെല്ലോഷിപ്പുകളും നടപ്പാക്കുന്നതിനായി 11,19,44,201/-രൂപ വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ചതിൽ 1,02,69,545/-രൂപയുടെ ചെലവുരേഖകൾ മാത്രമേ ഓഡിറ്റിനു സമർപ്പിച്ചിട്ടുള്ളൂ. സാമ്പത്തിക ഇടപാടുകളുടെ സുതാര്യത ഉറപ്പാക്കുന്നതിനായി 15-1-1998-ൽ സിൻഡിക്കേറ്റ് അംഗീകാരം നൽകിയ കരട് അക്കൗണ്ടിംഗ് ചട്ടങ്ങൾ നടപ്പാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 2008-2009 വർഷത്തെ ആകെ ചെലവിന്റെ 18.6% പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത

ഇനത്തിൽ ഭീമമായ തുക ഓരോ വർഷവും ചെലവ് വന്നിട്ടും പെൻഷൻ ഫണ്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സർവ്വകലാശാല ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഇടപാടുകൾ ട്രഷറി അക്കൗണ്ടുകൾ വഴി നടത്താത്തതും, പി.എഫ്. ചട്ടങ്ങൾ പാലിക്കാത്തതും 2008-2009 വർഷം മാത്രം 2,33,41,645/-രൂപയുടെ നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ വകുപ്പുകളും സ്ഥാപനങ്ങളും കാഷ്ബുക്ക് മുതലായ അടിസ്ഥാന രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ അനാസ്ഥ കാണിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കേരള സർവ്വകലാശാലയിൽ 2016-17 സാമ്പത്തിക വർഷം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും 2022 സെപ്റ്റംബർ മാസം വരെയുള്ള കണക്കനുസരിച്ച് പെൻഷൻ ഫണ്ടിൽ 656 കോടി രൂപ കരുതൽ ധനമായി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും തനത് വരുമാനവും നോൺ പ്ലാൻ ഫണ്ടിൽ അധികം വരുന്ന തുകയും സാധ്യമാകുന്ന എല്ലാ റിസോഴ്സസും 2017 മുതൽ സ്വരൂപിച്ചാണ് ട്രഷറി അക്കൗണ്ടിൽ കരുതൽ ധനമായി നിക്ഷേപിച്ചിരിക്കുന്നതെന്നും പ്രതിമാസ ഗഡുക്കളായിട്ടല്ല, പകരം ലംപ്സമായാണ് തുക നിക്ഷേപിക്കുന്നതെന്നും പെൻഷൻ ഫണ്ടിലേയ്ക്ക് പ്രതിമാസം തുക നീക്കിവയ്ക്കണമെന്ന ഉത്തരവ് സർക്കാർ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

91. പെൻഷൻ ഇനത്തിൽ നിലവിലെ ബാധ്യത എത്രയാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് കഴിഞ്ഞ വർഷം നോൺ പ്ലാൻ ഫണ്ടിൽ നിന്ന് 113.10 കോടി രൂപയാണ് സർവ്വകലാശാല പെൻഷൻ ഇനത്തിൽ നൽകിയതെന്നും 2023-24 സാമ്പത്തിക വർഷം ഏകദേശം 130 കോടി രൂപയാണ് പ്രതീക്ഷിക്കുന്നതെന്നും കരുതൽ ധനമായുള്ള 656 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ പലിശയിനത്തിൽ പ്രതിമാസം അഞ്ച് കോടി രൂപ വീതം, വർഷം 60 കോടി രൂപ കൂടി ലഭിക്കുമെന്നും നിലവിലുള്ള കരുതൽ ധനം പെൻഷൻ കൊടുത്ത് തീർക്കുന്നതിന് പര്യാപ്തമാകില്ലെന്നും കേരളത്തിലെ ഏറ്റവും പഴക്കമുള്ളതും ഏറ്റവും വലിയതുമായ സർവ്വകലാശാലയെന്ന നിലയിൽ പെൻഷനേഴ്സിന്റെ എണ്ണം വളരെ കൂടുതലാണെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

92. സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടിൽ നിന്നാണ് സർവ്വകലാശാല കരുതൽ ധനം സമാഹരിക്കുന്നതെന്നും പെൻഷൻ ഫണ്ട് സ്വന്തം നിലയിൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടെങ്കിൽ നന്നായിരുന്നുവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന്, പെൻഷൻ ഫണ്ട് സർവ്വകലാശാലയ്ക്ക് സ്വന്തം നിലയിൽ പൂർണ്ണമായും കണ്ടെത്താൻ സാധ്യമല്ലെന്നും വളരെയേറെ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന, രാജ്യത്തു തന്നെ ഏറ്റവും കുറഞ്ഞ ചെലവിൽ പഠനം നടത്താൻ കഴിയുന്ന സർവ്വകലാശാലകളിലൊന്നാണ് കേരള സർവ്വകലാശാല എന്നതിനാൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള സഹായമുണ്ടെങ്കിൽ മാത്രമേ സർവ്വകലാശാലയ്ക്ക് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂവെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

93. ജീവനക്കാരുടെ പി.എഫ്. തുക കൊടുത്തു തീർക്കാൻ സർവ്വകലാശാലയ്ക്ക് പ്രാപ്തിയുണ്ടോയെന്നും പി.എഫ്. വിഹിതം നൽകുന്നതിന് എത്ര കോടി രൂപ വേണ്ടിവരുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് നൂറ് കോടിയോളം രൂപയാണ് പി.എഫ്. ബാധ്യതയായി കണക്കാക്കിയിരിക്കുന്നതെന്നും ഇത്രയും തുക ഇപ്പോൾ ട്രഷറിയിലുണ്ടെന്നും ജീവനക്കാരുടെ വിഹിതം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതിൽ നിന്നുമാണ് പി.എഫ്. തുക നൽകുന്നതെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

94. ഓഡിറ്റ് നടന്ന വർഷം പി.എഫ്. വിഹിതം ഡെപ്പോസിറ്റ് ചെയ്തിരുന്നത് ട്രഷറിയിൽ അല്ലാതിരുന്നതുകൊണ്ട് രണ്ട് കോടിയിലധികം രൂപ ബാധ്യതയുണ്ടെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയതിന് ഓഡിറ്റ് പരാമർശം വന്നപ്പോൾത്തന്നെ പ്രസ്തുത തുക ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും പ്രസ്തുത ബാധ്യതയുൾപ്പെടെ ഏകദേശം നൂറ് കോടി രൂപയാണ് നിലവിലുള്ള ബാധ്യതയായി കണക്കാക്കിയിരിക്കുന്നതെന്നും അത്രയും തുകയുടെ ഫണ്ട് നിലവിലുള്ളതുകൊണ്ട് പി.എഫ്.-ന്റെ കാര്യത്തിൽ പ്രതിസന്ധിയില്ലെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

95. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

96. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കോഴിക്കോട് സർവ്വകലാശാല

ആന്തരിക നിയന്ത്രണ സംവിധാനം പരാജയം

കേരളത്തിലെ വടക്കൻ ജില്ലകളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് 1968 ജൂലൈ 23-ന് രൂപം കൊണ്ട കോഴിക്കോട് സർവ്വകലാശാല കേരള സർക്കാരിന്റെ 5/68-ാം ഓർഡിനൻസിലൂടെയാണ് നിലവിൽ വന്നത്. 4 പഠന വിഭാഗങ്ങളുമായി പ്രവർത്തനമാരംഭിച്ച കോഴിക്കോട് സർവ്വകലാശാല 34 പഠന വിഭാഗങ്ങളും 5 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 272 അഫിലിയേറ്റഡ് കോളേജുകളുമായി മലബാറിലെ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. ഏകദേശം 2 ലക്ഷം വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് മാർഗ്ഗദർശനം നൽകുന്ന ഈ സ്ഥാപനം ആധുനിക സമൂഹത്തിനാവശ്യമായ ഫാക്കൽറ്റികൾകൊണ്ട് സമ്പന്നമാണ്.

കോഴിക്കോട് സർവ്വകലാശാലയുടെ ധനപരമായ കാര്യങ്ങളുടെ നിർവ്വഹണവും നിയന്ത്രണവും നടത്തുന്നതിന് ഫൈനാൻസ് ഓഫീസറുടെ കീഴിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ ധനപരമായ ഇടപാടുകൾ പരിശോധിക്കുന്നതിനും തെറ്റുകൾ ചൂണ്ടിക്കാട്ടി ഫലപ്രദമായ തിരുത്തൽ നടപടികൾ ശിപാർശ ചെയ്യുന്നതിനും ഇന്റേണൽ ഓഡിറ്റ് സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. ധനപരമായ എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ടെങ്കിലും, വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം 2008-2009 വർഷത്തെ കണക്കുകൾ 31-7-2009-ന് മുമ്പായി ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കണക്കുകൾ 5-5-2010-ൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ജീവനക്കാർക്ക് അനർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും അക്കൗണ്ടന്റ് ജനറലും ഉന്നയിക്കുന്ന പരാമർശങ്ങൾ കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം മറികടക്കുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 21-11-2003-ലെ 36685/ബി3/2003/ഹയർ എഡ്യൂക്കേഷൻ നമ്പർ ഡി.ഒ. ലെറ്റർ പ്രകാരം ഈ പ്രവണത ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സിൻഡിക്കേറ്റ് ഇത് അവഗണിക്കുകയാണുണ്ടായത്. അതിനുശേഷം സർക്കുലർ നമ്പർ 35043/ബി1/08/ഹയർ എഡ്യൂക്കേഷൻ തീയതി 10-2-2009 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരാമർശങ്ങൾ ഒഴിവാക്കികൊടുക്കരുതെന്ന് വീണ്ടും നിർദ്ദേശിച്ചെങ്കിലും സർവ്വകലാശാല ഈ പ്രവണത തുടരുകയാണ് ചെയ്യുന്നത്.

സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ ജീവനക്കാർക്ക് പുതിയ അലവൻസുകളോ, അധിക വേതനമോ നൽകാൻ പാടില്ല എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 12-6-2006-ലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ.(പി)നമ്പർ 62/06 പ്രകാരം 2004-ലെ സർക്കാരിന്റെ ശമ്പളപരിഷ്കരണ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പാക്കാൻ അനുമതി നൽകിയിരുന്നു. പഞ്ചായത്ത് പ്രദേശത്ത് സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്കും, കോർപ്പറേഷൻ പ്രദേശത്ത്

ബാധകമായ വീട്ടുവാടകബത്ത അനുവദിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധികം അനുവദിച്ച തുക തിരികെ ഈടാക്കാൻ ജി.ഒ.(പി)നമ്പർ 3/08/ഉന്നതവിദ്യാഭ്യാസം 5-1-2008 പ്രകാരം നിർദ്ദേശമുണ്ടായിട്ടുണ്ട്. തേഞ്ഞിപ്പാലം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് സർവ്വകലാശാല സർക്കാരിന്റെ ഈ നിർദ്ദേശം അവഗണിക്കുകയും ജീവനക്കാർക്ക് കോർപ്പറേഷൻ പരിധിയിൽ അനുവദിക്കുന്ന വീട്ടുവാടകബത്ത നൽകുകയും ചെയ്തുവഴി 2008-2009 വർഷം 67,31,702/-രൂപ യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

കേരള സർക്കാർ പുറത്തിറക്കിയ ഓർഡിനൻസ് പ്രകാരം സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ യോഗ്യത എസ്.എസ്.എൽ.സി.-ക്ക് വിജയം ആണ്. എന്നാൽ എസ്.എസ്.എൽ.സി.-ക്ക് പകരമായി സർവ്വകലാശാല സ്വന്തം നിലയിൽ യോഗ്യത പരീക്ഷ നടത്തുകയും യോഗ്യതയില്ലാത്ത ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ക്ലറിക്കൽ അസിസ്റ്റന്റുമാരായി നിയമിക്കുകയും സമയബന്ധിത ഹയർഗ്രേഡ് നൽകി അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ ശമ്പള സ്കെയിൽ അനുവദിക്കുകയും ചെയ്തു. ഈ നടപടി ക്രമത്തിലല്ല എന്ന് ഓഡിറ്റ് അറിയിക്കുകയും 25-7-2005-ലെ നമ്പർ 20700/ബി1/05/ഹയർ എഡ്യൂക്കേഷൻ നമ്പർ കത്തിലൂടെ ന്യൂനത പരിഹരിക്കുവാൻ സർക്കാർ നിർദ്ദേശം ഉണ്ടാകുകയും ചെയ്തെങ്കിലും സർവ്വകലാശാലയുടെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല. ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സിൻഡിക്കേറ്റ് തീരുമാനങ്ങളിലൂടെ മറികടക്കുകയാണ് സർവ്വകലാശാല ചെയ്തത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ആന്തരിക നിയന്ത്രണ സംവിധാനം നിലവിൽ കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും ഒരു ഷെഡ്യൂൾ തയ്യാറാക്കി പഠന/പഠനേതര വകുപ്പുകളിലെല്ലാം അതാത് വർഷങ്ങളിൽ ഓഡിറ്റ് ചെയ്ത് വരുന്നുണ്ടെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

98. വാർഷിക കണക്കുകൾ തയ്യാറാക്കുന്നത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഉണ്ടെന്നും Tally software ഉപയോഗിച്ചാണ് കണക്കുകൾ തയ്യാറാക്കുന്നതെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

99. അക്കൗണ്ടിംഗ് എന്ന നിലയിൽ മാത്രമേ Tally software പ്രയോജനപ്പെടുകയുള്ളൂ വെന്നും യൂണിവേഴ്സിറ്റിക്കുവേണ്ട ഫിനാൻഷ്യൽ ഇൻഫർമേഷൻസ് Tally-യിൽ നിന്ന് ലഭിക്കില്ലെന്നും ഇതിനായി ഒരു സെൻട്രലൈസ്ഡ് സിസ്റ്റം ആവശ്യമാണെന്നും അക്കൗണ്ടിംഗ് ഫോർമാറ്റിന്റെ കാര്യത്തിൽ റൂളിന്റെ അപാകതയുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

100. എൻ.ഐ.സി.-യാണ് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയതെന്നും ഡബിൾ എൻട്രി സിസ്റ്റം വഴിയാണ് അക്കൗണ്ടിംഗ് നടത്തുന്നതെന്നും ചില അപാകതകളുണ്ടെങ്കിലും പ്രസ്തുത സോഫ്റ്റ്‌വെയർ കേരള സർവ്വകലാശാലയിൽ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

101. കോഴിക്കോട് സർവ്വകലാശാലയിൽ ജീവനക്കാർക്ക് അനർഹമായ ആനുകൂല്യം നൽകിയതായുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കോർപ്പറേഷൻ പരിധിയിൽ നൽകുന്ന അതേ വീട്ടുവാടക ബത്ത തേഞ്ഞിപ്പാലം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാലയിലെ ജീവനക്കാർക്ക് നൽകിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും 2011-ന് ശേഷം അതേ നിരക്കിൽ നൽകിയിട്ടില്ലെന്നും അതുവരെയുള്ളത് സർക്കാർ സാധൂകരിച്ചിട്ടുണ്ടെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

102. കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും പൊതുവായിട്ടുള്ള അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

103. കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും പൊതുവായിട്ടുള്ള അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർവ്വകലാശാലകളിലെ ആസ്തി സംരക്ഷണം

<u>അവലോകന റിപ്പോർട്ട്</u>

കേരള സർവ്വകലാശാല

ശരിയാംവിധം പരിപാലിക്കുന്നില്ല - ആസ്തികൾ നശിക്കുന്നു

1. <u>ഉപേക്ഷിക്കപ്പെട്ട 'ഗാമഷൈൻ' യൂണിറ്റ്</u>

1973-ൽ 'ബാർക്ക്' സ്ഥാപിച്ച ഒരു 'ഗാമഷൈൻ' യൂണിറ്റ് സർവ്വകലാശാലയുടെ സസ്യശാസ്ത്രവകുപ്പിനു കീഴിലുണ്ട്. റേഡിയേഷൻ വഴി മ്യൂട്ടേഷൻ ബ്രീഡിങ് നടത്തി ഉയർന്നവിളവു നൽകുന്നയിനം ചെടികൾ വികസിപ്പിച്ചെടുക്കുകയായിരുന്നു യൂണിറ്റിന്റെ ലക്ഷ്യം. 1995 വരെ യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഇതിന്റെ പ്രവർത്തനത്തിന് റേഡിയേഷൻ സേഫ്റ്റി ഓഫീസറുടെ സേവനം കൂടിയേ തീരൂ. എന്നാൽ, 1995-നു ശേഷം മേൽ തസ്തികയിൽ നിയമനം നടക്കാത്തതിനാൽ 'ഗാമഷൈൻ' യൂണിറ്റ് ഉപേക്ഷിക്കപ്പെട്ട് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

2. <u>കാര്യവട്ടം ക്യാമ്പസിലെ ഉപയോഗമില്ലാത്ത കെട്ടിടം</u>

കാര്യവട്ടം ക്യാമ്പസിൽ സർവ്വകലാശാല സഹകരണസംഘത്തിന് സമീപം 107.03 ച.മീ. വിസ്തൃതിയുള്ള കോൺക്രീറ്റ് കെട്ടിടം ഉപയോഗിക്കാതെയും, കൃത്യമായി പരിപാലിക്കാതെയും നശിച്ചു കൊണ്ടിരിക്കുന്നു.

3. <u>ആക്കുളത്തുള്ള കെട്ടിടം സംരക്ഷിക്കുന്നില്ല</u>

കേരള സർവ്വകലാശാലയുടെ ആക്കുളത്തുള്ള സ്ഥലവും, കെട്ടിടവും നിലവിൽ ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഈ കെട്ടിടത്തിൽ അക്വേറിയം സ്ഥാപിക്കുവാൻ പദ്ധതിയുണ്ടായിരുന്നെങ്കിലും നടപ്പായില്ല. പ്രസ്തുത കെട്ടിടവും, പരിസരവും സംരക്ഷിക്കാനുള്ള യാതൊരു നടപടികളും സർവ്വകലാശാല കൈക്കൊള്ളുന്നില്ല.

4. <u>തകർന്നുകൊണ്ടിരിക്കുന്ന അഡൾട്ട് ആന്റ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കെട്ടിടം</u>

തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലുള്ള അഡൾട്ട് ആന്റ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെന്റർ 195 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടമാണ്. യഥാസമയം പുതുക്കിപ്പണിയാത്തതിനാൽ ഈ കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപേക്ഷിക്കപ്പെട്ട ഗാമഷൈൻ യൂണിറ്റ് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

105. കാര്യവട്ടം ക്യാമ്പസിലെ ഉപയോഗമില്ലാത്ത കെട്ടിടം കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗയോഗ്യമാക്കുകയാണെങ്കിൽ സർവ്വകലാശാലയ്ക്ക്

ഭീമമായ തുക ബാധ്യതയുണ്ടാകുമെന്ന് യൂണിവേഴ്സിറ്റി എഞ്ചിനീയർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണെന്നും കിഫ്ബി പദ്ധതി വഴി സർവ്വകലാശാലയ്ക്ക് അനുവദിച്ച 150 കോടി രൂപയിൽ നിന്നും ഹോസ്റ്റലുകൾക്കുള്ള കെട്ടിടം പണിയുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെന്നും ഹോസ്റ്റലുകൾ പണിയുമ്പോൾ അതിന്റെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റേണ്ടതായി വരുമെന്നുമുള്ള കേരള സർവ്വകലാശാല രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

106. 2004-ലാണ് ജില്ലാ പഞ്ചായത്ത് ആക്കുളത്തുള്ള സ്ഥലവും കെട്ടിടവും മറൈൻ മ്യൂസിയം തുടങ്ങുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത സ്ഥലത്ത് 2012-13 കാലഘട്ടത്തിൽ മറൈൻ മ്യൂസിയം തുടങ്ങുന്നതിനുള്ള പ്രവർത്തനം ആരംഭിച്ച സമയത്ത് ഒരു സ്വകാര്യ വ്യക്തി ഉടമസ്ഥാവകാശത്തർക്കം ഉന്നയിച്ചതിനാൽ അതിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടതിനുശേഷം മാത്രമേ തുടർപ്രവർത്തനം നടത്താൻ കഴിയുകയുള്ളൂവെന്ന സ്ഥിതിയുണ്ടായെന്നും ഇതു സംബന്ധിച്ച് നിരവധി പരാതികൾ വരികയും 7-12-2021-ൽ ഭൂരേഖാ തഹസിൽദാർ അത് സർക്കാർ വക പുറമ്പോക്ക് ഭൂമിയായി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരേക്കർ ഇരുപത് സെന്റ് സ്ഥലം സർവ്വകലാശാലയ്ക്ക് വിട്ടുനൽകി തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് പറഞ്ഞ് കത്ത് നൽകിയിട്ടുണ്ടെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

107. മറൈൻ മ്യൂസിയത്തിനുവേണ്ടി സർവ്വകലാശാല കെട്ടിടം പണിതിരുന്നോയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് ഇല്ലെന്നും ഫിഷറീസ് വകുപ്പ് നേരത്തെ ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു താൽക്കാലിക കെട്ടിടം മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂവെന്നും വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി കാര്യവട്ടം ക്യാമ്പസിൽ സർവ്വകലാശാല ഒരു മറൈൻ മ്യൂസിയം നിർമ്മിച്ചിട്ടുണ്ടെന്നും എങ്കിലും ഈ സ്ഥലം ലഭ്യമാകുകയാണെങ്കിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ടും ബയോളജി, ബോട്ടണി, സുവോളജി തുടങ്ങിയ ജൈവ വിഷയങ്ങളെ സംബന്ധിച്ചുമുള്ള പുതിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്ക് താല്പര്യമുണ്ടെന്നും പ്രസ്തുത സ്ഥലം സർവ്വകലാശാലയ്ക്ക് അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സമീപകാലത്ത് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും അതിന്റെ നടപടികൾ പുരോഗമിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞതെന്നുമുള്ള കേരള സർവ്വകലാശാല രജിസ്ട്രാറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

108. സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി തകർന്നുകൊണ്ടിരിക്കുന്ന അഡൾട്ട് ആന്റ് കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ കെട്ടിടം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

109. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപേക്ഷിക്കപ്പെട്ട ഗാമഷൈൻ യൂണിറ്റ്, കാര്യവട്ടം ക്യാമ്പസിലെ ഉപയോഗമില്ലാത്ത കെട്ടിടം, ആക്കുളത്തുള്ള കെട്ടിടം സംരക്ഷിക്കുന്നില്ല, തകർന്നു കൊണ്ടിരിക്കുന്ന അഡൾട്ട് ആന്റ് കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ കെട്ടിടം എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ശ്രീശങ്കര സംസ്കൃത സർവ്വകലാശാല

പ്രാദേശിക കേന്ദ്രങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല

സർവ്വകലാശാല കാമ്പസിൽ ഭൂമി മതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ പരിപാലനം തൃപ്തികരമല്ല. കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭാഗങ്ങൾ ഒഴിച്ചുള്ളവ കാട്ടുപിടിച്ചു കിടക്കുന്നു. സംസ്കൃത സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന കാലടി മെയിൻ സെന്ററിലെ താമരക്കുളവും, പരിസരങ്ങളും കാടുപിടിച്ച് വൃത്തിഹീനമായ അവസ്ഥയിലാണ്. ഫുട്ബോൾ മൈതാനം കന്നുകാലികളുടെ മേച്ചിൽപ്പുറമായി മാറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ വസ്തുവകകൾ ചുറ്റുമതിൽകെട്ടി സംരക്ഷിക്കാത്തത് കയ്യേറ്റങ്ങൾക്ക് ഇടയാക്കുന്നുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

1. <u>കൊയിലാണ്ടി പ്രാദേശിക കേന്ദ്രം</u>

പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനായി കൊയിലാണ്ടി മുനിസിപ്പാലിറ്റി പരിധിയിൽ 13.62 ഏക്കർ സ്ഥലവും, കീഴരിയൂർ വില്ലേജിൽ മൂന്ന് ഏക്കർ സ്ഥലവും സർവ്വകലാശാല വാങ്ങിയിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്ഥലത്തിന് ചുറ്റുമതിൽ കെട്ടിയിട്ടില്ല. നിലവിൽ ഈ സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. ഇവിടെ, നാളിതുവരെയായി നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. 2005-06-ൽ 40.86 ലക്ഷം രൂപ മുടക്കി നടത്തിയ ഈ ആസ്തി സമ്പാദനം ഇതുവരെ പ്രയോജനകരമായി മാറിയിട്ടില്ല. കീഴരിയൂർ വില്ലേജിലെ സ്ഥലവും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

2. <u>തിരൂർ പ്രാദേശിക കേന്ദ്രം</u>

തിരുനാവായ നാവാമുകുന്ദ ഹയർസെക്കന്ററി സ്കൂളിനോട് ചേർന്ന് 3 ഏക്കർ ഭൂമിയാണ് തിരൂർ പ്രാദേശിക കേന്ദ്രത്തിനായി സർവ്വകലാശാലയ്ക്കുള്ളത്. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, സ്ഥലത്തിന്റെ ഒരു ഭാഗം പൊതുവഴിയായി മാറിയിട്ടുണ്ട്.

3. പന്മന പ്രാദേശിക കേന്ദ്രം

പന്മന ഗ്രാമപഞ്ചായത്തിൽ 1.65 ഏക്കർ സ്ഥലമാണ് സംസ്കൃത സർവ്വകലാശാലക്കുള്ളത്. ഇതിനെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ, മേലാദായങ്ങൾ നഷ്ടപ്പെടുന്നു. സ്ഥലത്ത് നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

4. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം

ഏറ്റുമാനൂർ വില്ലേജിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാല കേന്ദ്രത്തിന് സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ടുകളുണ്ട്. സർവ്വകലാശാലയുടെ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന് പേരൂർ വില്ലേജിൽ 16 ആർ 60 സ്ക്വയർ മീറ്റർ സ്ഥലമുണ്ട്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ ഈ സ്ഥലം കടുത്ത കയ്യേറ്റ ഭീഷണിയിലാണ്. ഇവിടെ സ്ഥലം കയ്യേറി ചുറ്റുപാടുമുള്ള വീടുകളിലേക്ക് വഴി നിർമ്മിച്ചിട്ടുണ്ട്. അടിയന്തിരമായി ചുറ്റുമതിൽ നിർമ്മിക്കാത്തപക്ഷം സ്ഥലം അന്യാധീനപ്പെട്ട് പോകാനിടയുണ്ട്.

5. തിരുവനന്തപുരം പ്രാദേശിക കേന്ദ്രം

ആറ്റുകാൽ ദേവീക്ഷേത്രത്തിന് സമീപം പ്രാദേശിക കേന്ദ്രത്തിനായി 54 സെന്റ് സ്ഥലമാണ് സർവ്വകലാശാലയ്ക്കുള്ളത്. സ്ഥലത്തിന് ചുറ്റുവേലിയുണ്ടെങ്കിലും സ്വകാര്യ വ്യക്തി കയ്യേറ്റശ്രമം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രാദേശിക കേന്ദ്രം സ്ഥിതി ചെയ്യുന്നത് സംസ്ഥാന സർക്കാർ വഞ്ചിയൂർ ഗവ. ഗേൾസ് ഹൈസ്കൂൾ വക വസ്തുവിൽ നിന്നും 6-6-1994 -ൽ അനുവദിച്ച 50 സെന്റ് സ്ഥലത്താണ്. എന്നാൽ സർവ്വകലാശാലയുടെ ആസ്തി സംബന്ധിച്ചുള്ള രേഖകളിൽ ഈ സ്ഥലത്തിന്റെ കാര്യം പരാമർശിക്കുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

6. ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ല

ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള, ഉപയോഗശൂന്യമായ വാഹനങ്ങൾ യഥാസമയം ലേലം ചെയ്യുന്നില്ല. കെ.എൽ.07.എ.ഡബ്ല്യൂ.1424, കെ.എൽ.07.എ.കെ.5897 നമ്പറുകളിലുള്ള രണ്ട് അംബാസിഡർ കാറുകൾ സർവ്വകലാശാല ആസ്ഥാനത്ത് സൂക്ഷിച്ചിരിക്കുകയാണ്. കാലാഹരണപ്പെട്ട് ഉപയോഗശൂന്യമായ ഈ വാഹനങ്ങൾ ലേലം ചെയ്ത് സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

110. സർവ്വകലാശാല ക്യാമ്പസിലെ സ്ഥലം സ്ഥിരമായി കാട്ടുവെട്ടി സംരക്ഷിക്കുന്നതിന് പുല്ലുവെട്ടുന്ന രണ്ട് മെഷീനുകൾ വാങ്ങുകയും രണ്ട് ലേബർ കോൺട്രാക്ടേഴ്സിനെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും താമരക്കുളവും ഫുട്ബോൾ മൈതാനവും നവീകരിച്ചിട്ടുണ്ടെന്നും ഫിസിക്കൽ എഡ്യുക്കേഷനുള്ള ഗ്രൗണ്ട് മണ്ണിട്ട് നികത്തി ഫിസിക്കൽ പി.ജി. തലം വരെയുള്ള കുട്ടികൾ ഉപയോഗിക്കുന്നുണ്ടെന്നും അവിടുത്തെ കളിസ്ഥലം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുതല മത്സരങ്ങൾക്കും സബ്ജില്ലാ കായിക മത്സരങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും സർവ്വകലാശാലയ്ക്ക് അഞ്ച് പ്രാദേശിക കേന്ദ്രങ്ങളാണുള്ളതെന്നും അവയെ സംബന്ധിച്ച നിലവിലെ സ്ഥിതിയും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

111. കൊയിലാണ്ടിയിലെ കീഴരിയൂർ വില്ലേജിലെ 3 ഏക്കർ സ്ഥലത്തുള്ള സർവ്വകലാശാലയുടെ അക്കാദമിക് ബ്ലോക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ കീഴിൽ 13.62 ഏക്കർ സ്ഥലത്ത് ഗവൺമെന്റ് ഒരു ബൃഹത് പദ്ധതിയ്ക്ക് അനുമതി നൽകിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് പദ്ധതി നടപ്പാക്കിയില്ലെന്നും അവിടെ ചുറ്റുമതിൽ കെട്ടുന്നതിനായി എട്ട് ലക്ഷം രൂപ സിൻഡിക്കേറ്റ് അനുവദിച്ചിട്ടുണ്ടെന്നും ജോലി ആരംഭിച്ചിട്ടില്ലെന്നും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

112. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

113. തിരൂർ നാവാമുകുന്ദ ഹയർസെക്കണ്ടറി സ്കൂളിന്റെ കാമ്പസിനോട് ചേർന്ന് മൂന്ന് ഏക്കർ സ്ഥലമാണ് തിരൂർ പ്രാദേശിക കേന്ദ്രത്തിനായി സർവ്വകലാശാലയ്ക്കുള്ളതെന്നും പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡില്ലാതിരുന്നതിനാൽ പ്ലാൻ ഫണ്ടുപയോഗിച്ച് കുറ്റിപ്പുറം റോഡിൽ നിന്നും അങ്ങോട്ട് പുതിയ റോഡ് നിർമ്മിച്ചുവെന്നും കഴിഞ്ഞ വർക്കിംഗ് ഗ്രൂപ്പിൽ ഗേറ്റും ചുറ്റുമതിലും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്ലാൻ ഫണ്ട് റിലീസ് ചെയ്ത് കിട്ടാത്തതിനാലാണ് വർക്ക് ആരംഭിക്കാൻ കഴിയാത്തതെന്നും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

114. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

115. പന്മന പ്രാദേശിക കേന്ദ്രം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

116. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ നിലവിലുള്ള സ്ഥലത്ത് ഒരു അക്കാദമിക് ബ്ലോക്ക് പണിത് സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിച്ചിട്ടുണ്ടെന്നും സർവ്വകലാശാലയുടെ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന് പേരൂർ വില്ലേജിലുള്ള സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും ഇവിടെ സ്പാ തെറാപ്പിക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിന് വർക്കിംഗ് ഗ്രൂപ്പിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണെന്നുമുള്ള ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

117. സർവ്വകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിനായി ആറ്റുകാൽ ദേവീക്ഷേത്രത്തിന് സമീപമുള്ള 54 സെന്റ് സ്ഥലത്തിന്റെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസുണ്ടായിരുന്നതിനാൽ സ്ഥിരമായ മതിൽ പണിയാൻ സാധിച്ചില്ലെന്നും നിലവിൽ പ്രസ്തുത സ്ഥലം മുള്ളുവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും കേസിന്റെ വിധി വന്നെങ്കിലും ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ മേൽക്കോടതിയിൽ അപ്പീൽ പോയിരിക്കുകയാണെന്നും കേസ് കോടതിയുടെ പരിഗണനയിലാണെന്നും ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

118. സർവ്വകലാശാലയുടെ വഞ്ചിയൂർ പ്രാദേശിക കേന്ദ്രം സ്ഥിതി ചെയ്യുന്ന വഞ്ചിയൂർ ഗവ.ഗേൾസ് ഹൈസ്കൂൾ വക വസ്തുവിൽ നിന്നും അനുവദിച്ച 50 സെന്റ് സ്ഥലം സർവ്വകലാശാലയുടെ ആസ്തിയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന വിഷയവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ ഇത് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി. ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായ ശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിശോധിക്കാമെന്ന് സമിതി തീരുമാനിച്ചു.

119. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ രണ്ട് അംബാസിഡർ കാറുകൾ ലേലം ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

120. കൊയിലാണ്ടി പ്രാദേശിക കേന്ദ്രം, തിരൂർ പ്രാദേശിക കേന്ദ്രം എന്നിവിടങ്ങളിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല എന്ന പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

121. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പന്മന പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

122. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

123. തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിനായി ആറ്റുകാൽ ദേവീക്ഷേത്രത്തിൽ സമീപമുള്ള 54 സെന്റ് സ്ഥലവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ, വിധി വന്നതിന് ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

124. വഞ്ചിയൂർ പ്രാദേശിക കേന്ദ്രം സംബന്ധിച്ച വഞ്ചിയൂർ ഗവ.ഹൈസ്കൂൾ വക വസ്തുവിൽ നിന്ന് അനുവദിച്ച 50 സെന്റ് സ്ഥലം സർവ്വകലാശാലയുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

125. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

എം.ജി. സർവ്വകലാശാല

ഭൂവിവര രജിസ്റ്റർ അപൂർണ്ണം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലെ ഭൂമിയുടെ വിവരങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകളുള്ള ഭൂവിവര രജിസ്റ്റർ അപൂർണ്ണവും, അധികാരികൾ സാക്ഷ്യപ്പെടുത്താത്തതുമാണ്. സർവ്വകലാശാലയുടെ ചില പ്രധാന വസ്തുവകകളുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉന്നതാധികാരികൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ മേൽ രേഖപ്പെടുത്തലുകൾ ആധികാരികവുമല്ല. ഇത്തരത്തിലുള്ള വസ്തുവകകൾ ഇനിപ്പറയുന്നവയാണ്.

1. സർവ്വകലാശാല ആസ്ഥാനം സ്ഥിതിചെയ്യുന്ന അതിരമ്പുഴ വില്ലേജിലെ 103 ഏക്കർ 28 സെന്റ് സ്ഥലം

2. സ്കൂൾ ഓഫ് ലീഗൽ തോട്ട്സ് പ്രവർത്തിക്കുന്ന നട്ടാശ്ശേരിയിലെ 2 ഏക്കർ 38.4 സെന്റ് സ്ഥലം

3. പുല്ലരിക്കുന്നിലെ ഐ.ഐ.ആർ.ഡി.എസ്.-ന്റെ 4 ഏക്കർ 61.8 സെന്റ് സ്ഥലം

4. കോളേജ് ഓഫ് ഫാർമസിക്കായി ചെറുവണ്ടൂരിൽ വാങ്ങിയ 4 ഏക്കർ 28 സെന്റ് സ്ഥലം

5. മുട്ടം കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ 25 ഏക്കർ സ്ഥലം

6. ആർ.ഐ.എം.എസ്.ആർ. പുതുപ്പള്ളി സ്ഥിതിചെയ്യുന്ന 15 ഏക്കർ 12 സെന്റ് സ്ഥലം

7. നെടുങ്കണ്ടത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷന്റെ 4 ഏക്കർ ഭൂമി

8. തോട്ടക്കാട് യു.സി.റ്റി.ഇ.-യുടെ 68.5 സെന്റ് സ്ഥലം

ഇതിനു പുറമേ, സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ചില വസ്തുവകകളുടെ ശരിയായ വിവരങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയുമുണ്ട്. രജിസ്റ്ററിൽ, മേൽ വസ്തുവകകൾ സ്വന്തം സ്ഥലമാണോ, പാട്ടവ്യവസ്ഥയിൽ ഉള്ളതാണോ എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ മേൽ വസ്തുവകകളുടെ നിജസ്ഥിതി അധികൃതർക്ക് പോലും വ്യക്തമല്ല. ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

i. തൊടുപുഴ യു.സി.റ്റി.ഇ. സ്ഥിതി ചെയ്യുന്ന 1 ഹെക്ടർ, 32 ആർ, 33 ച.മീ. സ്ഥലം

ii. പായിപ്പാട് യു.സി.റ്റി.ഇ. സ്ഥിതി ചെയ്യുന്ന 65 സെന്റ് സ്ഥലം

iii. കുടമാളൂർ യു.സി.റ്റി.ഇ. സ്ഥിതി ചെയ്യുന്ന 10 സെന്റ് സ്ഥലം

iv. കുമിളി യു.സി.റ്റി.ഇ. സ്ഥിതി ചെയ്യുന്ന 65 സെന്റ് സ്ഥലം

v. വൈക്കം യു.സി.റ്റി.ഇ.യുടെ 80 സെന്റ് സ്ഥലം

vi. ഈരാറ്റുപേട്ട യു.സി.റ്റി.ഇ.യുടെ 50 സെന്റ് സ്ഥലം

രജിസ്റ്ററുകൾ ആനുകാലികമാക്കി, വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സംഗതിയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. ഭൂവിവര രജിസ്റ്റർ സംബന്ധിച്ചാണ് ആദ്യത്തെ ഓഡിറ്റ് പരാമർശമെന്നും ഡിജിറ്റൽ ഭൂവിവര രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഭൂമിയുടെ കാര്യത്തിൽ ചില തർക്കങ്ങളും കേസുകളും നിലനിൽക്കുന്നതിനാലാണ് കാലതാമസമുണ്ടാകുന്നതെന്നും

രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് എത്രയും വേഗം കേസുകൾ തീർപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും കേസുകൾ തീരുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നുമുള്ള മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

127. ഭൂവിവര രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഭൂമിയുടെ കാര്യത്തിൽ ഉള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതാണെന്നും അപ്രകാരം കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമായ ശേഷം പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

പട്ടയത്തിന് കാലതാമസം ; 5 ഏക്കറോളം ഭൂമി നഷ്ടമായി

എറണാകുളം ജില്ലാ കളക്ടറുടെ 30-6-1968 ലെ സി-15-23184/66 നമ്പർ കത്ത് പ്രകാരം, കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന 10 സർവ്വേ നമ്പറുകളിലായി 121.13 ഏക്കർ പുറമ്പോക്കും, വിവിധ വ്യക്തികളിൽ നിന്നും 90 സർവ്വേ നമ്പറുകളിലായി 62.23 ഏക്കർ സ്ഥലവും ഉൾപ്പെടെ 183.36 ഏക്കർ സ്ഥലമാണ് സർക്കാർ തൃക്കാക്കര മെയിൻ ക്യാമ്പസിനായി കുസാറ്റിന് കൈമാറിയിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള ലിത്തോമാപ്പ്, സർവ്വേസ്കെച്ച് എന്നിവ സർവ്വകലാശാലയുടെ പക്കലുണ്ട്. 1996-ൽ റീസർവ്വേ നടന്നുവെങ്കിലും, ഏതാണ്ട് പത്തുവർഷത്തിന് ശേഷമാണ് സർവ്വകലാശാല പട്ടയരേഖകൾക്കായി റവന്യൂ അധികൃതരെ സമീപിച്ചത്.

റീസർവ്വേയിൽ നിലവിലുള്ള ഭൂമി 178 ഏക്കർ, 54 സെന്റ്, 580 സ്ക്വയർ ലിങ്ക്സ് ആണെന്നും, ആകെ ഭൂമിയിൽ നിന്നും 4 ഏക്കർ 82 സെന്റ് 305 സ്ക്വയർ ലിങ്ക്സ് സ്ഥലം കുറവു വന്നതായും 10-7-2007 ലെ യു.ഇ.യു. 1768/ടൈറ്റിൽ ഡീഡ്സ് നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ സർവ്വേ സൂപ്രണ്ടിനെ അറിയിക്കുകയുണ്ടായി. പുനർ റീസർവ്വേയ്ക്ക് സർക്കാർ അനുമതി ലഭിച്ചതിനെത്തുടർന്ന് 20-2-2010 ലെ 553(23)-ാം നമ്പർ സിൻഡിക്കേറ്റ് തീരുമാനപ്രകാരം മെസെ. ലോക്കസ് സർവ്വേ സ്പെഷ്യലിസ്റ്റ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തെ ഡിജിറ്റൽ സർവ്വേ നടത്താൻ ചുമതലപ്പെടുത്തുകയുണ്ടായി. മേൽ സർവ്വേ പ്രകാരം, മെയിൻ ക്യാമ്പസിൽ സർവ്വകലാശാലയ്ക്ക് ആകെ 181.55 ഏക്കർ ഭൂമിയാണ് കൈവശമുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആദ്യ സ്കെച്ചിലും,

റീസർവ്വേയിലും ഉൾപ്പെടാതിരുന്ന കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പൈപ്പ് ലൈൻ റോഡ് കൂടി ഉൾപ്പെടുത്തിയാണ് 2010-ൽ ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ, 1996-ലെ റീസർവ്വേ ഫലം ശരിയാണെന്നും, ഏകദേശം 5 ഏക്കറോളം ഭൂമി സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടുവെന്നും വ്യക്തമാകുന്നു.

1971-ൽ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതിനുശേഷം, 1996-ലെ റീസർവ്വേ വരെ പട്ടയം വാങ്ങാനുള്ള നടപടികളൊന്നും സ്വീകരിക്കുകയുണ്ടായില്ല. ഇതുകൊണ്ട് തന്നെ അതിർത്തി തിരിച്ച് സർവ്വകലാശാലയുടെ ഭൂമി കൃത്യമായി സംരക്ഷിക്കാനും സാധിച്ചിട്ടില്ല. തൃക്കാക്കര ക്യാമ്പസിൽ സർവ്വകലാശാലയ്ക്ക് അവകാശപ്പെട്ട മുഴുവൻ ഭൂമിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും, വസ്തുവകകൾ അതിർത്തി തിരിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

കുസാറ്റിന്റെ കുട്ടനാട് എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിനായി സ്ഥലമേറ്റെടുത്ത ശേഷം നാളിതുവരെ സർവ്വേ നടത്തിയിട്ടില്ല. ഇവിടുത്തെ ഭൂമി സംരക്ഷിക്കാനുള്ള നടപടികളും അടിയന്തിരമായി കൈക്കൊള്ളണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 1996-ൽ നടന്ന റീസർവ്വേയിലാണ് ആകെ ഭൂമിയിൽ നിന്നും ഏകദേശം 4.82 ഏക്കർ സ്ഥലം കുറവുണ്ടെന്ന റിപ്പോർട്ട് ലഭിച്ചതെന്നും അതിനുശേഷം സർവ്വേ വകുപ്പുമായി നടത്തിയ കത്തിടപാടുകളെത്തുടർന്ന് ലഭ്യമായ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3-6-2008-ൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയുണ്ടായിയെന്നും ടി സർവ്വേ പ്രകാരം 93 സെന്റ് സ്ഥലം മാത്രമാണ് കുറവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് സമർപ്പിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വേ വീണ്ടും നടത്താൻ 28-1-2022-ൽ ഉത്തരവാകുകയും ചെയ്തുവെന്നും ഇതുപ്രകാരം ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയതായും ആയതിന്റെ ഫൈനൽ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നതായ വിവരം ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മേൽപ്പറഞ്ഞ 93 സെന്റ് സ്ഥലം റിക്കവർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്നതുസംബന്ധിച്ച് അറിയാൻ കഴിയുകയുള്ളുവെന്നും കളമശ്ശേരി ക്യാമ്പസിന്റെ പുറകിലുള്ള താമസക്കാരുമായുള്ള വഴിത്തർക്കംമൂലം പ്രസ്തുത ഭൂമിയുടെ 1/3 ഭാഗം ഇതുവരെ ചുറ്റുമതിൽ കെട്ടിയടയ്ക്കാൻ സാധിച്ചിട്ടില്ലെന്നും ക്യാമ്പസിന്റെ മറ്റൊരുഭാഗത്തുകൂടി വഴിനൽകാമെന്ന് അവരെ അറിയിച്ചിട്ടുണ്ടെന്നും

ജില്ലാ കളക്ടറുടെയും സ്ഥലം എം.എൽ.എ. യുടെയും സാന്നിദ്ധ്യത്തിൽ അവിടുത്തെ താമസക്കാരെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ് ചേർന്ന് പ്രശ്നത്തിന് പരിഹാരം കാണാനാണ് ശ്രമിക്കുന്നതെന്നും അദ്ധ്യാപകരുൾപ്പെടെ എണ്ണായിരത്തോളം ആളുകൾ താമസിക്കുന്ന പ്രസ്തുത മേഖലയിൽ ചുറ്റുമതിലില്ലാത്തത് വളരെയധികം സുരക്ഷാ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും പ്രശ്നപരിഹാരത്തിന് സർക്കാർ തലത്തിൽ ഇടപെടലുകളുണ്ടാകണമെന്നും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ അപേക്ഷിച്ചു.

129. ഇന്റർ യൂണിവേഴ്സിറ്റി കൗൺസിലിൽ ഈ വിഷയം അവതരിപ്പിച്ചില്ലേയെന്ന് ആരാഞ്ഞ സമിതി, സ്ഥലം എം.എൽ.എ.-യുടെ സഹായത്തോടെ മാത്രമേ ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂവെന്നും പ്രസ്തുത താമസക്കാർക്ക് ക്യാമ്പസിനുള്ളിൽക്കൂടി പൊതുവഴി നൽകി ബാക്കി ഭാഗം കെട്ടിയടയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

130. ഇന്റർ യൂണിവേഴ്സിറ്റി കൗൺസിലിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്നും റീസർവ്വേ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിഷയത്തിൽ ഒരു തീരുമാനമെടുക്കാമെന്ന് കളക്ടർ അറിയിച്ചിട്ടുണ്ടെന്നും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ വ്യക്തമാക്കി. റവന്യൂ വകുപ്പിന്റെ കൂടി സഹായത്തോടെ സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

131. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ സഹായത്തോടെ സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കണ്ണൂർ സർവ്വകലാശാല

ഭൂമി കയ്യേറ്റം - 1.71 ഏക്കർ സ്ഥലം നഷ്ടപ്പെട്ടു

കേരള സർക്കാരിന്റെ 4-8-1975-ലെ ജി.ഒ.(എം.എസ്.)200/75/ഐ.ഡി. ഉത്തര വനുസരിച്ച് കോഴിക്കോട് സർവ്വകലാശാലയുടെ പാലയാട് കേന്ദ്രത്തിനായി 10.11 ഏക്കർ ഭൂമി അനുവദിച്ചിരുന്നു. കോഴിക്കോട് സർവ്വകലാശാല ഈ ഭൂമി 6-3-1997-ലെ പി.എൽ.ഡി.ബി1/12960/96 നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ സർവ്വകലാശാലയ്ക്ക് കൈമാറിയപ്പോൾ, പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 8.53 ഏക്കർ മാത്രമായിരുന്നു. മേൽ കാലയളവിനുള്ളിൽ ഭൂവിസ്തൃതിയിൽ 1.58 ഏക്കറിന്റെ കുറവുണ്ടായി. കണ്ണൂർ സർവ്വകലാശാലയുടെ പ്രോപ്പർട്ടി രജിസ്റ്റർ പ്രകാരം, നിലവിൽ പ്രസ്തുത ഭൂമിയുടെ

വിസ്തീർണം 8.40 ഏക്കറാണ്. ഭൂമി കണ്ണൂർ സർവ്വകലാശാല ഏറ്റെടുത്തതിന് ശേഷവും 13 സെന്റ് നഷ്ടപ്പെട്ടിട്ടുണ്ട്, ഒട്ടാകെ 1.71 ഏക്കർ ഭൂമി സർവ്വകലാശാലയ്ക്ക് നഷ്ടമായിട്ടുണ്ട്, ഇത് തിരിച്ച് പിടിക്കാനായി യാതൊരുവിധ നടപടികളും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

1. കമ്പ്യൂട്ടറുകളും, ഫർണീച്ചറുകളും ഉപയോഗിക്കാത്ത നിലയിൽ

സർവ്വകലാശാലയുടെ നീലേശ്വരം ക്യാമ്പസിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുവാനായി 5 കമ്പ്യൂട്ടറുകളും, ആവശ്യമായ മേശകളും, കസേരകളും 2011-ൽ വാങ്ങുകയുണ്ടായി. എന്നാൽ വേണ്ടത്ര യു.പി.എസ്.-ഉം, ഇന്റർനെറ്റ് കണക്ഷനും ഇല്ലാത്തതിനാൽ ഏകദേശം ഒന്നരലക്ഷം രൂപ വില വരുന്ന കമ്പ്യൂട്ടറുകളും, അനുബന്ധ സാമഗ്രികളും ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്.

മോളിക്യുലാർ ബയോളജി വകുപ്പിന്റെ ലബോറട്ടറിയിലേക്ക് വാങ്ങിയ 38,440/- രൂപ വിലയുള്ള 'ലാമിനാർ എയർഫ്ളോ' എന്ന ഉപകരണവും ഉപയോഗിക്കാതെ കിടക്കുകയാണ്.

സർവ്വകലാശാലയുടെ എം.ബി.എ. സെന്ററിൽ 2009 ൽ ലഭിച്ച 10 കമ്പ്യൂട്ടറുകളിൽ 8 എണ്ണവും, 2011-ൽ ലഭിച്ച 14 കമ്പ്യൂട്ടറുകളും ഉപയോഗിക്കാതെ ക്ലാസ് മുറിയുടെ മൂലയ്ക്ക് അലക്ഷ്യമായി സൂക്ഷിച്ചിരിക്കുകയാണ്. ഇവ പ്രവർത്തിപ്പിക്കാൻ ആവശ്യമായ യു.പി.എസ്.-ഉം, ഫർണിച്ചറും ഇല്ലാത്തതിനാലാണ് ഉപയോഗിക്കാനാവാത്തത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.1.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കണ്ണൂർ സർവ്വകലാശാലയുടെ പാലയാട് ക്യാമ്പസിലെ 1.71 ഏക്കർ ഭൂമി നഷ്ടപ്പെട്ടുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും 1976-ൽ കോഴിക്കോട് സർവ്വകലാശാല ഏറ്റെടുത്ത പ്രസ്തുത ഭൂമി ചുറ്റുമതിൽ കെട്ടിത്തിരിച്ച് 1997-ൽ കണ്ണൂർ സർവ്വകലാശാലയ്ക്ക് കൈമാറുന്ന സമയത്ത് 8.40 ഏക്കർ ഭൂമി മാത്രമാണുണ്ടായിരുന്നതെന്നും തുടർന്ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി തഹസിൽദാർ ഓഫീസിലെ ഡോക്യുമെന്റ് പ്രകാരം 8.77 ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാകുകയും അതുപ്രകാരം 37 സെന്റ് ഭൂമിയുടെ കുറവുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായെന്നും പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന്റെ കൈവശമാണുള്ളതെന്നും ചുറ്റുമതിലിന് വെളിയിലുള്ള പ്രസ്തുത ഭൂമിയിൽ വ്യവസായ വകുപ്പിന്റെ ചില യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഭൂമി തിരിച്ച- നൽകണമെന്നാവശ്യപ്പെട്ട് 2008-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെന്നും കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ (ഇൻ-ചാർജ്) മറുപടി നൽകി.

133. ഭൂമി കോഴിക്കോട് സർവ്വകലാശാലയുടെ കൈവശമായിരുന്ന സമയത്ത് നടന്ന കൈമാറ്റമാണിതെന്നും ഈ വിഷയത്തിൽ സർക്കാർ തലത്തിലുള്ള ഇടപെടൽ ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

134. കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും ഉപയോഗിക്കാത്ത നിലയിൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

135. ഭൂമി കയ്യേറ്റം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ട് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

136. നിലവിൽ സർവ്വകലാശാലയുടെ എല്ലാ ക്യാമ്പസുകളിലും ഓഫീസുകളിലും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും ഉപയോഗിക്കാത്ത നിലയിൽ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക 5

സർവ്വകലാശാലകളിൽ നിന്നുള്ള ശ്രദ്ധേയമായ ഓഡിറ്റ് പരാമർശങ്ങൾ

മഹാത്മാഗാന്ധി സർവ്വകലാശാല

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ

[2009-10 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 111 (13)]

യു.ജി.സി.യുടെ 11-ാം പദ്ധതിയിൽ എം.ജി. സർവ്വകലാശാലയുടെ ശാസ്ത്ര വകുപ്പുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന് 10 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത തുക വിനിയോഗിച്ച് ഡീസൽ ജനറേറ്റർ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, കോഫി വെൻഡിംഗ് മെഷീൻ എന്നിവ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ സർവ്വകലാശാലയുടെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുകയോ ചെയ്തിട്ടില്ല.

1) **ഡീസൽ ജനറേറ്റർ വാങ്ങൽ**

കണകൂഡ് ലോഡ് തീരെ കുറവായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ 45 കെ.വി. എ. ഡീസൽ ജനറേറ്റർ വാങ്ങുന്നതിന് ഡയറക്ടർ ക്വട്ടേഷൻ ക്ഷണിച്ചു. ഓരോ വാങ്ങലുകൾ നടത്തുമ്പോഴും ആവശ്യകത വിലയിരുത്തണം എന്ന കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ ഇവിടെ പാലിച്ചിട്ടില്ല. വാങ്ങേണ്ട സാധനത്തിന്റെ വില 20,000/- രൂപയിൽ അധികരിക്കുന്ന പക്ഷം ടെണ്ടർ ക്ഷണിക്കണം എന്ന നിബന്ധനയും ഡയറക്ടർ പാലിച്ചിട്ടില്ല. കുറഞ്ഞ വില ക്വോട്ട് ചെയ്ത M/s.ജീവൻ ഡീസൽസ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം ജനറേറ്റർ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് ക്വോട്ട് ചെയ്ത തുകയും ഡയറക്ടറുടെ പ്രൊപ്പോസലിലെ തുകയും 5,61,250/- രൂപ തന്നെയാണ്. ജനറേറ്റർ സെറ്റിന്റെ വാർഷിക അറ്റകുറ്റപ്പണി സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

ക്വട്ടേഷൻ ക്ഷണിച്ചതിലും, ജനറേറ്റർ സെറ്റ് വാങ്ങുന്നതിന് അനുവദിച്ച മുൻകൂർ ക്രമീകരിച്ച 17-9-2011-ലെ 5191/പി ആന്റ് ഡി1/1/2011/ഭരണ വിഭാഗം നമ്പർ സർവ്വകലാശാല ഉത്തരവിലും ജനറേറ്റർ സെറ്റിന്റെ സ്ഥാപിത ശേഷി 45 കെ.വി.എ. എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വില നൽകിയിരിക്കുന്നതും 45 കെ.വി.എ. ജനറേറ്റർ സെറ്റിനാണ്. എന്നാൽ ഭൗതിക പരിശോധനയിൽ യഥാർത്ഥത്തിൽ വാങ്ങിയത് 25 കെ.വി.എ. ജനറേറ്ററാണെന്ന് വ്യക്തമായി. ഇതു സംബന്ധിച്ച ഓഡിറ്റ് കുറിപ്പുകൾക്ക് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടർ ഡോ.റസീന പദ്മം നൽകിയ മറുപടിയിൽ കെമിക്കൽ സയൻസ്, ഫിസിക്സ്, ബയോസയൻസ് എന്നീ വകുപ്പുകളിലെ പദ്ധതിയുടെ ഗുണഭോക്താക്കളുമായുള്ള ആശയവിനിമയത്തിനുശേഷമാണ് 45 കെ.വി.എ. ജനറേറ്റർ വാങ്ങാൻ തീരുമാനിച്ചതെന്നും പിന്നീട് ഇലക്ട്രിക്കൽ വിഭാഗവുമായി ചർച്ച ചെയ്തപ്പോൾ 45 കെ.വി.എ. ജനറേറ്റർ സ്ഥാപിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടാണെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് 25 കെ.വി.എ. ജനറേറ്റർ വാങ്ങാൻ തീരുമാനിച്ചതെന്നും വിശദീകരിച്ചിരിക്കുന്നു. വാങ്ങിയ 25 കെ.വി.എ. ജനറേറ്റർ സെറ്റ് പോലും ഇൻസ്റ്റാൾ ചെയ്യാതെ കാമ്പസിൽ അലക്ഷ്യമായ രീതിയിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതിൽ നിന്നും 25 കെ.വിഎ. ജനറേറ്റർ പോലും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന് ആവശ്യമില്ലായിരുന്നെന്ന് വ്യക്തമാകുന്നു.

45 കെ.വി.എ. ജനറേറ്റർ സെറ്റിന്റെ വിലയായ 4,15,000/- രൂപയും ഇൻസ്റ്റലേഷൻ ചാർജായ 1,46,250/- രൂപയും 402675/11-8-2009, 193099/29-3-2010 എന്നീ ചെക്കുകൾ പ്രകാരം M/s ജീവൻ ഡീസൽസ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻസ്റ്റാൾ ചെയ്യാതെ ജനറേറ്റർ സെറ്റ് കാമ്പസിൽ വെറുതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി.

വാങ്ങിയ ജനറേറ്റർ ബിഹേവിയറൽ സയൻസിന്റെ കെട്ടിടത്തിലെ വിതരണ ശൃംഖലയുമായി ഘടിപ്പിക്കുകയോ ഒരു തവണ പോലും പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല. ജനറേറ്റർ സെറ്റിന് ഷെഡ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ മഴയും വെയിലുമേറ്റ് തുരുമ്പിക്കുന്ന അവസ്ഥയിലാണ്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതും വാറണ്ടി കാലാവധി കഴിഞ്ഞതുമായ ഉപകരണം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് കെട്ടിടത്തിന്റെ പിൻവശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെട്ടു.

സ്ഥാപനത്തിന് ആവശ്യമില്ലാത്ത ജനറേറ്റർ വാങ്ങി തുക ചെലവഴിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ജനറേറ്റർ വാങ്ങി സ്ഥാപിച്ചയിനത്തിൽ ചെലവഴിച്ച 5,61,250/- രൂപ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന്റെ ഡയറക്ടറായിരുന്ന ശ്രീമതി ഡോ.റസീന പദ്മത്തിൽ നിന്നും ഈടാക്കാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

2.ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ

യു.ജി.സി. ഗ്രാന്റ് ഉപയോഗിച്ച് മെസ്സേഴ്സ് കംപ്യൂടെക് കമ്പ്യൂട്ടേഴ്സ്, കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 2,63,900/- രൂപയ്ക്ക് 12 ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. 12 കമ്പ്യൂട്ടറുകൾക്ക് മെസ്സേഴ്സ് കംപ്യൂടെക് കമ്പ്യൂട്ടേഴ്സ് ക്വോട്ട് ചെയ്തത് 2,63,900/- രൂപ യാണെങ്കിലും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് 3,39,200/- രൂപ നൽകി (ചെക്ക് നമ്പർ 402676/12.06.2006). അധികം നൽകിയ 75,300/- രൂപ 29-10-2009-ലെ 231785-ാം നമ്പർ ചെക്ക് പ്രകാരം ഡീലർ തിരികെ നൽകി.

വാറണ്ടി കാലാവധിക്കു ശേഷം വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കരാറിലും ഏർപ്പെട്ടിട്ടില്ല. നിലവിൽ ഭൂരിഭാഗം കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമല്ല. കൂടാതെ 12 കമ്പ്യൂട്ടറുകളിൽ 10 എണ്ണത്തിലും വിൻഡോസ് എക്സ്പി സോഫ്റ്റ്വെയറുകളാണ് ലോഡ് ചെയ്തിട്ടുള്ളത്. 1957-ലെ ഇൻഡ്യൻ പകർപ്പവകാശ നിയമപ്രകാരം pirated software ഉപയോഗിക്കുന്നത് 7 ദിവസത്തെ ജയിൽ ശിക്ഷയോ 2 ലക്ഷം രൂപയോ ശിക്ഷ കിട്ടാവുന്ന കുറ്റമാണ്.

വകുപ്പിന്റെ ഉത്തമ താല്പര്യങ്ങൾക്ക് മുൻഗണന നൽകാതെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3. **ആവശ്യകത ഉറപ്പാക്കാതെ കോഫി വെൻഡിംഗ് മെഷീൻ വാങ്ങിയത് ക്രമരഹിതം**

ബിഹേവിയറൽ സയൻസിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പുനരധിവാസ ത്തിന്റെ ഭാഗമായി മെസ്സേഴ്സ് പാലിയിൽ ഏജൻസീസ്, എറികാട്, പുതുപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും മെഷീനൊന്നിന് 14,000/- രൂപ നിരക്കിൽ 3 കോഫി

വെൻഡിംഗ് മെഷീൻ വാങ്ങി (ആകെ 42,000/- രൂപ). ഭൗതിക പരിശോധനയിൽ നിലവിൽ ഒരു മെഷീൻ മാത്രമേ സ്ഥാപിച്ചിട്ടുള്ളെന്നും രണ്ടെണ്ണം സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി. ആവശ്യമില്ലാതെ 2 വെൻഡിംഗ് മെഷീനുകൾ അധികം വാങ്ങിയതിനാൽ 23,000/- രൂപ [(14000x2)-5000 ഡിസ്കൗണ്ട്] അനാവശ്യ ചെലവ് വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യമില്ലാത്ത മെഷീനുകൾ വാങ്ങാൻ വിനിയോഗിച്ച 23,000/- രൂപ ഡയറക്ടർ ശ്രീമതി റസീന പദ്മത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം എം.ജി. യൂണിവേഴ്സിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 26-3-2013-ലെ L.F.M.G.U A1/440/12-ാം നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാറെ അറിയിച്ചിരുന്നു. നിലവിൽ 25 കെ.വി.എ. ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തിക്കുന്നതായും കോഫി വെൻഡിംഗ് മെഷീനുകൾ പ്രവർത്തനക്ഷമമാണെന്നും ഡയറക്ടർ മറുപടി നൽകിയിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ

ഡോ. റസീന പദ്മം,

ഡയറക്ടർ,

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്,

എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് , ഖണ്ഡിക 5.2.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. ഡീസൽ ജനറേറ്റർ വാങ്ങൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് അധിക ചെലവ് ഉണ്ടായിട്ടില്ലെന്നും നിലവിൽ ജനറേറ്റർ പ്രവർത്തിച്ച് വരുന്നുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

138. 12 കമ്പ്യൂട്ടറുകൾക്ക് 2,63,900/- രൂപ ക്വാട്ട് ചെയ്തിടത്ത് 3,39,200/- രൂപ നൽകിയതിൻപ്രകാരം 75,300 രൂപ അധികം നൽകിയെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സിൻഡിക്കേറ്റിന്റെ അനുമതിയോടുകൂടിയാണ് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതെന്നും 12 കമ്പ്യൂട്ടർ വാങ്ങിയതിന് 2,63,900/- രൂപ

നൽകിയതായിട്ടാണ് സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

139. ചെക്ക് നമ്പർ: 402676/12-6-2006 പ്രകാരം 3,39,200/- രൂപ നൽകിയെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക ഫണ്ടിംഗ് ഏജൻസിയായ യു.ജി.സി.-യ്ക്ക് തിരികെ നൽകിയിട്ടില്ലെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് അധികം നൽകിയ 75300/- രൂപ 29-10-2009-ന് ഡീലർ തിരികെ നൽകിയിട്ടുണ്ടെന്നും ആ കാലഘട്ടത്തിലുള്ളത് യു.ജി.സി.-യുമായി റെഗുലറൈസ് ചെയ്തിട്ടുണ്ടെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ ബോധ്യപ്പെടുത്തി.

140. നിലവിലും പൈറേറ്റഡ് സോഫ്റ്റ്‌വെയറുകളാണോ ഉപയോഗിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, അല്ലെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം സർവ്വകലാശാലയിൽ ഒരു ഐ.ടി. പോളിസി രൂപീകരിച്ചിട്ടുണ്ടെന്നും പൈറേറ്റഡ് സോഫ്റ്റ്‌വെയർ വേർഷനുകൾ ഇപ്പോൾ അനുവദിക്കുന്നില്ലെന്നും പൂർണ്ണമായും Linux പ്ലാറ്റ്ഫോമിലേയ്ക്ക് മാറിയിട്ടുണ്ടെന്നും വിൻഡോസ് വേർഷനുള്ള കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രത്യേക അനുമതി ആവശ്യമാണെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചു.

141. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

142. നിലവിൽ എല്ലാ കോഫി വെൻഡിംഗ് മെഷീനുകളും ഉപയോഗിക്കുന്നതായുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ /ശിപാർശകൾ

143. ഡീസൽ ജനറേറ്റർ വാങ്ങലുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് അധിക ചെലവ് ഉണ്ടായിട്ടില്ലെന്നും നിലവിൽ ജനറേറ്റർ പ്രവർത്തിച്ച് വരുന്നുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

144. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

145.നിലവിൽ എല്ലാ കോഫി വെൻഡിംഗ് മെഷീനുകളും ഉപയോഗിക്കുന്നുണ്ടെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഫി വെൻഡിംഗ് മെഷീൻ വാങ്ങിയത് ക്രമരഹിതം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ നിർമ്മാണവും ഫർണിഷിംഗും- അപാകതകൾ

[2009-10 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക III (16)]

പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ആധുനിക സൗകര്യങ്ങളോടു കൂടിയ സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ നിർമ്മാണം സി.പി.ഡബ്ല്യൂ.ഡി.-യ്ക്ക് നൽകുന്നതിന് 29-6-2006, 12-7-2006 എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് പ്രവൃത്തി നടത്തുന്നതിന് ചുവടെ ചേർക്കുന്ന ഉത്തരവുകൾ പ്രകാരം 7,96,96,814/-രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

സർവ്വകലാശാല ഉത്തരവ് / തീയതി	തുക
പി &ഡി1/2/ഒ.എ 13/06 തീയതി: 30-3-2007	1,00,00,000
2696/പി &ഡി1/2/07/ഭരണം തീയതി :21-11-2007	2,00,00,000
2390/പി &ഡി1/2008/അഡ്മിൻ തീയതി: 4-6-2008	1,00,00,000
3440/ പി &ഡി1/2008/ഭരണം തീയതി :12-8-2008	1,00,00,000
4005/ പി &ഡി1/2/ഒ.എ 13/06 (സി) തീയതി: 17-9-2008	1,00,00,000
4005/ പി &ഡി1/2/ഒ.എ 13/06 (സി) തീയതി: 17-9-08	47,96,814
1642/ പി &ഡി1/2/09/ഭരണം തീയതി: 7-4-09	73,00,000
3287 /പി &ഡി1//ഒ.എ 13/06/ഭരണം തീയതി: 27-7-09	26,00,000
5494/ പി &ഡി1/09/ഭരണം തീയതി: 19-12-09	50,00,000
ആകെ	7,96,96,814/-

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ വിവരിക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) **കേന്ദ്ര പൊതുമരാമത്ത് വകുപ്പുമായി ധാരണാപത്രം ഒപ്പു വച്ചതിന് ശേഷവും എസ്റ്റിമേറ്റിൽ സാരമായ വ്യതിയാനം വരുത്തി**

17,02,56,000/- രൂപയുടെ എസ്റ്റിമേറ്റാണ് സിൽവർ ജൂബിലി പരീക്ഷാഭവൻ പ്രവൃത്തിക്കുവേണ്ടി സി.പി.ഡബ്ല്യൂ.ഡി. ആദ്യം തയ്യാറാക്കിയത്. അതിനുശേഷം 9-8-2006-ൽ 10,26,03,400/- രൂപയായും 03/07-ൽ 6,51,14,000/- രൂപയായും തുക പുതുക്കുകയും സിൻഡിക്കേറ്റ് ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 29-3-2007-ലാണ് സർവ്വകലാശാലയും സി.പി.ഡബ്ല്യൂ.ഡി.യുമായി ധാരണാപത്രം ഒപ്പുവച്ചത്. അതിനു ശേഷം 26-4-2007-ൽ 6,76,30,100 രൂപയായി എസ്റ്റിമേറ്റ് തുക വ്യത്യാസപ്പെടുത്തി. ധാരണാപത്രം ഒപ്പുവച്ചതിനുശേഷം എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്തിയത് ചട്ടവിരുദ്ധമാണ്.

ധാരണാപത്രത്തിൽ ഒപ്പുവച്ചതിന് ശേഷം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച നടപടിക്രമം സിൻഡിക്കേറ്റിന്റെ അനുവാദത്തിന് വെയ്ക്കണമെന്ന് 14-5-2007, 6-12-2007 തീയതികളിൽ വൈസ് ചാൻസലർ ഉത്തരവിട്ടെങ്കിലും ഫയൽ വിശദീകരണത്തിനും അനുവാദത്തിനുമായി സമർപ്പിച്ചില്ല. 16-9-2008-ലെ 187/6.32/5346 നമ്പർ തീരുമാന പ്രകാരം പ്രസ്തുത വിഷയത്തിൽ സിൻഡിക്കേറ്റിൽ നിന്നും സ്പഷ്ടീകരണം ആരായുന്നതിന് തീരുമാനിച്ചു. എന്നാൽ ഇതേ തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 3986/പി &ഡി1/2/ഒ.എ.13/06 പ്രകാരം ധാരണാപത്രം ഒപ്പിട്ടതിന് ശേഷം 26-4-2007-ൽ ഉയർത്തിയ എസ്റ്റിമേറ്റ് തുക 6,76,30,100/- രൂപ അംഗീകരിച്ചു.

2) **നിർമ്മാണ മോണിട്ടറിംഗ് സമിതി പരിമിതപ്പെടുത്തിയ പ്രവൃത്തി മൂല്യത്തിലും അധികരിച്ച് തുക ചെലവഴിച്ചു**

24-3-2007-ൽ കൂടിയ സിൽവർ ജൂബിലി പരീക്ഷാഭവൻ നിർമ്മാണ മോണിട്ടറിംഗ് സമിതി പ്രവൃത്തി മൂല്യം 6.5 കോടി രൂപയിൽ പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചു. മേൽ വിവരം 26-3-2007-ലെ പി &ഡി 1/2/ഒ.എ.13/06 പ്രകാരം രജിസ്ട്രാർ അറിയിച്ചെങ്കിലും സി.പി.ഡബ്ല്യൂ.ഡി. തുക 6,76,30,100/- രൂപയായി ഉയർത്തി സർവ്വകലാശാല ഫണ്ടിൽ നിന്നും 7,97,26,914 രൂപ താഴെ വിവരിക്കും പ്രകാരം ആവശ്യപ്പെടുകയും ചെയ്തു.

1.പ്രധാന പ്രവൃത്തി	-	6,76,30,100
2.അധിക പ്രവൃത്തി	-	73,00,000
3. വികസന പ്രവൃത്തി	-	47,96,814
ആകെ	-	**7,97,26,914**

ഇതിൽ 7,96,96,814/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

3) **കരാർ ചമയ്ക്കുന്നതിനു മുമ്പേ പ്രവൃത്തി ആരംഭിച്ചു**

സി.പി.ഡബ്ല്യു.ഡി. കോഡിലെ ചട്ടം 204(iv ഡി) പ്രധാന ഖണ്ഡിക 95 പ്രകാരം ടേൺ കീ പ്രവൃത്തികൾക്ക് നിർബന്ധമായും കരാർ ചമയ്ക്കണമെന്നും മേൽ ചട്ടത്തിലെ 5-ാം വ്യവസ്ഥ പ്രകാരം കരാർ ചമയ്ക്കാതെ പ്രവൃത്തി ആരംഭിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 29-3-2007-ൽ കരാർ ചമയ്ക്കുന്നതിന് മുൻപ് പ്രവൃത്തി ആരംഭിച്ചു. സി.പി.ഡബ്ല്യു.ഡി. കോഡിലെ ചട്ടം 101 (എ) പ്രകാരം അധികാരികളുടെ അനുമതിയില്ലാതെ ഒരു പ്രവൃത്തി ആരംഭിക്കുന്നതിനോ പൊതുമുതൽ ചെലവഴിക്കുന്നതിനോ ഡിവിഷണൽ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടില്ല. പരീക്ഷാഭവൻ നിർമ്മാണത്തിന് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും കരാർ ഒപ്പിടുന്നതിനും മുൻപ് എസ്റ്റിമേറ്റ് ഉയർത്തി പ്രവൃത്തി കോൺട്രാക്ടറെ ഏൽപ്പിച്ചു.

4) **നിർദ്ദേശിച്ച കാർപ്പറ്റ് വിസ്തീർണ്ണത്തിൽ കുറവ് വരുത്തി പ്രവൃത്തി നടപ്പിലാക്കി**

പ്ലാൻ പ്രകാരം നിർദ്ദിഷ്ട കാർപ്പറ്റ് വിസ്തീർണ്ണം 75000 ചതുരശ്ര അടിയായിരുന്നത് 8-8-2006, 18-8-2006 തീയതികളിലെ സിൻഡിക്കേറ്റ് യോഗം 65000 ചതുരശ്ര അടിയായി കുറവ് വരുത്തി അംഗീകരിച്ചു. എന്നാൽ സി.പി.ഡബ്ല്യു.ഡി.-യുടെ പുതുക്കിയ പ്ലാൻ പ്രകാരം കാർപ്പറ്റ് വിസ്തീർണ്ണം 51486.6 ചതുരശ്ര അടിയാക്കി നിർണ്ണയിച്ച് പ്രവൃത്തി നടപ്പാക്കി. എസ്റ്റിമേറ്റ് പ്രകാരമുള്ള കാർപ്പറ്റ് വിസ്തീർണ്ണത്തിൽ കുറവ് വരുത്തി പ്രവൃത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5) **പരീക്ഷാ ഭവൻ ഫർണിഷിംഗ് പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ എന്നിവ നിർണ്ണയിക്കാതെ പ്രവൃത്തി ഏജൻസിയെ ഏൽപ്പിച്ചതുമൂലം അധികം ചെലവ് വന്നു**

സിൽവർ ജൂബിലി പരീക്ഷാഭവൻ ഫർണിഷിംഗ് പ്രവൃത്തി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (ലിമിറ്റഡ്) ആലുവ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. ആവശ്യമായ സ്പെസിഫിക്കേഷൻ, റിക്വയർമെന്റ്, ഡ്രോയിംഗ് എന്നിവ കൂടാതെ നിർവ്വഹണ ഏജൻസി സ്വന്തം നിലയിൽ തയ്യാറാക്കിയ പ്ലാൻ അംഗീകരിച്ച് തുക ചെലവഴിച്ചിരിക്കുന്നു. ഇത്തരത്തിൽ നിർവ്വഹണ ഏജൻസി തങ്ങളുടെ പ്ലാനിൽ നടത്തിയ പ്രവൃത്തികൾ സർവ്വകലാശാലയ്ക്ക് മാറ്റേണ്ടി വന്നതിനാൽ ട്രാൻസ്പോർട്ടിംഗ് ചാർജ്ജിനത്തിൽ 1,11,500/- രൂപയും ക്യാബിൻ റീസെറ്റിംഗിനുള്ള ഡിസ്മാന്റലിംഗ് ചെലവിനത്തിൽ 60,000/- രൂപയും ചെലവഴിക്കേണ്ടി വന്നു.

ക്യാബിൻ ജോലിയ്ക്ക് ഉപയോഗിച്ച പ്രിലാം ബോർഡിന്റെ കനം 12 എം.എം.-ന് പകരം 9 എം.എം. ഉപയോഗിച്ചതിനാൽ പ്രവൃത്തി മൂല്യത്തിൽ 12,967/- രൂപ കുറവ് വന്നു. എന്നാൽ തുക അനുവദിച്ചപ്പോൾ യഥാർത്ഥ പ്രവൃത്തി മൂല്യം അധികരിച്ച് ചെലവ് ചെയ്തു.

യഥാർത്ഥ പ്രവൃത്തി മൂല്യം 1,39,00,162/- രൂപയാണ്. അനുവദിച്ച തുക 1,40,25,315/- രൂപയും. അധികം നല്കിയ 1,25,153/- രൂപ ഈടാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

6) **പരീക്ഷാഭവൻ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ കണ്ട അപാകതകൾ പരിഹരിക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ രേഖയില്ല.**

7) **സ്ഥാപന വൈദ്യുതീകരണത്തിന് പ്രവൃത്തികൾ അനുവദിച്ചതിന്റെയും പൂർത്തിയാക്കിയതിന്റെയും വിശദാംശം ലഭ്യമാക്കിയില്ല.**

8) **പരീക്ഷാഭവൻ നിർമ്മാണസ്ഥല സൗകര്യമൊരുക്കുന്നതിന് മരങ്ങൾ മുറിച്ച് മാറ്റിയതിൽ ആയതിന്റെ ലേല വരവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.**

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം എം.ജി.സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ 26-3-2013-ലെ എൽ.എഫ്. എം.ജി.യു. എ 1/440/12-ാം നമ്പർ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാറിനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

146. സിൻഡിക്കേറ്റിന്റെ അനുമതിയോടെയാണ് പരീക്ഷാ ഭവന്റെ നിർമ്മാണവും ഫർണിഷിംഗും ചെയ്തിരിക്കുന്നതെന്നും എസ്റ്റിമേറ്റ് തുകയിലുണ്ടായ വ്യത്യാസം സിൻഡിക്കേറ്റ് സാധൂകരിച്ച് നൽകിയിട്ടുണ്ടെന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഫിനാൻസ് ഓഫീസർ ബോധ്യപ്പെടുത്തിയപ്പോൾ പ്രസ്തുത രേഖകൾ ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

147. എസ്റ്റിമേറ്റ് തുകയിലുണ്ടായ വ്യത്യാസം സിൻഡിക്കേറ്റ് സാധൂകരിച്ച് നൽകിയതിന്റെ രേഖകൾ ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കണ്ണൂർ സർവ്വകലാശാല

അറ്റ്മോസ്ഫറിക് സയൻസ്, നാനോ സയൻസ് പഠന വകുപ്പുകൾ പ്രവർത്തന രഹിതം

(ഓഡിറ്റ് വർഷം : 2009-10, ഖണ്ഡിക III-2)

കണ്ണൂർ സർവ്വകലാശാലയിൽ യഥാക്രമം 2009,2010 വർഷങ്ങളിലായി ആരംഭിച്ച അറ്റ്മോസ്ഫറിക്, നാനോ സയൻസ് പഠന വകുപ്പുകൾ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനം (M.Sc) സാധ്യമാക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചുള്ളവയായിരുന്നു.

പഠന വകുപ്പുകൾക്കായി ഭീമമായ തുക ചെലവഴിച്ചു കഴിഞ്ഞുവെങ്കിലും രണ്ടു വകുപ്പുകളും പൂർണ്ണമായും പ്രവർത്തനരഹിതമാണ്.

എ) ചെലവ്

താഴെ വിവരിക്കും പ്രകാരം അറ്റ്മോസ്ഫറിക് സയൻസ് വകുപ്പിനുവേണ്ടി 2010-11 സാമ്പത്തിക വർഷം വരെ 18,46,136/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്റ്റാഫ് സാലറി	1051751
ഫർണ്ണിച്ചർ	98975
ഉപകരണങ്ങൾ	589329
ബുക്സ് & ജേർണൽസ് (പുസ്തകങ്ങളും ആനുകാലികങ്ങളും)	99106
ടെലിഫോൺ ചാർജ്	5983
ഒ.ഇ. & എം.	992
ആകെ	18,46,136

നാനോ സയൻസ് വകുപ്പിനു വേണ്ടി 2010-11 സാമ്പത്തിക വർഷം വരെ 8,47,907/- രൂപ ചെലവഴിക്കുകയുണ്ടായി . വിശദവിവരം ചുവടെ ചേർക്കുന്നു.

ശമ്പളച്ചെലവ്	802083
യാത്രാബത്ത	576
കണ്ടിജന്റ് ജീവനക്കാരുടെ വേതനം	31435
ടെലഫോൺ ചാർജ്	4895
ഒ.ഇ.&എം.(ഓഫീസ് ചെലവുകളും മറ്റും)	8918
ആകെ	8,47,907

ബി) പഠന വകുപ്പുകളുടെ ഇന്നത്തെ അവസ്ഥ

പഠന വകുപ്പുകൾ തുടങ്ങിയിട്ട് രണ്ട് വർഷത്തിലേറെയായിട്ടും വിദ്യാർത്ഥികൾക്കോ, ഗവേഷകർക്കോ പ്രവേശനം നൽകുന്നതിനുള്ള യാതൊരു നടപടിക്രമങ്ങളും സർവ്വകലാശാല ആരംഭിച്ചിട്ടില്ല. നാളിതുവരെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയോ, പാഠ്യപദ്ധതി (സിലബസ്) രൂപീകരിക്കുകയോ ചെയ്തിട്ടില്ല. വകുപ്പുതലവൻമാരുടെ സേവനം പോലും ചുരുങ്ങിയ കാലയളവിലേക്കു മാത്രമാണ് ഉണ്ടായിരുന്നത്. (തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജിലെ ഫിസിക്സ് വകുപ്പിലെ സീനിയർ ലക്ചറർ ആയ ഡോ. എം. സതീഷ് കുമാർ 12/2008 മുതൽ 01/2011 വരെ അറ്റ്മോസ്ഫറിക് സയൻസ് വകുപ്പിന്റെ തലവനായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു. അതുപോലെ കൊൽക്കത്ത സാഹാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ സയൻസിലെ ഡോ.പി.എം. ഗോപാലകൃഷ്ണൻ നമ്പീശൻ 01/2009 മുതൽ 01/2010 വരെ നാനോ സയൻസ് പഠന വകുപ്പിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. അതിനുശേഷം യഥാക്രമം ഫിസിക്സ്, കെമിസ്ട്രി പഠന വകുപ്പുതലവന്മാർ അറ്റ്മോസ്ഫറിക് സയൻസ്, നാനോ സയൻസ് പഠന വകുപ്പുകളുടെ ചുമതല വഹിച്ചു വരുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പഠന വകുപ്പുകൾ ആരംഭിച്ച് ഓഫീസുകൾ സൃഷ്ടിച്ചതല്ലാതെ വകുപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള യാതൊരു നടപടിയും സർവ്വകലാശാലയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

സി) ആവശ്യമായ പഠനങ്ങൾ നടത്താത്തത് പ്രതിസന്ധിയിലേക്കു നയിച്ചു

ഈ രണ്ട് വകുപ്പുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രധാന തടസ്സം കോഴ്സ് നടത്തിപ്പിനുള്ള ഭീമമായ ചെലവും യോഗ്യരായ അധ്യാപകരുടെ ലഭ്യതക്കുറവുമാണ്. ഈ രണ്ട് കാര്യങ്ങളും സർവ്വകലാശാലയുടെ ഉത്തരവാദപ്പെട്ട സമിതികളായ അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റിന്റെ കോഴ്സ് അഫിലിയേഷൻ, ഗവേഷണം എന്നിവയ്ക്കു വേണ്ടിയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ വിശകലനം ചെയ്തിട്ടില്ല. ആവശ്യമായ പഠനങ്ങൾ നടത്താതെ തിടുക്കത്തിൽ ആരംഭിച്ചതാണ് പഠന വകുപ്പുകളെ ഇന്നത്തെ പ്രതിസന്ധിയിലേക്ക് നയിച്ചത്.

ഡി) പുനരുജ്ജീവന സാധ്യതകൾ

പഠന വകുപ്പുകളുടെ ഭീമമായ നടത്തിപ്പു ചെലവ് കണ്ടെത്തുന്നതിന് കൗൺസിൽ ഫോർ സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച് (CSIR), യു.ജി.സി, ഭാരത സർക്കാരിന്റെ സയൻസ് &ടെക്നോളജി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അറ്റ്മോസ്ഫറിക് സയൻസ് വകുപ്പിന്റെ കാര്യത്തിൽ, 1975 മുതൽ എം.എസ്.സി. കോഴ്സും 1989 മുതൽ എം.ടെക്. കോഴ്സും പ്രസ്തുത വിഷയത്തിൽ നടത്തി വരുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ തേടാവുന്നതാണ്. പ്രസ്തുത യൂണിവേഴ്സിറ്റിക്ക് മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട് എന്ന കാര്യവും ശ്രദ്ധേയമാണ്. അറ്റ്മോസ്ഫറിക് സയൻസ് വിഷയത്തിലുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഐ.എസ്.ആർ.ഒ.-യുടെ വിവിധ സ്കീമുകൾ വഴി സർവ്വകലാശാലകൾക്ക് നൽകുന്ന ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളും നടത്താവുന്നതാണ്.

നാനോ സയൻസ് വകുപ്പിന്റെ കാര്യത്തിലാണെങ്കിൽ ഇന്റർനാഷണൽ നാനോ സയൻസ് കമ്മ്യൂണിറ്റി, ഇന്ത്യൻ സൊസൈറ്റി ഓഫ് നാനോ സയൻസ് മുതലായ സംഘടനകളുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്ത വിവരം 8-3-2013-ലെ എൽ.എഫ്./കെ. എൻ.ആർ.യു. 5/170/2013-ാം നമ്പർ കത്തു പ്രകാരം കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാറെ അറിയിച്ചുവെങ്കിലും മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

148. 2009,2010 വർഷങ്ങളിലായി അറ്റ്മോസ്ഫറിക് സയൻസ്, നാനോ സയൻസ് പഠന വകുപ്പുകൾ ആരംഭിച്ചുവെങ്കിലും കരാറടിസ്ഥാനത്തിൽ രണ്ട് അദ്ധ്യാപകരെയായിരുന്നു ഓരോ വകുപ്പിലും നിയോഗിച്ചിരുന്നതെന്നും കുറഞ്ഞ നാളത്തെ സേവനത്തിനുശേഷം അവർ തിരികെപ്പോകുകയും പിന്നീട് വിദ്യാർത്ഥികളും അദ്ധ്യാപകരുമില്ലാത്ത സ്ഥിതി യുണ്ടാവുകയും ചെയ്യുതിനാലാണ് സ്ഥാപനം നിർത്തലാക്കിയതെന്നും അതിനുശേഷം ഐ.എസ്.ആർ.ഒ.-യുടെ നിർദ്ദേശപ്രകാരം അറ്റ്മോസ്ഫറിക് സയൻസ് പഠന വകുപ്പ് കാലിക്കട്ട് എൻ.ഐ.റ്റി.യിലേക്ക് മാറ്റുകയാണുണ്ടായതെന്നും 2020-ൽ അറ്റ്മോസ്ഫറിക് സയൻസും നാനോ സയൻസും വീണ്ടും ആരംഭിക്കുന്നതിന് സർക്കാരിനോട് അനുമതി ചോദിച്ചെങ്കിലും നാനോ സയൻസ് വകുപ്പിന് മാത്രമാണ് അനുമതി ലഭിച്ചതെന്നും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ അറ്റ്മോസ്ഫോറിക് സയൻസ് വകുപ്പ് പ്രവർത്തിക്കുന്നില്ലെന്നും കണ്ണൂർ സർവ്വകലാശാല ഫിനാൻസ് ഓഫീസർ (ഇൻചാർജ്) അറിയിച്ചു.

149. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

150. കണ്ണൂർ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2024 ജൂൺ 27.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.